VOL NO: 05 | ISSUE 03
www.nerpatham.com
mail@nerpatham.com

2021 JANUARY 16 | ₹12

# നേർപഥം
## വാരിക

# ജിയോളജി വിശുദ്ധ ക്വുർആനിൽ

സൂക്ഷ്മ പ്രപഞ്ചത്തെപ്പോലെത്തന്നെ സ്ഥൂലപ്രപഞ്ചത്തെ കുറിച്ചുമുള്ള ക്വുർആനിക പരാമർശങ്ങൾ ഏറെ വിസ്മയപ്പെടുത്തുന്നതാണ്. തെളിയിക്കപ്പെട്ട ഒരു ശാസ്ത്രസത്യത്തിനോടു പോലും ക്വുർആനിക വചനങ്ങൾ എതിരു നിൽക്കുന്നില്ല എന്നത് തന്നെയാണ് അതിലെ ഏറ്റവും വലിയ അത്ഭുതം!

- **വീണ്ടുവിചാരത്തിന്റെ വാതിൽതുറന്ന സംവാദം**

**പ്രതികരണത്തിലെ ഇസ്‌ലാമികത**

**ആരോപണങ്ങളിൽ അഭിരമിക്കുന്നവർ**

**ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം**

# മാനസിക
# സമ്മർദങ്ങൾക്ക്
# സ്നേഹ സാന്ത്വനം

WISDOM YOUTH

WISDOM HEALTHCARE

wisdomyouth

---

WISDOM

# alive

## COUNSELLING DESK

**കൊറന്റൈൻ ചെയ്യപ്പെട്ടവർക്ക് സമാശ്വാസം**

- മാനസിക ശാരീരിക പ്രതിസന്ധികൾക്ക് പരിഹാരം
- വിളിക്കേണ്ട സമയം : 9 AM to 5 PM
- വിദഗ്ദ്ധ ഡോക്ടർമാർ, മാനസികരോഗ വിദഗ്ദ്ധർ, ഫാമിലി കൗൺസിലർമാർ, പണ്ഡിതൻമാർ തുടങ്ങിയവരുടെ സേവനം.

TRIVANDRUM: +919961607451, +919747393614, +91 9526524467, +91 9846111569, +919846111569
KOLLAM: +919847115662, +919496328778, +91 9846843174, +91 79077 76442, +91 94474 37338, +91 9947802460, +91 9961493999
ALAPPUZHA: +919996310518, +918943464478, +91 7593944659, +91 95394 22947
IDUKKI: +919946545193, +9199950 25976, +9197462 36553, +9190376 40858
ERNAKULAM: +917902470463, +91082898 80889, +9195445 00993, +9198460 45037, +9199463 48085, +9195441 36813, +9198462 54531
THRISSUR: +919446737160, +919961037934, +919946222282, +917510580834, +9198958130490, +916282230820
PALAKKAD: +919847939173, +919656118833, +919447623139, +919995222000, +919847748685, +919495467259
MALAPPURAM WEST: +919895953579, +919037159419, +917012095123, +919744229447, +919656533301
MALAPPURAM NORTH: +919946199288, +91 90379 29121, +919495889689, +916282276726, +917012803394, +919947298978
MALAPPURAM EAST: +919447749005, +91 9747600123, +91 9995662305, +91 9446993783, +919446243017, +919544712061
KOZHIKODE NORTH: +919895626691, +919961037934, +919567858078, +919847536497, +919995222000, +919400875558, +919447543832
KOZHIKODE SOUTH: +919895356111, +918547853036, +91 9447753369, +919895311428, +919746560146
WAYANAD: +91 94469 90991, +91 99612 84586, +91 97448 80711, +91 99612 15816, +91 96569 85505
KANNUR: +91 95676 21604, +91 98473 85524, +91 99951 81788, +919567678026, +968 9187 2007, +91 94474 11307, +919746559284
KASARAGOD: +919526749667, +919656322000, +919745438099, +918075011566, +917012577245

Wisdom Islamic Youth Organization, CV Complex, PV Swami Road - Calicut

0209

# നേർപഥം

വാരിക

2021 ജനുവരി 16

1442 ജുമാദൽ ആഖിറ 03

പുസ്തകം 05 /ലക്കം 03

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo



Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly








05
**മുഖമൊഴി**
പ്രതികരണത്തിലെ ഇസ്‌ലാമികത
എഡിറ്റർ

**ജിയോളജി വിശുദ്ധ ക്വുർആനിൽ** 10

06
**ലേഖനം**
വീണ്ടുവിചാരത്തിന്റെ വാതിൽതുറന്ന സംവാദം
ടി.കെ.അശ്‌റഫ്

08
**ക്വുർആൻ ദർശനം**
സൂറഃ ക്വദ് സമിഅല്ലാഹു
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

17
**ഹദീസ് പാഠം**
പ്രാർഥന സ്വീകരിക്കപ്പെടുവാൻ...
ഉസ്മാൻ പാലക്കാഴി

18
**ലേഖനം**
ആരോപണങ്ങളിൽ അഭിരമിക്കുന്നവർ
മൂസ സ്വലാഹി, കാര

22
**ചരിത്രപഥം**
സുസമ്മതനായ മധ്യസ്ഥൻ
ഹുസൈൻ സലഫി, ഷാർജ

26
**ലേഖനം**
ജമാഅത്തെഇസ്‌ലാമി: പേജിലും വെള്ളിത്തിരയിലും രാഷ്ട്രീയത്തിലും നൽകുന്ന സന്ദേശം
യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

31
**അനുഭവം**
ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം
പി.എൻ സോമൻ

34
**ജാലകം**
നീതിയുടെ പക്ഷം
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

ചലനങ്ങൾ

### 1921ലെ മലബാർ സമരം:
# അധിനിവേശത്തിനെതിരെയുള്ള അതിജീവനത്തിന്റ പോരാട്ടം: വിസ്ഡം യൂത്ത്

മലപ്പുറം: 1921ലെ മലബാർ സമരം ബ്രിട്ടീഷ് അധിനിവേശത്തിനെതിരെയുള്ള ദേശാഭിമാനികളുടെ അതിജീവനത്തിന്റെ പോരാട്ടമായിരുന്നെന്ന് വിസ്ഡം യൂത്ത് സംസ്ഥാന സമിതി '1921, പോരാട്ടവും നവോത്ഥാനവും' എന്ന വിഷയത്തിൽ സംഘടിപ്പിച്ച 'ആർക്കൈവ്സ് ഡോക്യുഫിക്ഷൻ ചാപ്റ്റർ: ഒന്ന്, ചരിത്ര സംഗമം' അഭിപ്രായപ്പെട്ടു. മലബാറിലെ സ്വാതന്ത്ര്യസമര പോരാട്ടത്തെ ലഹളയായും കലാപമായും ചിത്രീകരിക്കൽ കൊളോണിയൽ ശക്തികളുടെ താൽപര്യമായിരുന്നു. അത്തരം ആരോപണങ്ങൾ ഏറ്റുപിടിക്കുന്നത് ചരിത്രത്തോട് ചെയ്യുന്ന അനീതിയും സ്വാതന്ത്ര്യസമര വിരുദ്ധ വികാരവുമാണ്. മാനവ സാഹോദര്യത്തിന്റ ഉദാത്തമാതൃക വരച്ചുകാണിക്കുന്ന മലബാർസമരത്തെ വർഗീയ ലഹളയായി ചിത്രീകരിക്കുന്നവർ അധിനിവേശ ശക്തികളെ ന്യായീകരിക്കുന്നവരും ദേശാഭിമാനികളെ ഒറ്റിക്കൊടുക്കുന്നവരുമാണ്. രാജ്യത്തിന്റ സുരക്ഷയ്ക്കും വിമോചനത്തിനും പുരോഗതിക്കുമായി ജീവത്യാഗം ചെയ്ത ഒരു സമൂഹത്തിന്റെ അർപ്പണബോധമാണ് മലബാർ സമരത്തിലൂടെ പ്രകടമാകുന്നത്; സംഗമം അഭിപ്രായപ്പെട്ടു.

'നിർഭയ ജീവിതം, സുരക്ഷിത സമൂഹം' എന്ന തലക്കെട്ടിൽ ഏപ്രിൽ ഒന്ന്, രണ്ട്, മൂന്ന്, നാല് തീയതികളിൽ നടക്കുന്ന വിസ്ഡം ഓൺലൈൻ സമ്മേളന പ്രചാരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ആർക്കൈവ്സ് ഡോക്യുഫിക്ഷേഷനിൽ വിസ്ഡം സംസ്ഥാന വൈസ് പ്രസിഡന്റ് സി. കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, വിസ്ഡം യൂത്ത് സംസ്ഥാന ജനറൽ സെക്രട്ടറി താജുദ്ധീൻ സ്വലാഹി, ചരിത്രകാരനും കാലിക്കറ്റ് യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലറുമായ കെ.കെ.എൻ കുറുപ്പ്, എഴുത്തുകാരനായ, സുഫ്യാൻ അബ്ദുസ്സലാം, കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ചരിത്ര വിഭാഗം പ്രൊഫസർ ഡോ.പി ശിവദാസൻ എന്നിവർ പ്രബന്ധങ്ങളവതരിപ്പിച്ചു.

### സ്വാശ്രയബിൽ ആരോഗ്യ സർവകലാശാലയ്ക്കും ബാധകമാക്കണം: എഞ്ചിനിയേഴ്സ് കോൺഫറൻസ്

മലപ്പുറം: സ്വാശ്രയ കോളേജ് ജീവനക്കാരുടെ നിയമനവും സേവന, വേതന വ്യവസ്ഥകളും നിയമപരിധിയിൽ കൊണ്ടുവരുന്ന സ്വാശ്രയ ബില്ല് ആരോഗ്യ സർവകലാശാലയ്ക്കും ബാധകമാക്കണമെന്ന് വിസ്ഡം യൂത്ത് സംസ്ഥാന സമിതി സംഘടിപ്പിച്ച എഞ്ചിനിയേഴ്സ് കോൺഫറൻസ് ആവശ്യപ്പെട്ടു. സ്വാശ്രയ ബില്ലിലെ കരട് വ്യവസ്ഥകൾ ഉയർന്ന വിദ്യാഭ്യാസ സംരംഭങ്ങൾ ചൂഷണമുക്തമാക്കാൻ സഹായകമാകുമെന്ന് കോൺഫറൻസ് നിരീക്ഷിച്ചു. ഒഴിവു ദിനങ്ങളിൽ വേതനം നൽകാതെ ജീവനക്കാരെ പ്രയാസപ്പെടുത്തുന്ന സ്ഥാപനങ്ങൾ അധികമാണിന്ന്. അതിനാൽ കൂടുതൽ ചൂഷണങ്ങൾ അരങ്ങ് വാഴുന്ന ആരോഗ്യ സ്വാശ്രയ വിദ്യഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളും വ്യവസ്ഥകളും നിയമവിധേയമാകണം. അതിനായി ബില്ലിലെ കരടിൽ ആരോഗ്യമേഖലയെയും ഉൾപ്പെടുത്തണം- കോൺഫറൻസ് ആവശ്യപ്പെട്ടു.

'നിർഭയ ജീവിതം, സുരക്ഷിത സമൂഹം' എന്ന വിഷയത്തിൽ ഏപ്രിൽ ആദ്യവാരത്തിൽ നടക്കാനിരിക്കുന്ന വിസ്ഡം ഓൺലൈൻ സമ്മേളന ഭാഗമായി സംഘടിപ്പിച്ച് എഞ്ചിനിയേഴ്സ് കോൺഫറൻസ് ഇ ടി. മുഹമ്മദ് ബഷീർ എം.പി ഉദ്ഘാടനം ചെയ്തു.

വിസ്ഡം യൂത്ത് സെക്രട്ടറിയേറ്റ് അംഗം ഡോ.പി.പി നസീഫ് അധ്യക്ഷനായി. വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, സെക്രട്ടറി പ്രൊഫ. ഹാരിസ്ബിൻ സലീം, വിസ്ഡം യൂത്ത് പ്രസിഡന്റ് കെ.സി ഹാരിസ് മദനി കായക്കൊടി, ജനറൽ സെക്രട്ടറി കെ.താജുദ്ദീൻ സ്വലാഹി, ജംഷീർ സ്വലാഹി, എഞ്ചിനിയർ മിറാഷ് മുഹമ്മദ്, ഇർഷാദ് പറളി, ഹാഫിള് ഹിഷാം എന്നിവർ പ്രസംഗിച്ചു.

മുഖമൊഴി

# പ്രതികരണത്തിലെ ഇസ്‌ലാമികത

പ്രതികരണശേഷി പ്രകടിപ്പിക്കുക എന്നത് ചലനാത്മക സമൂഹത്തിന്റെ അടയാളമാണ്. തങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കാത്തപക്ഷം നിലനിൽപ്പുതന്നെ ചോദ്യം ചെയ്യപ്പെടുന്നതാണ്. പൗരത്വ നിയമ ഭേദഗതി ബില്ലിനെതിരെ ആളിക്കത്തിയ ജനരോഷവും കേന്ദ്ര സർക്കാരിന്റെ പുതിയ കാർഷിക നിയമത്തിനെതിരെ കർഷകർ നടത്തിക്കൊണ്ടിരിക്കുന്ന സമാനതകളില്ലാത്ത സമരപോരാട്ടവും മാന്യമായ പ്രതിഷേധവും പ്രതികരണവുമാണ്. ഓരോ വ്യക്തിയും ഇതൊന്നും എന്നെ ബാധിക്കുന്ന പ്രശ്നമല്ല എന്നു കരുതി ഒരു സാമൂഹ്യ പ്രശ്നത്തെ അവഗണിച്ചാൽ അത് വലിയ ആപത്തായിരിക്കും വരുത്തിവയ്ക്കുക.

പ്രതികരിക്കേണ്ട വിഷയത്തിൽ പക്വതയോടെ പ്രതികരിക്കുക, പ്രതികരണം ആവശ്യമില്ലാത്ത വിഷയങ്ങളിൽ പ്രതികരിക്കാതിരിക്കുക എന്നത് വ്യക്തികളും സംഘടനകളും ശ്രദ്ധിക്കേണ്ടതാണ്. മുസ്‌ലിം സംഘടനകളും വ്യക്തികളും ഇക്കാര്യത്തിൽ ഏറെ ജാഗ്രത കാണിക്കേണ്ട കാലഘട്ടമാണിത്. സോഷ്യൽമീഡിയ എന്ന ആയുധം ഏതുതരം പ്രതികരണത്തെയും നിമിഷങ്ങൾക്കുള്ളിൽ ലോകത്താകമാനം എത്തിക്കുന്ന വർത്തമാനകാലത്ത് അനാവശ്യ പ്രതികരണത്തിന്റെ പേരിൽ നടക്കുന്ന ഒട്ടേറെ അനർഥങ്ങൾ നാം കാണാതെ പോകരുത്. പിന്നീട് തിരുത്തിപ്പറഞ്ഞാലും ആദ്യം പറഞ്ഞതിന്റെ പുകപടലങ്ങൾ പെട്ടെന്നൊന്നും അടങ്ങുകയില്ല.

അനാവശ്യ വിഷയങ്ങളിൽപോലും സമുദായ നേതൃത്വത്തെക്കൊണ്ട് പ്രതികരിപ്പിക്കാൻ ചില മാധ്യമങ്ങൾ തന്ത്രങ്ങൾ മെനയാറുണ്ട്. മുസ്‌ലിം നാമധാരികളും അതേസമയം ഇസ്‌ലാം വിമർശകരുമായ ആളുകളെ ഇന്റർവ്യൂ നടത്തി അവരോട് സമൂഹത്തിൽ ചർച്ചാവിഷമായി നിലനിൽക്കുന്ന, വിവാദങ്ങൾക്ക് ഇടനൽകുന്ന ഒരു കാര്യത്തിലെ ഇസ്‌ലാമിന്റെ ആധികാരിക നിലപാട് ആരായുന്ന മാധ്യമങ്ങളുണ്ട്. അവരുടെ ഉദ്ദേശ്യമെന്തായിരിക്കുമെന്ന് ഊഹിക്കാവുന്നതാണ്.


പക്വതയില്ലാതെ പ്രതികരിക്കുന്ന വ്യക്തികളുടെയും സംഘടനകളുടെയും പ്രതികരണങ്ങൾ എടുത്തുകാട്ടി മുസ്‌ലിംകൾ അസഹിഷ്ണുക്കളും ചെറിയ വിമർശനം പോലും സഹിക്കാത്തവരും വർഗീയവാദികളും തീവ്രവാദികളും സ്ത്രീവിരുദ്ധരുമൊക്കെയാണെന്ന് വരുത്തിത്തീർക്കാൻ ഇടയാക്കുന്നു. മുസ്‌ലിമിന്റെ പ്രതികരണത്തിന്റെയും ലക്ഷ്യവും മാർഗവും ഇസ്‌ലാമികമായിരിക്കണം എന്ന കാര്യം മറന്നുകൂടാ.

പ്രവാചകനിന്ദയുടെ പേരിൽ കേരളത്തിൽ ഒരു അധ്യാപകന്റെ കൈവെട്ടിയ സംഭവം മുസ്‌ലിംകൾക്ക് എന്തുനേട്ടമാണ് ഉണ്ടാക്കിയിട്ടുള്ളത്? ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ പ്രവാചകനെയും പ്രവാചക പത്നിമാരെയും ക്വുർആനിനെയുമൊക്കെ അപകീർത്തിപ്പെടുത്തുന്ന പ്രവണ ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. സൽമാൻ റുഷ്ദിയും തസ്‌ലീമാനസ്‌റിനുമൊക്കെ പ്രവാചകനിന്ദയുടെ ക്ഷുദ്രകൃതികളുമായി രംഗത്തുവന്നിട്ട് പ്രവാചകന്റെ സൽപേരിന് യാതൊരു കളങ്കവുമുണ്ടാക്കിയിട്ടില്ലെന്ന് മാത്രമല്ല, കൂടുതൽ ആളുകൾ പ്രവാചകനെക്കുറിച്ച് പഠിക്കുവാനും അനുയായികളായി മാറുവാനും അവ കാരണമായി എന്നതല്ലേ വാസ്തവം? എന്നാൽ അവരുടെ തലവെട്ടണമെന്ന ഫത്‌വയുമായി ചില വികാര ജീവികൾ രംഗത്തുവന്നത് ഇസ്‌ലാമിന് ദോഷകരമായിട്ടാണ് ഭവിച്ചത്. മഹാന്മാരെ നിന്ദിക്കുന്നത് തെറ്റുതന്നെ. എഴുത്തുകാരന്റെ തലയ്ക്കു വിലപറയുന്നതും തെറ്റുതന്നെ. കലാകാരന്റെ ജീവനു ഭീഷണിയുള്ളപ്പോൾ ഞങ്ങൾ കലാകരന്റെ കൂടെത്തയാണ് എന്ന്, ക്ഷുദ്ര കൃതികളെ വിമർശിച്ച എഴുത്തുകാർ പറയുന്ന അവസ്ഥയാണുണ്ടായത്.

ചെറിയ അപാകതകൾ പോലും പെരുപ്പിച്ചുകാട്ടി സമുദായത്തിന്റെ മുഖം കറപുരണ്ടതാണെന്നു വരുത്തിത്തീർക്കാൻ മീഡിയകൾ മത്സരിക്കുമ്പോൾ സമുദായത്തിന്റെ മുഖം വൃത്തിയായി സൂക്ഷിക്കാൻ വ്യക്തികളും സംഘടനകളും ജാഗ്രത പുലർത്തേണ്ടതുണ്ട്.

ടി.കെ.അശ്‌റഫ്
tkashraf100@gmail.com

ലേഖനം



# വീണ്ടുവിചാരത്തിന്റെ വാതിൽതുറന്ന സംവാദം

**എം.**എം അക്ബറും യുക്തിവാദി നേതാവ് ഇ.എ ജബ്ബാറും തമ്മിൽ മലപ്പുറത്തുവച്ച് നടന്ന സംവാദം ഇസ്‌ലാമിനെ കാടടച്ച് വിമർശിക്കുന്നവർക്കെല്ലാം വീണ്ടുവിചാരത്തിന് ഒരു സുവർണാവസരമാണ് തുറന്നുവച്ചിരിക്കുന്നത്. ഞാൻ ഒരു എക്സ് മുസ്‌ലിമാണെന്ന് സോഷ്യൽ മീഡിയകളിൽ അഭിമാനപൂർവം പറയാറുള്ള ചില ചെറുപ്പക്കാർക്ക് ഈ സംവാദത്തിൽ ചിന്തിക്കാൻ ഏറെയുണ്ട്. സ്വന്തം കുടുംബത്തിൽ നിന്നോ മഹല്ലിൽനിന്നോ സമുദായത്തിൽനിന്നോ ഉണ്ടായ ഒറ്റപ്പെട്ട ചില തിക്താനുഭവങ്ങളുടെ പേരിലാണ് ചിലരൊക്കെ ഇസ്‌ലാം വിമർശനത്തെ ഒരു ഫാഷനായി കൊണ്ടുനടക്കാറുള്ളത്.

ഇസ്‌ലാമിന്റെ നിയമനിർദേശങ്ങൾക്കകത്തുനിന്ന് ജീവിക്കൽ തന്റെ സ്വതന്ത്ര വിഹാരത്തിന് തടസ്സമാകുമെന്ന് കണ്ട് അതിൽനിന്ന് പുറത്തുകടക്കാനായി യുക്തിവാദത്തെ ഒരു അഭയകേന്ദ്രമായി സ്വീകരിച്ചവരെയും നമുക്ക് കാണാം. ഇസ്‌ലാമിനെ കുറിച്ചുള്ള അജ്ഞത കാരണം അത് പുരോഗമനത്തിനും ശാസ്ത്രത്തിനും എതിരാണെന്ന മുൻവിധിയോടെ ബുദ്ധിജീവി ചമയുന്നവരും യുക്തിവാദത്തിലെത്തിപ്പെടുന്നവരിലുണ്ട്.

മുസ്‌ലിം പേരിൽ ഇസ്‌ലാമിനെ വിമർശിച്ച് രംഗത്തുവന്നാൽ പൊതുസമൂഹത്തിലും മാധ്യമങ്ങളിലും ചാനലുകളിലുമൊക്കെ ഇടം ലഭിക്കുന്ന ഒരവസ്ഥ ഇന്ന് നിലവിലുണ്ട്. ഇങ്ങനെ ലഭിക്കുന്ന പോപ്പുലാരിറ്റി ലക്ഷ്യം വച്ച് ഇസ്‌ലാം വിമർശനത്തെ ഒരു തൊഴിലായി കൊണ്ടുനടക്കുന്ന ചിലരും സമൂഹത്തിലുണ്ട്.

ന്യൂനപക്ഷ വിഭാഗങ്ങളിലേക്ക് കടന്നുചെല്ലാതെ അധികാരത്തിലെത്താൻ ആവില്ലെന്ന് തിരിച്ചറിഞ്ഞ ഫാസിസ്റ്റ്, നിരീശ്വരവാദ ആശയമുള്ള സംഘങ്ങൾക്ക് വേസ്റ്റ് പേപ്പർ പോലെ ഉപയോഗിക്കാൻ ചില മുസ്‌ലിം നാമധാരികളെ എക്കാലത്തും ആവശ്യമാണ്. വ്യക്തിപരമായ ചില താൽപര്യങ്ങൾ നേടിക്കൊടുക്കുകയും സാമ്പത്തിക പിന്തുണ നൽകുകയും ചെയ്താൽ സമുദായത്തിൽനിന്ന് ചിലരെ അതിനായി കിട്ടിയേക്കാം. അവരും യുക്തിവാദത്തിന്റെ കുപ്പായമിട്ടാണ് രംഗത്തുവരാൻ ശ്രമിക്കാറുള്ളത്.

എല്ലാ സ്വാർഥ താൽപര്യക്കാരുടെയും അസംതൃപ്തരുടെയും സംരക്ഷണത്തിനായി നിവർത്തിവെച്ച ഒരു കുടയായിരുന്നു ഇസ്‌ലാം വിമർശനവും യുക്തിവാദവും. ഈ കുട സംരക്ഷിക്കാനായി ഞങ്ങളാണ് ഈ നാട്ടിലെ ഏറ്റവും ബുദ്ധിയുള്ളവരും ശാസ്ത്രബോധമുള്ളവരും എന്ന അഹങ്കാരത്തിന്റെ കൊടുമുടിയിൽ കയറിനിന്ന് ക്വുർആനിനെയും മുഹമ്മദ് നബിﷺയെയും നിശിതമായി വിമർശിക്കുകയും സർവസീമകളും ലംഘിച്ചുകൊണ്ട് പരിഹസിച്ച് മുന്നേറുകയുമായിരുന്നു ഇത്രയും കാലം ഇവർ.

ക്വുർആൻസൂക്തങ്ങളും പ്രവാചകവചനങ്ങളും സന്ദർഭത്തിൽനിന്ന് അടർത്തിയെടുത്ത് ഏകപക്ഷീയമായി ഇവർ നടത്താറുള്ള എഴുത്തുകളും പ്രസംഗങ്ങളും കേട്ട് അതിലെന്തോ സത്യമുണ്ടെന്ന് തെറ്റിദ്ധരിച്ച് ലിബറൽ സംസ്‌കാരത്തിലേക്ക് കാലൂന്നാൻ കാത്തുനിൽക്കുന്ന ചില മുസ്‌ലിം ചെറുപ്പക്കാർഇവരുടെ കെണിയിൽ പെട്ടിട്ടുണ്ട്. ഇവരുടെ നേതാവായി സ്വയം വിരാജിക്കുകയായിരുന്നു ഇ.എ ജബ്ബാർ.

വൈജ്ഞാനികമായും സാംസ്‌കാരികമായും കിടയൊത്ത എതിരാളിയല്ലെന്ന തിരിച്ചറിവ് ഉള്ളതുകൊണ്ടുതന്നെ ഇവരുമായി നേർക്കുനേർ ഒരു ഏറ്റുമുട്ടൽ ആവശ്യമില്ലെന്ന നിലപാടിലായിരുന്നു ഇസ്‌ലാമിക പക്ഷത്തുള്ളവർ.

എന്നാൽ അതിനെയൊരു സൗകര്യമായിക്കണ്ട് നിർലജ്ജം വെല്ലുവിളിയുമായി സാമൂഹ്യ മാധ്യമങ്ങളിൽ ഇ.എ ജബ്ബാർ സ്വയം രാജാവായി ചമയുന്ന വേളയിലാണ് എം.എം അക്ബർ ഇങ്ങനെ ഒരു സംവാദത്തിന് തയ്യാറായത്. അതോടുകൂടി യുക്തിവാദ ക്യാമ്പിൽ സംവാദത്തിൽ നിന്ന് പിൻമാറ്റത്തിനുള്ള സൂചനയാണ് പുറത്തുവന്നു തുടങ്ങിയത്. എന്നാൽ ഈ പ്രശ്‌നം ഇനിമേൽ മുസ്‌ലിം സമുദായത്തെ വേട്ടയാടാൻ പാടില്ലെന്ന നിശ്ചയദാർഢ്യത്തോടെയാണ് അവർ തയ്യാറാക്കിയ അസ്വീകാര്യമായ പല നിബന്ധനകളെ പോലും അംഗീകരിച്ചുകൊണ്ട് സംവാദത്തിനു തയ്യാറായത്.

അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ ക്വുർആനിന്റെ അജയ്യത തെളിയിക്കാൻ ഈ സംവാദത്തിലൂടെ സാധിച്ചു. വലിയ ശാസ്ത്രബോധമുള്ളവരെന്ന് വാദിക്കുന്നവർക്ക് ഒരു പ്രസംഗം സാങ്കേതിക സൗകര്യങ്ങളുടെ പിന്തുണയോടെ സമയബന്ധിതമായി അവതരിപ്പിക്കാനുള്ള കഴിവുപോലും ഇല്ലെന്ന് തെളിയിക്കുന്നതായിരുന്നു ജബ്ബാറിന്റെ വിഷയാവതരണവും അനുബന്ധ ഇടപെടലുകളും.

ആഴക്കടലിലെ അന്ധകാരവുമായി ബന്ധപ്പെട്ട ക്വർആൻ വചനം എം.എം അക്ബർ വിശദീകരിച്ചപ്പോൾ അതിന് ആദ്യറൗണ്ടിൽ മറുപടി പറയാൻ സാധിക്കാതെ പോയ ഇ.എ ജബ്ബാറിന്റെ നിസ്സഹായത എല്ലാ യുക്തിവാദികളെയും ഒരു വീണ്ടുവിചാരത്തിന് പ്രേരിപ്പിക്കുന്നതാണ്. ബാലിശമെന്ന് പോലും പറയാൻ സാധ്യമാകാത്ത രീതിയിൽ ദുർബലമായിരുന്നു പിന്നീട് വന്ന മറുപടി. ഇത്രയും ദുർബലമായ ഒരു പ്ലാറ്റ്‌ഫോമിലാണ് തങ്ങൾ എത്തിപ്പെട്ടിരിക്കുന്നത് എന്ന കാര്യം ഒരാവേശത്തിന് യുക്തിവാദ ക്യാമ്പിൽ ചേക്കേറിയ മുസ്‌ലിം നാമധാരികൾ ഇനിയെങ്കിലും തിരിച്ചറിയേണ്ടതുണ്ട്. പരാജയം സമ്മതിക്കാനുള്ള മനസ്സില്ലാത്തതിനാൽ ശഹാദത്ത് കലിമ ചൊല്ലും എന്ന വാക്ക് ഇ.എ ജബ്ബാർ പാലിച്ചിട്ടില്ല.

യുക്തിവാദത്തിന്റെ വലയിൽ അകപ്പെട്ട് ഇസ്‌ലാമിനെ കയ്യൊഴിച്ചവർ മനസ്സിലാക്കുക; യുക്തിവാദിയുടെ കുപ്പായമിട്ട് ഇസ്‌ലാമിനെ വിമർശിച്ചു നടന്നാൽ ഒരുപക്ഷേ, മരണംവരെ കൂടെ കൊണ്ടുനടക്കാൻ ആളുകളുണ്ടാകും. എന്നാൽ മരണ ശേഷം നാം ഒറ്റക്കായിരിക്കും. നാം എത്ര നിഷേധിച്ചാലും പരലോകം സത്യമായി പുലരും. ആഴക്കടലിലെ അത്ഭുതങ്ങളെക്കുറിച്ച് ക്വുർആൻ പറഞ്ഞത് എത്ര സത്യമാണെന്ന് നാം മനസ്സിലാക്കിയോ അതിലേറെ സത്യമായി നരക സ്വർഗങ്ങൾ നേരിൽ കാണും. ആ പരലോകത്ത് രക്ഷ നേടാനുള്ള വഴിയിൽ പ്രവേശിച്ചാൽ നിങ്ങൾക്കുതന്നെയാണ് നേട്ടം.

ഇസ്‌ലാമിന്റെ പ്രാഥമിക കാര്യങ്ങൾ പോലും പഠിക്കാതെ ഇസ്‌ലാം വിമർശകരുടെ ശ്രോതാക്കളായി സമുദായത്തിലുള്ളവർ മാറിപ്പോകുന്നതിലൂടെ ഉണ്ടാകുന്ന അപകടം തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ മുസ്‌ലിം നേതൃത്വത്തിനു ബാധ്യതയുണ്ട്. രോഗം വന്നതിനു ശേഷം ചികിത്സിക്കുന്നതിനെക്കാൾ നല്ലത് രോഗം വരാതിരിക്കാനുള്ള പ്രതിരോധമാർഗം സ്വീകരിക്കലാണ്.

ഇസ്‌ലാമോഫോബിയയും ലിബറലിസവും സമം ചേർത്ത് മുസ്‌ലിം ഐഡന്റിറ്റിയെ പ്രതിക്കൂട്ടിൽ നിർത്താനുള്ള ശ്രമങ്ങളെ ചെറുക്കാൻ ദീർഘവീക്ഷണമുള്ള പദ്ധതികളും പരിശ്രമങ്ങളും അനിവാര്യമാണ്.

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 58, ഭാഗം 3

# സൂറഃ ക്വദ് സമിഅല്ലാഹു

(മദീനയിൽ അവതരിച്ചത്)

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِذَا نَـٰجَيْتُمُ ٱلرَّسُولَ فَقَدِّمُوا۟
بَيْنَ يَدَىْ نَجْوَىٰكُمْ صَدَقَةً ۚ ذَٰلِكَ خَيْرٌ لَّكُمْ
وَأَطْهَرُ ۚ فَإِن لَّمْ تَجِدُوا۟ فَإِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿١٢﴾
ءَأَشْفَقْتُمْ أَن تُقَدِّمُوا۟ بَيْنَ يَدَىْ نَجْوَىٰكُمْ صَدَقَـٰتٍ ۚ
فَإِذْ لَمْ تَفْعَلُوا۟ وَتَابَ ٱللَّهُ عَلَيْكُمْ فَأَقِيمُوا۟
ٱلصَّلَوٰةَ وَءَاتُوا۟ ٱلزَّكَوٰةَ وَأَطِيعُوا۟ ٱللَّهَ وَرَسُولَهُۥ ۚ
وَٱللَّهُ خَبِيرٌۢ بِمَا تَعْمَلُونَ ﴿١٣﴾

12. സത്യവിശ്വാസികളേ, നിങ്ങൾ റസൂലുമായി രഹസ്യസംഭാഷണം നടത്തുകയാണെങ്കിൽ നിങ്ങളുടെ രഹസ്യസംഭാഷണത്തിന്റെ മുമ്പായി ഏതെങ്കിലുമൊരു ദാനം നിങ്ങൾ അർപ്പിക്കുക. അതാണു നിങ്ങൾക്കു ഉത്തമവും കൂടുതൽ പരിശുദ്ധവുമായിട്ടുള്ളത്. ഇനി നിങ്ങൾക്ക് (ദാനം ചെയ്യാൻ) ഒന്നും കിട്ടിയില്ലെങ്കിൽ തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

13. നിങ്ങളുടെ രഹസ്യസംഭാഷണത്തിനു മുമ്പായി നിങ്ങൾ ദാനധർമ്മങ്ങൾ അർപ്പിക്കുന്നതിനെപ്പറ്റി നിങ്ങൾ ഭയപ്പെട്ടിരിക്കുകയാണോ? എന്നാൽ നിങ്ങളത് ചെയ്യാതിരിക്കുകയും അല്ലാഹു നിങ്ങളുടെ നേരെ മടങ്ങുകയും ചെയ്തിരിക്കയാൽ നിങ്ങൾ നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും അല്ലാഹുവെയും അവന്റെ റസൂലിനെയും നിങ്ങൾ അനുസരിക്കുകയും ചെയ്യുക. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു.

12). റസൂലുമായി രഹസ്യ സംഭാഷണം നടത്തുന്നതിന്റെ മുമ്പായി എന്തെങ്കിലുമൊന്ന് ദാനമായി നൽകാൻ സത്യവിശ്വാസികളോട് അല്ലാഹു കൽപിക്കുന്നു. അത് റസൂലിനോടുള്ള ബഹുമാനവും അവർ പാലിക്കേണ്ട ഒരു പാഠവും മര്യാദയുമാണ്. തീർച്ചയായും ഈ ബഹുമാനം വിശ്വാസികൾക്ക് ഗുണകരവും ഏറെ പരിശുദ്ധി നൽകുന്നതുമാണ്. അതായത് അവരുടെ നന്മയും പ്രതിഫലവും വർധിക്കാൻ അത് കാരണമാകുന്നു. മാലിന്യങ്ങളിൽനിന്ന് പരിശുദ്ധി പ്രാപിക്കാനും അതവരെ സഹായിക്കുന്നു. പ്രവാചകനുമായി പ്രയോജനകരമല്ലാത്ത രഹസ്യഭാഷണങ്ങൾ വർധിപ്പിക്കലും പ്രവാചകനെ ബഹുമാനിക്കാതിരിക്കലുമെല്ലാം ഈ മാലിന്യങ്ങളിൽപെട്ടതാണ്. രഹസ്യ സംഭാഷണത്തിനുമുമ്പ് എന്തെങ്കിലും ദാനമായി നൽകണമെന്ന് നിർദേശിച്ചാൽ നന്മയിലും വിജ്ഞാനത്തിലുമുള്ള താൽപര്യത്തിന്റെ അളവ് നിർണയിക്കാൻ ഇതൊരു മാനദണ്ഡമായിത്തീരും. അത്തരം ആളുകൾക്ക് ദാനം നൽകൽ ഒരു പ്രശ്നമാവില്ല. നന്മയിൽ താൽപര്യമില്ലാത്തവന്റെ ഉദ്ദേശ്യം സംസാരം അധികരിപ്പിക്കുക എന്നതു മാത്രമായിരിക്കും. ഇങ്ങനെ റസൂലിന്റെമേൽ ബുദ്ധിമുട്ടുണ്ടാക്കുന്നവരിൽനിന്ന് അത് തടയും. ദാനം നൽകാൻ കൈവശമുള്ളവർക്കുള്ളതാണിത്. എന്നാൽ അതില്ലാത്തവർക്ക് അല്ലാഹു പ്രയാസമുണ്ടാക്കില്ല. അവന് വിട്ടുവീഴ്ച നൽകുകയും യാതൊരു ദാനവും നൽകാതെ തന്നെ അവർക്ക് സ്വകാര്യ സംഭാഷണത്തിന് അനുമതി നൽകുകയും ചെയ്തു.

13). എല്ലാ സ്വകാര്യസംഭാഷണ വേളകളിലും ദാനം നൽകുന്നത് വിശ്വാസികൾക്ക് പ്രയാസകരമാണെന്ന് കണ്ടപ്പോൾ അല്ലാഹു അവരോട് കരുണ കാണിച്ചു. അതിലവർക്ക് ലഘൂകരണം നൽകി. സംഭാഷണത്തിനുമുമ്പ് ദാനം നൽകാതിരിക്കുന്നത് മൂലം അവർ ശിക്ഷിക്കപ്പെടുകയില്ല. എന്നാൽ ഈ നിയമം ദുർബലമായെങ്കിലും പ്രവാചകനോട് കാണിക്കേണ്ട ആദരവ് തുടരുകതന്നെ വേണം. ഇത് മറ്റുള്ളവരെ ബാധിക്കുന്ന ഒരു നിയമമാണ്. നബിയെ ബാധിക്കുന്നതല്ല. ഇതിന്റെ ഉദ്ദേശ്യം നബിയോട് കാണിക്കേണ്ട മര്യാദകളും ആദരവും നിലനിർത്തുക എന്നതു മാത്രമാണ്. ചില ലക്ഷ്യങ്ങളോടെയുള്ള ഈ നിർദേശങ്ങൾ പാലിക്കണമെന്നും അല്ലാഹു കൽപിക്കുന്നു. തുടർന്ന് അല്ലാഹു പറയുന്നു: (എന്നാൽ നിങ്ങളത് ചെയ്യാതിരിക്കുകയും) സ്വദക്വ ചെയ്യാൻ കഴിയുന്നില്ല എന്നത് നൽകാതിരിക്കാൻ മതിയായ ന്യായമല്ല. കാരണം അല്ലാഹു അടിമകളോട് കൽപിക്കുന്ന ഒരു കാര്യം അവന് ചെയ്യാൻ സൗകര്യമുള്ളതായിരിക്കണമെന്ന് നിബന്ധനയില്ല.

(അല്ലാഹു നിങ്ങളുടെ മേൽ മടങ്ങുകയും ചെയ്തിരിക്കയാൽ) അതായത് അല്ലാഹു ആ കാര്യത്തിൽ നിങ്ങൾക്ക് മാപ്പുതരികയും ചെയ്തു. (ആകയാൽ നിങ്ങൾ നമസ്കാരം മുറപോലെ നിർവഹിക്കുകയും)





അതിന്റ നിബന്ധനകളും നിർബന്ധങ്ങളും പാലിച്ചുകൊണ്ട്; അതിന്റെ എല്ലാ വിധിവിലക്കുകളും നിർദേശങ്ങളും ഉൾക്കൊണ്ടുകൊണ്ടും. (സകാത്ത് നൽകുകയും) നിർബന്ധദാനം - സമ്പത്തിൽനിന്നും അവകാശികൾക്ക് നൽകേണ്ടത്. ശരീരംകൊണ്ടും സമ്പത്ത് കൊണ്ടും ചെയ്യേണ്ട നിർബന്ധമായ രണ്ടു ആരാധനകളാണിവ. അത് ശരിയായ നിമയങ്ങൾ പാലിച്ച് ഒരാൾ നിർവഹിച്ചാൽ അവൻ സ്രഷ്ടാവിനോടും സൃഷ്ടികളോടുമുള്ള കടമ നിർവഹിച്ചിരിക്കുന്നു. അതാണ് തുടർന്ന് പറയുന്നത്.

(അല്ലാഹുവെയും അവന്റെ റസൂലിനെയും നിങ്ങൾ അനുസരിക്കുകയും ചെയ്യുക) ഇതിൽ എല്ലാ മതനിർദേശങ്ങളും ഉൾക്കൊള്ളും. അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുക എന്നത് അവരുടെ കൽപനകൾ അനുവർത്തിക്കലും വിരോധങ്ങൾ ഉപേക്ഷിക്കലുമാണ്. അവർ അറിയിച്ചതെല്ലാം സത്യപ്പെടുത്തുകയും അല്ലാഹുവിന്റെ നിയമാതിർത്തികളിൽ നിലകൊള്ളുകയും കൂടി ചെയ്യേണ്ടതുണ്ട്. അത് പ്രതിഫലാഗ്രഹത്തോടെയും നിഷ്കളങ്കമായും ആയിരിക്കണം. അതാണ് തുടർന്നു പറയുന്നത്. (നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു). അവരുടെ ഏതുവിധത്തിലുള്ള പ്രവർത്തനങ്ങളും അല്ലാഹു അറിയും. അവരുടെ മനസ്സുകൾക്കനുസരിച്ച് അതിനവൻ പ്രതിഫലം നൽകുകയും ചെയ്യും.

ഡോ. ജൗസൽ
jauzalcp@gmail.com

കവർ സ്റ്റോറി

# ജിയോളജി വിശുദ്ധ ക്വുർആനിൽ




**സൂക്ഷ്മ പ്രപഞ്ചത്തെപ്പോലെത്തന്നെ സ്ഥൂലപ്രപഞ്ചത്തെ കുറിച്ചുമുള്ള ക്വുർആനിക പരാമർശങ്ങൾ ഏറെ വിസ്മയപ്പെടുത്തുന്നതാണ്. തെളിയിക്കപ്പെട്ട ഒരു ശാസ്ത്രസത്യത്തിനോടു പോലും ക്വുർആനിക വചനങ്ങൾ എതിരു നിൽക്കുന്നില്ല എന്നത് തന്നെയാണ് അതിലെ ഏറ്റവും വലിയ അത്ഭുതം!**

### വിശാലമാക്കപ്പെട്ട ഭൂമി!

ജിയോളജിയുമായി ബന്ധപ്പെട്ട ധാരാളം പരാമർശങ്ങൾ വിശുദ്ധ ക്വുർആനിലുണ്ട്. നമുക്ക് ഓരോന്നോരോന്നായി ചർച്ച ചെയ്യാം. ഭൂമിയുടെ ആന്തരിക ഘടനയെക്കുറിച്ചുള്ള ഒരു സാമാന്യബോധം ഉണ്ടാക്കേണ്ടത് ഈ ചർച്ചകൾ മനസ്സിലാക്കുവാൻ അത്യാവശ്യമാണ്.

ഭൂമിയെ മൂന്ന് ഭാഗമായി തിരിക്കാം. ഭൂവൽക്കം (ക്രസ്റ്റ്) എന്ന് വിളിക്കുന്ന പുറംതോട്, നടുക്കുള്ള മാന്റിൽ, ഏറ്റവും അകത്തുള്ള കാമ്പ് (കോർ). ചിത്രം കാണുക:




## ഭൂവൽക്കം

ഭൂമിയെ ഒരു മുട്ടയോട് ഉപമിച്ചാൽ മുട്ടത്തോടിനോട് താരതമ്യം ചെയ്യാവുന്ന ഭാഗമാണ് ക്രസ്റ്റ് അഥവാ ഭൂവൽക്കം. ഭൂമിയുടെ വ്യാപ്തത്തിന്റെ ഒരു ശതമാനത്തിൽ താഴെ മാത്രമെ ഭൂവൽക്കം വരുന്നുള്ളൂ. ജീവജാലങ്ങളെല്ലാം ജീവിക്കുന്നത് ഈ ക്രസ്റ്റിൽ ആണ്. കരയും സമുദ്രവും പർവതങ്ങളും ഖനികളും കെട്ടിടങ്ങളും തുരങ്കങ്ങളും എല്ലാം സ്ഥിതിചെയ്യുന്നത് ഈയൊരു ഭൂവൽക്കത്തിലാണ്.

ഭൂവൽക്കം രണ്ടുതരമുണ്ട്:

1) സമുദ്രങ്ങൾക്കിടയിലുള്ള നേരിയ ഭൂവൽക്കം (oceanic crust). ഇത് 5 മുതൽ 7 കിലോമീറ്റർ വരെ കനമുള്ള നേരിയ പാളിയാണ്.

2) വൻകരകൾക്കും ദ്വീപുകൾക്കും അടിയിലുള്ള ഭൂവൽക്കം (continental crust). ഇത് 30 മുതൽ 50 കിലോമീറ്റർ വരെ കനമുള്ളതാണ്. Continental crustന് Oceanic crustനെ അപേക്ഷിച്ച് സാന്ദ്രത കുറവാണ്. അതുകൊണ്ട് oceanic crust എപ്പോഴും കരയെക്കാൾ താഴെ സ്ഥിതിചെയ്യുന്നു.

## മാന്റിൽ

ഭൂവൽക്കത്തിനും അകക്കാമ്പിനും ഇടക്കുള്ള 2900 കിലോമീറ്റർ കട്ടിയുള്ള ഭാഗമാണ് മാന്റിൽ. മാന്റിൽ ഭൂവൽക്കത്തെക്കാൾ സാന്ദ്രത കൂടിയതാണ്. മാന്റിലിന്റെ പുറംഭാഗത്തുനിന്നും അകത്തേക്ക് പോകുമ്പോൾ ചൂട് കൂടിവരും. ഉപരിഭാഗത്തുള്ള മാന്റിലിലെ പാളികൾ ഖരാവസ്ഥയിലാണ്. മുകൾ ഭാഗത്തുള്ള ഈ മാന്റിൽ lithosphere mantle എന്നറിയപ്പെടുന്നു. ലിത്തോസ്ഫിയർ മാന്റിലും ക്രസ്റ്റും കൂടിച്ചേർന്ന് ലിത്തോസ്ഫിയർ എന്നറിയപ്പെടുന്നു. മാന്റിലിന്റ താഴത്തെ ഭാഗത്തെ പാളികൾ ചൂടും മർദവും കൂടിയതും മാർദവമുള്ള കുഴമ്പു രൂപത്തിലുള്ളതുമാണ്. ഇത് asthenosphere mantle എന്നും അറിയപ്പെടുന്നു. ഭൂവൽക്കത്തെ വഹിക്കുന്ന ലിത്തോസ്ഫിയർ പാളികൾക്ക് നീങ്ങാൻ കഴിയുന്നത് മാർദവമുള്ള ഈ അസ്തിനോസ്ഫിയർ മാന്റിൽ കാരണമാണ്. ഇത്തരം നീക്കങ്ങളിലൂടെയാണ് വൻകരകൾ നാം ഇന്നു കാണുന്ന രൂപത്തിലായത്. ഭൂമിയുടെ വ്യാപ്തത്തിന്റെ 80 ശതമാനവും മാന്റിൽ ആണ്.

## കാമ്പ്

മൂവായിരം കിലോമീറ്ററോളം വ്യാസമുള്ള ഭാഗമാണ് കാമ്പ് അഥവാ കോർ. ഇതിന്റെ പുറംഭാഗം ദ്രാവകവും അകംഭാഗം ഉറച്ചതുമാണ്. കാമ്പിൽ 90 ശതമാനവും ഇരുമ്പാണ് എന്നാണ് അനുമാനം. പുറംകാമ്പ് ഉരുകിയ ഇരുമ്പിന്റെയും നിക്കലിന്റെയും മിശ്രിതമാണ്. ചലിച്ചുകൊണ്ടിരിക്കുന്ന ഈ ദ്രാവക കാമ്പാണ് ഭൂമിയുടെ കാന്തിക മണ്ഡലത്തിന്റെ കാരണം.

ലിത്തോസ്ഫിയർ, ടെക്ടോണിക് ഫലകങ്ങൾ (tectonic plates) എന്നറിയപ്പെടുന്ന വലിയ ഭൂപാളികൾ ആയാണ് സ്ഥിതിചെയ്യുന്നത്. ലിത്തോസ്ഫിയറിന് താഴെയുള്ള മാന്റിലിൽ ഉള്ള മാഗ്മ എന്ന അത്യധികം ചൂടും മർദവും ഉള്ള കുഴമ്പുരൂപത്തിലുള്ള പദാർഥത്തിന് മുകളിൽ പൊങ്ങിക്കിടക്കുന്ന രൂപത്തിലാണ് ടെക്ടോണിക് ഫലകങ്ങൾ സ്ഥിതിചെയ്യുന്നത്. അഗ്നിപർവത സ്ഫോടനം നടക്കുമ്പോൾ പുറത്തുവരുന്നത് മാന്റിലിനുള്ളിലെ ഈ മാഗ്മയാണ്. മാഗ്മ ഭൂവൽക്കത്തിന് പുറത്തെത്തുമ്പോൾ ലാവ എന്നറിയപ്പെടും.

ഭൂമിയുടെ സൃഷ്ടിപ്പിനുശേഷം ഭൂമിയിലെ കരഭാഗങ്ങൾ ഒന്നിച്ച് ഒട്ടിച്ചേർന്ന അവസ്ഥയിലായിരുന്നു; ഇന്നുള്ളപോലെ വ്യത്യസ്ത ഭൂഖണ്ഡങ്ങൾ ആയിരുന്നില്ല. എല്ലാംകൂടി ഒന്നിച്ചു ചേർന്ന വലിയ വൻകരകളായിരുന്നു ഭൂമിയുടെ തുടക്കത്തിൽ ഉണ്ടായിരുന്നത്. ഇത് പല ഘട്ടങ്ങളിലായി വ്യത്യസ്ത ഭാഗങ്ങളിലേക്ക് ആക്കിക്കൊണ്ട് വേർപിരിക്കപ്പെടുകയാണ് ഉണ്ടായിട്ടുള്ളത്.

25 കോടി വർഷങ്ങൾക്കുമുമ്പ് ഭൂമിയിൽ കരകൾ എല്ലാം കൂടി ഒറ്റ ഭൂഖണ്ഡം ആയിരുന്നു എന്നാണ് ശാസ്ത്രലോകം കരുതുന്നത്. പാൻജിയ (Pangea) എന്നാണ് ഇത് അറിയപ്പെടുന്നത്. ഈ വലിയ ഒരൊറ്റ വൻകര പരത്തപ്പെടുകയും വ്യത്യസ്ത ഭാഗങ്ങളിലേക്ക് നീക്കപ്പെടുകയും ചെയ്തിട്ടാണ് ഇന്ന് കാണുന്ന 7 വൻകരകൾ രൂപംകൊണ്ടത്. 1915ൽ ആൽഫ്രഡ് വെഗ്നർ എന്ന ശാസ്ത്രജ്ഞനാണ് ഈ കാര്യം ലോകത്ത് ആദ്യമായി അഭിപ്രായപ്പെട്ടത്. എന്നാൽ ശാസ്ത്രലോകം ഈ കാര്യങ്ങൾ അംഗീകരിച്ചത് അദ്ദേഹത്തിന്റെ മരണശേഷം വളരെ വർഷങ്ങൾ കഴിഞ്ഞ് (1950കൾക്ക് ശേഷം) മാത്രമാണ്. continental drift എന്ന കാര്യം ഇന്ന് ശാസ്ത്രലോകത്ത് അംഗീകൃതമാണ്. ഫോസിൽ തെളിവുകൾ അടക്കം ധാരാളം തെളിവുകൾ ഇതിന് ലഭ്യവുമാണ്.

ഇത്തരത്തിൽ ഒന്നായിരുന്ന കരയെ പരത്തിക്കൊണ്ട് വ്യത്യസ്ത ഭാഗങ്ങളിലാക്കി സംവിധാനിച്ചത് വിശുദ്ധ ക്വുർആൻ കൃത്യമായി പ്രസ്താവിച്ചത് നമുക്ക് കാണുവാൻ സാധിക്കും:

> **ഭൂവൽക്കത്തിന്റെ വലിയ പാളികൾ താഴെയുള്ള മാന്റിലിന് മുകളിൽ പരത്തപ്പെടുമ്പോൾ രണ്ട് പാളികൾക്കിടയിൽ ഉള്ള ഭാഗങ്ങളിലേക്ക് മാഗ്മ തള്ളിക്കയറുകയും അവിടെ ഒരു പർവതനിര രൂപംകൊള്ളുകയും ചെയ്യുന്നു. കടലിന്റെ അടിത്തട്ടിലെ ഓഷ്യാനിക് പ്ലേറ്റിലെ ഈ പർവതനിരകളുടെ മൊത്തം നീളം എൺപതിനായിരം കിലോമീറ്ററിലധികമാണ്. കരയിലും വലിയ പർവതനിരകൾ ഇതുപോലെ രൂപംകൊള്ളുന്നു. വിശുദ്ധ ക്വുർആൻ ഭൂമിയെ നീട്ടി, വികസിപ്പിച്ചു എന്നു പറഞ്ഞതിനൊപ്പംതന്നെ എടുത്തു പറഞ്ഞ കാര്യമാണ് ഉറച്ചുനിൽക്കുന്ന പർവതങ്ങൾ അതിൽ സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു എന്ന്.**

"ഭൂമിയും തന്നെ, നാം അതിനെ നീട്ടി വിശാലപ്പെടുത്തുകയും ഉറച്ചുനിൽക്കുന്ന പർവതങ്ങളെ അതിൽ സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു; കൗതുകപ്പെട്ട എല്ലാ(തരം) ഇണ വസ്തുക്കളെയും അതിൽ നാം ഉത്പാദിപ്പിക്കുകയും ചെയ്തിരിക്കുന്നു"(ക്വുർആൻ 50:9).

"ഭൂമിയെ നാം വിശാലമാക്കുകയും അതിൽ ഉറച്ചുനിൽക്കുന്ന പർവതങ്ങൾ സ്ഥാപിക്കുകയും അളവ് നിർണയിക്കപ്പെട്ട എല്ലാ വസ്തുക്കളും അതിൽ നാം മുളപ്പിക്കുകയും ചെയ്തിരിക്കുന്നു" (ക്വുർആൻ 15:19).

ഇവിടെ ക്വുർആൻ ഉപയോഗിച്ച 'മദദ' എന്ന അറബി പദത്തിന്റെ അർഥം നീട്ടി, പരത്തി, വിശാലമാക്കി എന്നൊക്കെയാണ്. ഇംഗ്ലീഷിൽ spread out, extend, expand എന്നൊക്കെ പറയാം. ഒന്നായിരുന്ന വൻകര പരത്തപ്പെടുകയും വ്യത്യസ്ത വൻകരകൾ ആക്കപ്പെടുകയും ചെയ്തത് ശാസ്ത്രലോകം ഇന്ന് അംഗീകരിക്കുന്ന വസ്തുതയാണ്.

ഇങ്ങനെ ഭൂവൽക്കത്തിന്റെ വലിയ പാളികൾ താഴെയുള്ള മാന്റിലിന് മുകളിൽ പരത്തപ്പെടുമ്പോൾ രണ്ട് പാളികൾക്കിടയിൽ ഉള്ള ഭാഗങ്ങളിലേക്ക് മാഗ്മ തള്ളിക്കയറുകയും അവിടെ ഒരു പർവതനിരതന്നെ രൂപംകൊള്ളുകയും ചെയ്യുന്നു. കടലിന്റെ അടിത്തട്ടിലെ ഓഷ്യാനിക് പ്ലേറ്റിൽ രൂപപ്പെടുന്ന ഇത്തരം വിശാലമായ പർവതനിരകൾ Undersea mountain ranges എന്ന് അറിയപ്പെടുന്നു. കടലിനടിയിലെ ഈ പർവതനിരകളുടെ മൊത്തം നീളം എൺപതിനായിരം കിലോമീറ്ററിലധികമാണ്. കരയിലും വലിയ പർവതനിരകൾ ഇതുപോലെ രൂപംകൊള്ളുന്നു. ഹിമാലയൻ പർവതനിരകളും ആൻഡീസ് പർവതനിരകളുമൊക്കെ ഇതിന് ഉദാഹരണങ്ങളാണ്.


വിശുദ്ധ ക്വുർആൻ ഭൂമിയെ നീട്ടി, വികസിപ്പിച്ചു എന്നു പറഞ്ഞതിനൊപ്പംതന്നെ എടുത്തു പറഞ്ഞ കാര്യമാണ് ഉറച്ചുനിൽക്കുന്ന പർവതങ്ങൾ അതിൽ സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു എന്ന്. എത്ര കൃത്യമായ പരാമർശങ്ങളാണ് ക്വുർആൻ നടത്തുന്നത് എന്ന് നോക്കുക!

### പർവതങ്ങൾ എന്ന ആണികൾ!

പർവതങ്ങളെ ആണികൾ അഥവാ കുറ്റികൾ ആക്കി എന്ന് ക്വുർആൻ പറഞ്ഞിട്ടുണ്ട്:

"പർവതങ്ങളെ ആണികളാക്കുകയും (ചെയ്തില്ലേ?)" (ക്വുർആൻ 78:7).

ഒരു കൂടാരം അഥവാ ടെന്റ് കെട്ടുമ്പോൾ അതിന്റെ കയറുകൾ ഉറപ്പിക്കാനായി മണ്ണിലേക്ക് അടിച്ചിറക്കുന്ന ഇരുമ്പിന്റെയോ മരത്തിന്റെയോ ഒക്കെ കുറ്റിക്ക് Tent peg എന്നു പറയും. താഴെക്കൊടുത്ത ചിത്രം കാണുക. പർവതങ്ങളെ ഇത്തരത്തിലുള്ള കുറ്റികൾ ആക്കി എന്നാണ് ക്വുർആനിലെ പരാമർശം.




നാം കാണുന്ന പർവതങ്ങൾക്ക് ഭൂമിയുടെ ഉപരിതലത്തിൽനിന്ന് മുകളിലേക്കുള്ള അതിന്റെ ഉയരത്തിന്റെ എത്രയോ മടങ്ങ് വലിപ്പമുള്ള ഭാഗം ഭൂമിക്കടിയിൽ ഉണ്ട്. Mountain roots എന്നാണ് ഇത് അറിയപ്പെടുന്നത്. ഭൂമിയുടെ ആന്തരിക ഘടനയെക്കുറിച്ചു പറഞ്ഞപ്പോൾ Asthenosphere mantleന് മുകളിൽ പൊങ്ങിക്കിടക്കുന്ന lithosphere നെക്കുറിച്ച് സൂചിപ്പിച്ചത് ഓർക്കുക. പർവതങ്ങളെ നമുക്ക് സമുദ്രത്തിൽ പൊങ്ങിക്കിടക്കുന്ന ഒരു മഞ്ഞുമലയോട് ഉപമിക്കാവുന്നതാണ്. മഞ്ഞുമലയുടെ 90 ശതമാനവും വെള്ളത്തിന് താഴെയും 10% ഉപരിതലത്തിനു മുകളിലും ആയിരിക്കും. അഥവാ ഉപരിതലത്തിൽ നാം കാണുന്നതിനെക്കാൾ പത്തിരട്ടിയാണ് യഥാർഥത്തിൽ മഞ്ഞുമലയുടെ വലിപ്പം. ഇതുപോലെ ഭൗമോപരിതലത്തിലുള്ള പർവതങ്ങളുടെ 85% ശതമാനവും ഉപരിതലത്തിന് താഴെയാണ് ഉള്ളത്. അക്ഷരാർഥത്തിൽ asthenosphereലെ മാഗ്മക്ക് മുകളിൽ പൊങ്ങിക്കിടക്കുന്ന അവസ്ഥയിലാണ് പർവതങ്ങൾ സ്ഥിതിചെയ്യുന്നത്. നാം കാണുന്ന പർവതം യഥാർഥ പർവതത്തിന്റെ ഒരു ചെറിയ ഭാഗം മാത്രമാണ് എന്നു വ്യക്തം!

ഇതിന്റെ ഫിസിക്സും കണക്കും ലളിതമായി ഇവിടെ വിശദീകരിക്കാം. സ്കൂളിൽ പഠിച്ച പാസ്കൽസ് ലോയും ആർക്കിമെഡീസ് പ്രിൻസിപ്പിളും ഒന്ന് റിഫ്രഷ് ചെയ്യണമെന്ന് മാത്രം.

Depth of a floating solid body below the surface = density of the solid Ṅ height above the surface / density of fluid - density of solid.


ഈ ഫോർമുല ഉപയോഗിച്ചുകൊണ്ട് നമുക്ക് ഏത് പർവതത്തിന്റെയും ഭൂമിക്കടിയിലേക്കുള്ള ആഴം എത്രയാണെന്ന് മനസ്സിലാക്കാവുന്നതാണ്. Continental crustന്റെ സാന്ദ്രത 2.8 grams per cubic centimeter ഉം Mantleന്റെ സാന്ദ്രത 3.3 grams per cubic centimeterഉം ആണ്. അതുകൊണ്ടുതന്നെ ഒരു പർവതത്തിന്റെ ഉയരം അറിയാമെങ്കിൽ അത് ഭൂമിക്കടിയിലേക്ക് എത്രമാത്രം ആഴത്തിലേക്ക് നീണ്ടുകിടക്കുന്നു എന്ന് എളുപ്പത്തിൽ കണക്കുകൂട്ടി എടുക്കാവുന്നതാണ്.

ഉദാഹരണം പറയാം. എവറസ്റ്റ് പർവതത്തിന് 8848 മീറ്റർ ഉയരം ഉണ്ട്. ഭൗമോപരിതലത്തിൽനിന്നും താഴോട്ടുള്ള എവറസ്റ്റിന്റെ ആഴം=8848x2.8/(3.32.8) =49548 മീറ്റർ.

അഥവാ mountain root of Everestന് 50 കിലോമീറ്ററോളം ആഴമുണ്ട്. അഥവാ എവറസ്റ്റ് പർവതത്തിന്റെ യഥാർഥ വലുപ്പത്തിന്റെ 18 ശതമാനത്തിൽ താഴെ മാത്രമെ നമ്മൾ കാണുന്നുള്ളൂ എന്നർഥം. 82 ശതമാനവും ഭൂമിക്കടിയിലാണ്.

ഇത് വായിക്കുന്നവരിൽ അധികമാളുകളും ഒരുപക്ഷേ, ഈ കാര്യങ്ങളെല്ലാം ആദ്യമായി കേൾക്കുകയായിരിക്കും. യൂണിവേഴ്സിറ്റി തലത്തിലുള്ള ജിയോളജി ക്ലാസുകളിൽ മാത്രമാണ് ഇത്തരം കാര്യങ്ങൾ പഠിപ്പിക്കപ്പെടുന്നത്. ക്വുർആനിൽ പരാമർശിച്ച പർവതങ്ങളുടെ കാര്യം മനസ്സിലാക്കാൻ തീരുമാനിച്ചപ്പോൾ ഇന്റർനെറ്റിൽ പരതിനോക്കി. അപ്പോഴാണ് അമേരിക്കയിലെ പ്രസിദ്ധമായ University of Wisconsin-Madison നടത്തുന്ന ജിയോളജി പഠന ലക്ചർ സീരീസുകൾ ഓൺലൈനിൽ ലഭ്യമാണ് എന്നു കണ്ടത്. ലിങ്ക് ഇവിടെ നൽകുന്നു. ഇതിലെ പതിനാലാമത്തെ ക്ലാസ് mountain rootsനെ കുറിച്ചാണ്. കൃത്യമായി ഇക്കാര്യങ്ങളൊക്കെ വിശദീകരിച്ചിട്ടുണ്ട്.

http://www.geoscience.wisc.edu/~chuck/Classes/Mtn_and_Plates/syll_fall.html


← Geoscience.wisc.edu •••

*Archimede's principle* follows from Pascal's law (even though the former was stated thousands of years earlier than the latter).

*ARCHIMEDE'S PRINCIPLE - "A body immersed in a fluid is buoyed up with a force equal to the weight of the displaced fluid."*

Note that *"weight"* is defined as mass * volume.

Please do not get the impression that the pressure in water is equal everywhere! Any snorkeler or diver knows that water pressure increases with depth. However, pressure remains the same if you sink to a given depth and then swim in any direction AT THAT DEPTH.

OK - let's return to the original question. For an object floating in a fluid, how much buoyant material has to float beneath the surface of a fluid in order to support the material that lies above the fluid surface? In past years, my Web notes put forward a simple mathematical solution that relies on balancing the forces (pressures) that act on the base of a floating object. I am including that solution at the end of this lecture; however, you may choose if you want to go through its details. For those of you who are interested in the answer, but not the details that yield the answer, the bottom line is as follows:

For a buoyant solid of density D1 floating in a fluid of density D2, the amount of the solid beneath the fluid surface needed to support the material floating above the surface is given by the following simple equation:

$$\text{Depth of root} = \frac{(\text{Density of solid} * \text{height above fluid surface})}{(\text{Density of fluid} - \text{density of solid})}$$

In other words, the **difference in the densities of the fluid and solid is an important factor that determines how deep a root must extend beneath the surface in order to support topography above the surface.**

Let's apply this simple relationship to determine how deeply an iceberg extends beneath water.

The respective densities of water and ice are 1.0 and 0.9 grams per cubic centimeter. Since ice is less dense that water, it floats (we all know that!). So, let's suppose that we are kayaking in Glacier Bay in Alaska and we see an iceberg sticking 1 meter above the water surface. How far down does the iceberg extend?

$$\text{Depth of root} = \frac{(0.9\ \text{gm/cc} * 1\ \text{meter})}{(1.0 - 0.9)\ \text{gm/cc}} = \frac{0.9\ \text{meters}}{0.1} = 9\ \text{meters}$$

So, if an iceberg is a total of 10 meters thick, 9 meters will lie beneath water in order to support the 1 meter that juts above the water surface. This obeys the rule of thumb that ship captains know about icebergs, namely, that about 90 per cent of the iceberg lies beneath the water out of sight. That 90 per cent is dangerous because it can puncture a ship's hull.

**Implications for mountain ranges**

Continents are buoyant crust that float on a denser mantle. We can thus use the density of continental rocks and mantle rocks to calculate how deep roots are that support mountain ranges.

- **Continental crust - 2.8 grams per cubic centimeter**
- **Mantle - 3.3 grams per cubic centimeter**
- **Inner and outer cores - 12-16 grams per cubic centimeter**

The average elevation of continental crust relative to sealevel is about 1 km. Roughly speaking, how deep must the continental root extend down into the mantle to support that elevation ?

$$\text{Depth of root} = \frac{(2.8\ \text{gm/cc} * 1\ \text{km})}{(3.3 - 2.8)\ \text{gm/cc}} = \frac{2.8\ \text{km}}{0.5} = 5.6\ \text{km}$$

How deep is the root for a mountain range with an average elevation of 15,000 feet (about 3 miles)?

$$\text{Depth of root} = \frac{(2.8\ \text{gm/cc} * 3\ \text{miles})}{(3.3 - 2.8)\ \text{gm/cc}} = \frac{8.4\ \text{miles}}{0.5} = 16.8\ \text{miles}$$

**The most important point is that mountains have buoyant roots that extend downward into the mantle beneath a mountain range, and that the roots are, in general, about 5.6 times deeper than the height of the range. This result reflects the difference between the densities of average crust and mantle.**

**III. Erosion, buoyant mountain roots, and the lifetimes of mountain ranges**

The existence of buoyant roots has important implications for the lifetime of mountain ranges. What happens when erosion removes material from the top of a mountain? With less mass above sea-level to support, the buoyant root rebounds upward an amount that is exactly proportional to the density difference between the root and the underlying mantle! Thus, in the case of an iceberg that stands 10 meters above sea level, if all 10 meters of ice melt from the top, the buoyant root pushes upwards 9 meters! The iceberg thus loses only 1

പർവതങ്ങൾക്ക് ഭൂമിക്കടിയിലേക്ക് ആഴത്തിലുള്ള ഭാഗങ്ങൾ ഉണ്ട് എന്ന കാര്യം 14 നൂറ്റാണ്ടുകൾക്ക് മുമ്പ് എങ്ങനെയാണ് മുഹമ്മദ് നബി(സ)ക്ക് അറിയാൻ കഴിയുക? ഇരുപതാം നൂറ്റാണ്ടിൽ മാത്രം കണ്ടുപിടിക്കപ്പെട്ട ഇത്തരം ശാസ്ത്രരഹസ്യങ്ങൾ ഏഴാം നൂറ്റാണ്ടിലെ ഒരാൾക്ക് സ്വമേധയാ അറിയാൻ ഒരു സാധ്യതയുമില്ല തന്നെ. വിശുദ്ധ ക്വുർആൻ ദൈവിക വചനങ്ങളാണ് എന്ന സത്യമാണ് ഇതെല്ലാം വെളിവാക്കുന്നത്.

## ഭൂവൽക്കത്തെ ഇളകാതെ നിലനിർത്തുന്ന പർവതങ്ങൾ

Lithosphere plates എന്ന വലിയ ഭൂമിപാളികൾ asthenosphereലെ മാഗ്മക്ക് മുകളിൽ പൊങ്ങിക്കിടക്കുകയാണ് എന്ന കാര്യം ഓർക്കുമല്ലോ.



വിശുദ്ധ ക്വുർആൻ പലയിടത്തും ആവർത്തിച്ചു പറഞ്ഞ ഒരു കാര്യമാണ് 'നിങ്ങളെയും കൊണ്ട് ഭൂമി ഇളകാതിരിക്കാനായി ഉറച്ചുനിൽക്കുന്ന പർവതങ്ങൾ അല്ലാഹു ഭൂമിയിൽ സ്ഥാപിച്ചിരിക്കുന്നു' എന്നത്.

"നിങ്ങൾക്ക് കാണാവുന്ന തൂണുകളൊന്നും കൂടാതെ ആകാശങ്ങളെ അവൻ സൃഷ്ടിച്ചിരിക്കുന്നു. ഭൂമി നിങ്ങളെയുംകൊണ്ട് ഇളകാതിരിക്കുവാനായി അതിൽ അവൻ ഉറച്ച പർവതങ്ങൾ സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. എല്ലാതരം ജന്തുക്കളെയും അവൻ അതിൽ പരത്തുകയും ചെയ്തിരിക്കുന്നു. ആകാശത്തുനിന്ന് നാം വെള്ളം ചൊരിയുകയും എന്നിട്ട് വിശിഷ്ടമായ എല്ലാ (സസ്യ) ജോടികളെയും നാം അതിൽ മുളപ്പിക്കുകയും ചെയ്തു" (ക്വുർആൻ 31:10).

"ഭൂമി അവരെയും കൊണ്ട് ഇളകാതിരിക്കുവാനായി അതിൽ നാം ഉറച്ചുനിൽക്കുന്ന പർവതങ്ങളുണ്ടാക്കുകയും ചെയ്തിരിക്കുന്നു. അവർ വഴികണ്ടെത്തേണ്ടതിനായി അവയിൽ (പർവതങ്ങളിൽ) നാം വിശാലമായ പാതകൾ ഏർപെടുത്തുകയും ചെയ്തിരിക്കുന്നു"(ക്വുർആൻ 21:31).

"പർവതങ്ങളെ അവൻ ഉറപ്പിച്ചു നിർത്തുകയും ചെയ്തിരിക്കുന്നു"(ക്വുർആൻ 79:32).

പർവതങ്ങൾക്ക് യഥാർഥത്തിൽ ഭൂമിയുടെ ഉപരിതലത്തിൽ നാം കാണുന്നതിന്റെ എത്രയോ ഇരട്ടി ആഴത്തിലുള്ള ഭാഗങ്ങൾ അഥവാ mountain roots ഉണ്ടെന്ന് നാം മനസ്സിലാക്കി.

"പർവതങ്ങളെ ആണികളാക്കുകയും ചെയ്തില്ലേ?" എന്ന ക്വുർആൻ പരാമർശവും (78:7) ഓർക്കുക.


അസ്തനോസ്ഫിയറിന്ന് മുകളിൽ പൊങ്ങിക്കിടക്കുന്ന ഭൂഫലകങ്ങളുടെ ബാലൻസ് isostasy എന്നാണ് ജിയോളജിയിൽ അറിയപ്പെടുന്നത്. ഭൗമോപരിതലത്തിന്റെ ഈ സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ പർവതങ്ങൾക്ക് വലിയ പങ്കുണ്ട്. ഭൂമിയുടെ ഉപരിതലത്തിൽനിന്നും ഒരുപാട് ആഴത്തിൽ മാഗ്മയിലേക്ക് ഇറങ്ങിനിൽക്കുന്ന പർവതങ്ങൾ ഉയരുകയും താഴുകയുമൊക്കെ ചെയ്തുകൊണ്ടാണ് ഭൂമിയുടെ ഈ ബാലൻസ് നിലനിർത്തുന്നത്. നമുക്ക് ആദ്യം isostasy എന്താണെന്നു നോക്കാം:

Isostasy (Greek Ṯsos "equal", stŚsis "standstill") is the state of gravitational equilibrium between Earth's crust (or lithosphere) and mantle such that the crust "floats" at an elevation that depends on its thickness and density.

'ഐസോസ്റ്റസി എന്നാൽ ഭൂമിയുടെ ഉപരിതലത്തിലുള്ള ഫലകങ്ങളും ഭൂമിയുടെ ആഴത്തിലുള്ള മാന്റിലും തമ്മിലുള്ള ഗുരുത്വാകർഷണ സന്തുലിതാവസ്ഥയാണ്. ഭൂഫലകങ്ങളുടെ കട്ടിയും സാന്ദ്രതയും അനുസരിച്ച് ഭൂവൽക്കം വ്യത്യസ്ത തരത്തിൽ മാന്റിലിന് മുകളിൽ പൊങ്ങിക്കിടക്കുന്ന അവസ്ഥയാണിത്.'

പർവതങ്ങൾക്ക് താഴെയുള്ള ഭാഗത്താണ് ലിത്തോസ്ഫിയർ ഏറ്റവും ആഴത്തിൽ മാന്റിലിലേക്ക് ഇറങ്ങി നിൽക്കുന്നത്. മണ്ണ് അടിഞ്ഞുകൂടി ഭൂവൽക്കത്തിന് ഭാരം വർധിക്കുകയാണെങ്കിൽ (deposition) അതിനനുസരിച്ച് പർവതവേരുകൾ mountain roots മാഗ്മയിലേക്ക് കൂടുതൽ താഴുകയും (subsidence) അതുപോലെ മണ്ണൊലിപ്പുമൂലം പർവതങ്ങളുടെ ഭാരം നഷ്ടപ്പെടുകയാണെങ്കിൽ (erosion) പർവതവേരുകൾ മുകളിലേക്ക് പൊങ്ങുകയും (uplift) ഭൂവൽക്കത്തിന്റെ ബാലൻസ് ക്രമീകരിക്കുകയും ചെയ്യും. അതിമനോഹരമായ ഒരു ബാലൻസിംഗ് സിസ്റ്റം ആണിത്!

പർവത ഭാഗങ്ങളിൽ ആഴങ്ങളിലേക്ക് ലിത്തോസ്ഫിയർ മാന്റിലിലേക്ക് ഇറങ്ങിനിൽക്കുന്നു എന്നതുകൊണ്ട് ഭൂമിയുടെ സന്തുലിതാവസ്ഥയിൽ ഏറ്റവും കൂടുതൽ പങ്കുവഹിക്കുന്നത് പർവതഭാഗങ്ങളാണ് എന്നത് താഴെ കൊടുത്ത ചിത്രങ്ങൾ ശ്രദ്ധിച്ചാൽ എളുപ്പം മനസ്സിലാക്കാം.




(a) The Himalayas are the world's highest mountain range. The crust beneath them is almost twice the normal thickness.

(c) Because of isostasy, blocks of wood floating in water sink to a depth such that the mass of the water displaced is the same as the mass of the block.

(b) Collision thickens the crust. Mountains form where the low-density crust is thicker.

ഭൂമിയുടെ ഈയൊരു ബാലൻസ് എങ്ങനെ നടക്കുന്നു എന്ന് മനസ്സിലാക്കാൻ ഉതകുന്ന ചില വീഡിയോ ലിങ്കുകൾ ഇവിടെ കൊടുക്കുന്നു.

https://youtu.be/h26WaC7jdxw

https://youtu.be/_eDYKA49uHU

കൂടുതൽ വിവരങ്ങൾ വായിക്കാൻ താൽപര്യമുള്ളവർ ഈ ലിങ്കുകൾ ഉപയോഗപ്പെടുത്തുക:

http://www.geologyin.com/2015/01/isostasy.html?m=1

ലിത്തോസ്ഫിയർ ടെക്റ്റോണിക് പ്ലേറ്റുകൾ ചലിച്ചുകൊണ്ടിരിക്കുന്നു എന്നറിയാമല്ലോ. ഇവ കൂട്ടിമുട്ടുമ്പോൾ വലിയതോതിലുള്ള പ്രകമ്പനമാണ് ഭൂമിക്കുള്ളിൽ ഉണ്ടാകുന്നത്. ആഴത്തിലുള്ള പർവതവേരുകൾ ഈ പ്രകമ്പനത്തെ ആഗിരണം ചെയ്യുന്നതുകൊണ്ടാണ് ഈ പ്രകമ്പനങ്ങൾ ഭൗമോപരിതലത്തിൽ വലുതായി അനുഭവപ്പെടാത്തത്. പർവത വേരുകൾ mountain roots എന്ന കുഷ്യനുകൾ മികച്ച ഷോക്ക് അബ്സോർബർ ആയി പ്രവർത്തിക്കുന്നു എന്ന് പറയാം. ഇത് എളുപ്പം മനസ്സിലാക്കാനായി ഒരു ഉദാഹരണം പറയാം. കടലിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ചെറിയ തോണിയോ ചെറുബോട്ടോ ഒക്കെ തിരമാലകളിൽ ആടിയുലയും. എന്നാൽ പടുകൂറ്റൻ കപ്പലുകളിൽ ആണെങ്കിൽ ഉള്ളിലെ ആളുകൾക്ക് അനുഭവപ്പെടുന്ന ആട്ടം വളരെക്കുറവായിരിക്കും. വെള്ളത്തിലൂടെ ഒഴുകിനടക്കുന്ന ഒരു വലിയ മഞ്ഞുമലയാണെങ്കിൽ അതിനു മുകളിൽ നിൽക്കുന്ന ആൾക്ക് അനുഭവപ്പെടുന്ന ഇളക്കം കപ്പലിലുള്ള ആൾ അനുഭവിക്കുന്നതിലും വളരെ കുറവായിരിക്കും. വെള്ളത്തിനടിയിലേക്ക് എത്രമാത്രം മാത്രം ഭാഗങ്ങൾ സ്ഥിതി ചെയ്യുന്നു എന്നതിന് അനുസരിച്ചായിരിക്കും മുകളിൽ അനുഭവപ്പെടുന്ന ഇളക്കത്തിന്റെ തോത്. തോണിയുടെ ഒരു ചെറിയ ഭാഗം മാത്രമെ ജലോപരിതലത്തിന് താഴേക്ക് ഉള്ളൂ. മുഴുവൻ ലോഡ് ഉള്ള ഒരു കപ്പലിന്റെ 40% ഉപരിതലത്തിനു താഴെയായിരിക്കും. മഞ്ഞുമലയുടെ 90 ശതമാനവും വെള്ളത്തിനടിയിൽ ആയിരിക്കും.

ലിത്തോസ്ഫിയർ ഫലകങ്ങൾ തമ്മിൽ വേർപിരിയുന്നതോ കൂട്ടിയിടിക്കുന്നതോ ആയ മേഖലകളിലാണ് ഏറ്റവും കൂടുതൽ പർവതനിരകൾ ഉള്ളത് എന്ന് കാണാൻ കഴിയും. ഭൗമശിലാഫലകങ്ങളുടെ ചലനം മൂലമുണ്ടാകുന്ന പ്രകമ്പനങ്ങൾ ഉപരിതലത്തിൽ വലുതായി അനുഭവപ്പെടാത്ത രീതിയിൽ പർവത വേരുകൾ ഇത് ആഗിരണം ചെയ്യുന്നു. പർവതങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ഈ പ്രകമ്പനങ്ങൾ ഭൂമിയുടെ ഉപരിതലത്തിൽ വലിയതോതിലുള്ള ഭൂമികുലുക്കം ആയി അനുഭവപ്പെടമായിരുന്നു. വലിയ നാശനഷ്ടങ്ങൾ ഉണ്ടാകുമായിരുന്നു.

2015 ൽ നേപ്പാളിൽ ഉണ്ടായ വലിയ ഭൂകമ്പം വായനക്കാർക്ക് ഓർമയുണ്ടാകുമല്ലോ. ഭൂകമ്പ സമയത്ത് നേപ്പാൾ അതിർത്തിയിൽ ഉണ്ടായിരുന്ന ഞാൻ അന്നത്തെ ഭൂമികുലുക്കം നേ

രിൽ അനുഭവിച്ചതാണ്. കാഠ്മണ്ഡുവിൽ അന്ന് മരണപ്പെട്ടത് ഏകദേശം 9000 ആളുകളാണ്. റിക്ടർ സ്കെയിലിൽ 7.8നും 8.1നും ഇടയിൽ രേഖപ്പെടുത്തിയ അതിശക്തമായ ഭൂകമ്പമാണ് അന്നുണ്ടായത്. സാധാരണഗതിയിൽ ഇത്ര വലിയ ഭൂകമ്പം സംഭവിച്ചാൽ ഒരു ലക്ഷത്തിലധികം ആളുകളെങ്കിലും മരണപ്പെടുമായിരുന്നു എന്നാണ് കരുതപ്പെടുന്നത്. എന്തുകൊണ്ടാണ് മരണസംഖ്യ ഇത്രയും കുറഞ്ഞത് എന്നതിനെക്കുറിച്ച് ഗവേഷണം നടത്തിയ ഭൗമശാസ്ത്രജ്ഞർ ശാസ്ത്രീയ പരീക്ഷണങ്ങളിലൂടെയും കമ്പ്യൂട്ടർ സിമുലേഷൻ വഴികളിലൂടെയും എത്തിയ നിഗമനം നേപ്പാളിലുള്ള പർവതനിരകൾ ഭൂകമ്പ ഊർജത്തെ വലിയതോതിൽ ആഗിരണം ചെയ്യുകയും അത് ഭൗമോപരിതലത്തിൽ എത്താതെ സംരക്ഷിക്കുകയും ചെയ്തു എന്നാണ്. പർവതങ്ങൾ ഇല്ലായിരുന്നു എങ്കിൽ വളരെ വലിയ തോതിൽ നാശനഷ്ടങ്ങൾ ഉണ്ടാവുകയും മരണസംഖ്യ ഒരു ലക്ഷത്തിനു മുകളിൽ ആവുകയും ചെയ്യുമായിരുന്നു എന്നായിരുന്നു ഇവരുടെ കണ്ടെത്തൽ. ഏകദേശം അഞ്ചുവർഷം നീണ്ട പഠനങ്ങളുടെ ഫലമായ അത്ഭുതകരമായ കണ്ടെത്തലുകൾ 2020 ജനുവരിയിൽ പബ്ലിഷ് ചെയ്തു.

https://phys.org/news/2020-01-mountains-impact-earthquakes.html


റിസർച്ച് പേപ്പർ വായിക്കാൻ താൽപര്യമുള്ളവർക്ക് അതിന്റെ ലിങ്ക് നൽകുന്നു:

https://www.mdpi.com/1424-8220/20/3/678

കരയിലെ പർവതനിരകൾ മാത്രമല്ല കടലിലെ പർവതനിരകളും ടെക്റ്റോണിക് പ്ലേറ്റുകളുടെ കൂട്ടിയിടി മൂലമുണ്ടാകുന്ന ഭൂകമ്പം ഭൗമോപരിതലത്തിൽ അനുഭവപ്പെടാത്ത രീതിയിൽ ഭൂമിയെ സംരക്ഷിക്കുന്നു എന്ന് ഏറ്റവും ആധുനിക പഠനങ്ങൾ തെളിയിക്കുന്നു. 2020 മാർച്ചിൽ Nature Geoscience പ്രസിദ്ധീകരിച്ച റിസർച്ച് പേപ്പർ ഇക്കാര്യങ്ങൾ അടിവരയിട്ടു സ്ഥാപിക്കുന്നു. ആധുനികമായ ധാരാളം കമ്പ്യൂട്ടർ സിമുലേഷനുകൾ ഉപയോഗിച്ച് അമേരിക്ക, കാനഡ, ന്യൂസിലൻഡ് തുടങ്ങിയ രാജ്യങ്ങളിലെ ധാരാളം ഭൗമശാസ്ത്രജ്ഞർ വർഷങ്ങളോളം ഗവേഷണം നടത്തിയാണ് ഇക്കാര്യങ്ങൾ കണ്ടെത്തിയത്. വാർത്ത വായിക്കാം:

https://www.sciencedaily.com/releases/2020/03/200302113353.htm

കരയിലും കടലിലും ആയി ഒരുലക്ഷത്തിലധികം കിലോമീറ്ററുകൾ ദൈർഘ്യമുണ്ട് ഭൂമിയിലെ പർവതനിരകൾക്ക്. ഭൂവൽക്കത്തിന്റെ isostasy അഥവാ സന്തുലനാവസ്ഥ നിലനിർത്തുന്നത് ഈ പർവതനിരകൾ ആണ്. പർവതനിരകൾ ഇല്ലായിരുന്നുവെങ്കിൽ ഭൂവൽക്കം ചായുകയും ചരിയുകയും ചെയ്യുമായിരുന്നു. ഭൂമിയുടെ ബാലൻസ് നിലനിർത്തുന്നതിൽ പർവതങ്ങൾ വലിയ പങ്കുവഹിക്കുന്നുണ്ടെന്നും ഭൂമിക്കടിയിലേക്ക് ആഴത്തിൽ ഇറങ്ങി നിൽക്കുന്ന വേരുകളുള്ള പർവതങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ലിത്തോസ്ഫിയർ പ്ലേറ്റുകളുടെ കൂട്ടിയിടി മൂലമുണ്ടാകുന്ന പ്രകമ്പനങ്ങൾ ഭൗമ ഉപരിതലത്തിൽ അനുഭവപ്പെടുകയും വൻതോതിൽ ഭൂകമ്പങ്ങളും നാശനഷ്ടങ്ങളും ഉണ്ടാവുകയും ചെയ്യുമായിരുന്നു എന്ന അറിവ് സാധാരണഗതിയിൽ ജിയോളജി അറിവുള്ള ആളുകൾക്ക് മാത്രമെ ഉണ്ടാവുകയുള്ളൂ. പല കാര്യങ്ങളും വളരെ ആധുനികമായ കണ്ടെത്തലുകളാണ് താനും. എങ്ങനെയാണ് 14 നൂറ്റാണ്ടുകൾക്ക് മുമ്പ് ഇക്കാര്യങ്ങൾ ക്വുർആനിൽ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ടാവുക? വിശുദ്ധ ക്വുർആൻ മനുഷ്യ വചനങ്ങളല്ല, ദൈവിക വചനങ്ങളാണ് എന്ന സത്യം മാത്രമാണ് ഇതെല്ലാം വ്യക്തമാക്കുന്നത്.


Mdpi.com

MDPI

Open Access Article

**The Influence of Surface Topography on the Weak Ground Shaking in Kathmandu Valley during the 2015 Gorkha Earthquake, Nepal**

by Mark van der Meijde [1,*], Md Ashrafuzzaman [1,2], Norman Kerle [1], Saad Khan [1,3] and Harald van der Werff [1]

1 Department of Earth Systems Analysis, Faculty of Geo-Information Science and Earth Observation (ITC), University of Twente, 7500 AE Enschede, The Netherlands

2 Roads and Highways Department, Government of the People's Republic of Bangladesh, Sarak Bhaban, Tejgaon, Dhaka 1208, Bangladesh

3 Department of Geology, Bacha Khan University Charsadda, Charsadda 24420, Pakistan

* Author to whom correspondence should be addressed.

*Sensors* **2020**, *20*(3), 678;
https://doi.org/10.3390/s20030678

**Received: 18 October 2019 / Revised: 16 January 2020 / Accepted: 18 January 2020 / Published: 26 January 2020**

(This article belongs to the Special Issue Space and Airborne Remote Sensing for Geo-Hazards, Tectonics, and Earth Structure and Composition)

Top

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

ഹദീസ് പാഠം

# പ്രാർഥന സ്വീകരിക്കപ്പെടുവാൻ...

*അബൂഹുറയ്‌റയിൽ നിന്ന് നിവേദനം; നബിﷺ പറഞ്ഞു: "നിശ്ചയമായും അല്ലാഹു പരിശുദ്ധനാകുന്നു. വിശുദ്ധമായതല്ലാതെ അവൻ സ്വീകരിക്കുകയില്ല. തീർച്ചയായും അല്ലാഹു എന്താണോ പ്രവാചകന്മാരോടു കൽപിച്ചിരുന്നത് അതാണ് വിശ്വാസികളോടും കൽപിച്ചിരിക്കുന്നത്. പ്രവാചകന്മാരോട് അവൻ കൽപിച്ചിരിക്കുന്നു: 'അല്ലയോ പ്രവാചകന്മാരേ, നിങ്ങൾ പരിശുദ്ധമായവ ആഹരിച്ചുകൊള്ളുക. സൽകർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുക.' വിശ്വാസികളോട് അവൻ പറഞ്ഞിരിക്കുന്നു: 'അല്ലയോ വിശ്വാസികളേ, നിങ്ങൾക്കു നാം നൽകിയിരിക്കുന്നതിൽനിന്ന് പരിശുദ്ധമായത് നിങ്ങൾ ആഹരിച്ചുകൊള്ളുക.' പിന്നീട് പ്രവാചകൻﷺ ഒരാളെക്കുറിച്ച് പറഞ്ഞു: 'ദീർഘ യാത്രക്കാരൻ, പൊടിപുരണ്ട, പാറിപ്പറന്ന തലമുടി, ഇരുകൈകളും ആകാശത്തേക്കുയർത്തി അയാൾ പറഞ്ഞു: 'എന്റെ നാഥാ.. എന്റെ നാഥാ...' അയാളുടെ ഭക്ഷണം നിഷിദ്ധം. വെള്ളം നിഷിദ്ധം. വസ്ത്രവും നിഷിദ്ധം. അയാൾ നിഷിദ്ധവസ്തുക്കളാൽ ഊട്ടപ്പെട്ടിരിക്കുന്നു. എങ്ങനെ അയാൾക്ക് ഉത്തരം നൽകപ്പെടും?" (മുസ്‌ലിം)*

ഇസ്‌ലാം നന്മയുടെ മതമാണ്. അതുകൊണ്ട് ഇസ്‌ലാം പറയുന്നു; നല്ലതേ പറയാവൂ. നല്ലതേ കേൾക്കാവൂ. നല്ലതേ കാണാവൂ. നല്ലതേ ചിന്തിക്കാവൂ. നല്ലതേ ഉടുക്കാവൂ. നല്ലതു മാത്രമെ ഭക്ഷിക്കാവൂ.

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾക്ക് നാം നൽകിയ വസ്തുക്കളിൽ നിന്ന് വിശിഷ്ടമായത് ഭക്ഷിച്ചുകൊള്ളുക. അല്ലാഹുവോട് നിങ്ങൾ നന്ദികാണിക്കുകയും ചെയ്യുക; അവനെ മാത്രമാണ് നിങ്ങൾ ആരാധിക്കുന്നതെങ്കിൽ" (ക്വുർആൻ 2:172).

നല്ലത് തിന്നുക, നല്ലത് കുടിക്കുക, നല്ലത് ഉടുക്കുക എന്നെല്ലാം പറയുമ്പോൾ വിലകൂടിയതും മുന്തിയതുമായവ എന്നല്ല ഉദ്ദേശിക്കുന്നത്. മറിച്ച് ശുദ്ധമായത് എന്നാണ്.

ഭക്ഷ്യവസ്തുക്കൾ അന്വേഷിക്കുവാനും ഉപയോഗിക്കുവാനും കൽപിക്കുന്ന ഇസ്‌ലാം അതിന് ചില വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ട്. അനുവദനീയമായ മാർഗത്തിലൂടെയല്ലാതെ അന്നം തേടുവാൻ ഒരു മുസ്‌ലിമിന് അവകാശമില്ല. പലിശ, കൈക്കൂലി, കൊള്ള, മോഷണം തുടങ്ങിയ മാർഗങ്ങളിലൂടെയെല്ലാം പണം സമ്പാദിക്കാൻ കഴിയും. എന്നാൽ ഇസ്‌ലാം ഈ മാർഗങ്ങളെല്ലാം നിഷിദ്ധമാക്കിയിരിക്കുന്നു. അത്തരം മാർഗങ്ങളിലൂടെ സമ്പാദിച്ചവർ തിന്നുന്നതും കുടിക്കുന്നതും ഉടുക്കുന്നതുമെല്ലാം നിഷിദ്ധമായതാണ്. അങ്ങനെയുള്ള സമ്പാദ്യംകൊണ്ട് ഉപജീവനം നടത്തുന്നവന്റെ പ്രാർഥനക്ക് അല്ലാഹു ഉത്തരം നൽകുകയില്ല എന്നാണ് നബിﷺ പഠിപ്പിക്കുന്നത്.


അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ പരസ്പരം സംതൃപ്തിയോടുകൂടി നടത്തുന്ന കച്ചവട ഇടപാടുമുഖേനയല്ലാതെ നിങ്ങളുടെ സ്വത്തുക്കൾ അന്യായമായി നിങ്ങൾ അന്യോന്യം എടുത്ത് തിന്നരുത്..." (ക്വുർആൻ 4:29).

കുറുക്കുവഴികളിലൂടെ അന്യരുടെ ധനം ചൂഷണം ചെയ്യുന്ന എല്ലാ മാർഗങ്ങളും ഇസ്‌ലാം നിരാകരിക്കുന്നു. സംതൃപ്തിയോടെ ലഭിക്കുമ്പോഴേ അന്യരുടേത് അനുവദനീയമാകൂ എന്നും ഇസ്‌ലാം അറിയിക്കുന്നു. നിഷിദ്ധമായത് സ്വയം ഭക്ഷിക്കുന്നത് മാത്രമല്ല മറ്റുള്ളവരെ ഭക്ഷിപ്പിക്കുന്നതും വിലക്കപ്പെട്ടതാണ്. നിഷിദ്ധ മാർഗത്തിലൂടെ സമ്പാദിച്ചത് ദാനം ചെയ്താൽ അതിൽ പുണ്യമില്ലെന്നും പ്രവാചകവചനങ്ങൾ പഠിപ്പിക്കുന്നുണ്ട്.

"സത്യവിശ്വാസികളേ, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ നല്ല വസ്തുക്കളിൽ നിന്നും, ഭൂമിയിൽനിന്ന് നിങ്ങൾക്ക് നാം ഉൽപാദിപ്പിച്ച് തന്നതിൽനിന്നും നിങ്ങൾ ചെലവഴിക്കുവിൻ...." (ക്വുർആൻ 2:267).

മൂസ സ്വലാഹി, കാര
moosakara001@gmail.com

ലേഖനം




# ആരോപണങ്ങളിൽ അഭിരമിക്കുന്നവർ

വിശ്വാസശുദ്ധിയും പ്രമാണബദ്ധമായ നിലപാടുകളും ഉത്തമതലമുറയെ മാതൃകയാക്കി പ്രവർത്തിക്കലുമാണ് വ്യതിയാന കക്ഷികളിൽനിന്ന് അഹ്‌ലുസ്സുന്നയെ വ്യതിരിക്തമാക്കുന്നത്.

വിജയിച്ചകക്ഷി, സഹായിക്കപ്പെട്ട വിഭാഗം, അഹ്‌ലുൽ ഹദീഥ്, അഹ്‌ലുൽഇൽമ്, അഹ്‌ലുൽ അഥർ, അഹ്‌ലുൽ ജമാഅത്ത്, അസ്സലഫുസ്സ്വാലിഹ് എന്നീ നാമങ്ങളിലെല്ലാം അഹ്‌ലുസ്സുന്ന അറിയപ്പെടുന്നു. മതത്തിന്റെപേരിൽ ഉടലെടുത്തിട്ടുള്ള പിഴച്ച വിഭാഗങ്ങൾ എത്രതന്നെ ഉണ്ടെങ്കിലും അല്ലാഹുവിന്റെ ഇഷ്ടദാസന്മാർക്ക് അവൻ നൽകുന്ന സൗഭാഗ്യമാണ് അഹ്‌ലുസ്സുന്ന വൽജമാഅയുടെ മാർഗം.

അല്ലാഹു പറയുന്നു: "അല്ലാഹു തന്റെ പൊരുത്തം തേടിയവരെ അത് മുഖേന സമാധാനത്തിന്റെ വഴികളിലേക്ക് നയിക്കുന്നു. തന്റെ ഉത്തരവ് മുഖേന അവരെ അന്ധകാരങ്ങളിൽനിന്ന് അവൻ പ്രകാശത്തിലേക്ക് കൊണ്ടുവരികയും നേരായ പാതയിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു" (ക്വുർആൻ 5:16).

ഈ വചനത്തിന്റെ വിശദീകരണത്തിൽ ഇബ്നു കഥീർ(റഹി) പറയുന്നു: "അതായത്, അപകടകരമായ കാര്യങ്ങളെതൊട്ട് (അവൻ) അവരെ രക്ഷപ്പെടുത്തുകയും വ്യക്തമായവഴി അവർക്ക് വെളിവാക്കി കൊടുക്കുകയും വിലക്കപ്പെട്ട കാര്യങ്ങളിൽനിന്ന് അവരെ തിരിച്ചുകളയുകയും കാര്യങ്ങളിൽ ഏറ്റവും ഇഷ്ടമായതിനെ അവർക്ക് കരഗതമാക്കി കൊടുക്കുകയും വഴികേടിൽനിന്ന് അവരെ തടയുകയും ഏറ്റവും നല്ല അവസ്ഥയിലേക്ക് അവരെ വഴിനടത്തുകയും ചെയ്തു" (ഇബ്നു കഥീർ/ വാല്യം 2).

ആദർശനിഷ്ഠ കാത്തുസൂക്ഷിക്കുന്ന അഹ്ലുസ്സുന്ന വൽജമാഅയെയും അതിന്റെ ആളുകളെയും എതിരാളികൾ രൂക്ഷമായി വിമർശിച്ച സന്ദർഭങ്ങളിലെല്ലാം അവർ അതിനെ നേരിട്ടത് പ്രാമാണിക നിലപാടെടുത്തുകൊണ്ടായിരുന്നു എന്നതിന് അതത് കാലഘട്ടങ്ങളിലെ പണ്ഡിതന്മാരുടെ ജീവിതം തന്നെ തെളിവാണ്.

വഹ്‌യിന്റെ (ദിവ്യബോധനത്തിന്റെ) വെളിച്ചത്തിൽ നബിﷺ നടത്തിയ പ്രഖ്യാപനം കാണുക:

മുആവിയؓയിൽനിന്ന് നിവേദനം; നബിﷺഇപ്രകാരം പറയുന്നത് ഞാൻ കേട്ടു: "എന്റെ സമുദായത്തിൽനിന്നും ഒരു വിഭാഗം അല്ലാഹുവിന്റെ കൽപനകളുമായി നിലകൊള്ളുകതന്നെ ചെയ്യും. അവരെ നിന്ദിക്കുന്നവർക്കോ അവരോട് എതിർക്കുന്നവർക്കോ അന്ത്യനാൾവരെ അവരെ ഉപദ്രവിക്കാൻ ആവുകയില്ല" (ബുഖാരി, മുസ്‌ലിം).

ഇനി വിഷയത്തിലേക്കു വരാം. അഹ്ലുസ്സുന്നയുടെ ആളുകൾ എന്ന് സ്വയം അവകാശപ്പെടുകയും എന്നാൽ അതിനെതിരായ വിശ്വാസങ്ങളും ആചാരങ്ങളും കൊണ്ടുനടക്കുകയും ചെയ്യുന്നവരാണ് സമസ്തക്കാർ. മമ്പീതി മുസ്‌ലിയാരെ പുകഴ്ത്തിക്കൊണ്ട് 'സുന്നിവോയ്സി'ൽ ഒരു മുസ്‌ല്യാർ എഴുതിയത് കാണുക: "നമ്മുടെ പ്രസിദ്ധീകരണങ്ങൾ വ്യാപകമല്ലാത്ത കാലത്ത് സുന്നത്ത് ജമാഅത്തിന്റെ വിരോധികൾ ആളുകളെ തെറ്റിദ്ധരിപ്പിച്ച് അവരുടെ ഈമാൻ കവർന്നെടുക്കാൻ ഒളിഞ്ഞും തെളിഞ്ഞും ശ്രമം നടത്തുമായിരുന്നു" (സുന്നിവോയ്സ്/2020 ജൂലൈ 16-31/പേജ്,37).

മുസ്‌ലിം സമൂഹത്തെ ബാധിച്ചിരുന്ന വിശ്വാസ, കർമ രംഗങ്ങളിലെ ജീർണതകളിൽനിന്ന് അവരെ മോചിപ്പിച്ചവരും ശരിയായ പാതയിലേക്ക് വഴി നടത്തിയവരും വഴിനടത്തിക്കൊണ്ടിരിക്കുന്നവരുമാണ് സലഫികൾ. അവരെയാണ് ലേഖകൻ 'സുന്നത്ത് ജമാഅത്തിന്റെ വിരോധികൾ' എന്നും 'ഈമാൻ കവർന്നെടുക്കുന്നവർ' എന്നും വിശേഷിപ്പിച്ചിരിക്കുന്നത്.

നബിﷺയുടെ ദൗത്യനിർവഹണത്തെ സംബന്ധിച്ച് അല്ലാഹു പറയുന്നു:

"അക്ഷരജ്ഞാനമില്ലാത്തവർക്കിടയിൽ, തന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് വായിച്ചുകേൾപ്പിക്കുകയും അവരെ സംസ്കരിക്കുകയും അവർക്ക് വേദഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യാൻ അവരിൽനിന്നുതന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. തീർച്ചയായും അവർ മുമ്പ് വ്യക്തമായ വഴികേടിലായിരുന്നു"(ക്വുർആൻ 62:2).

ലേഖകന്റെ അഭിപ്രായപ്രകാരം ഇതും ഈമാൻ കവർന്നെടുക്കലാണോ? ഈ സംസ്കരണ പ്രവർത്തനവും വഴികേടിൽനിന്ന് മോചിപ്പിക്കലുമാണ് സലഫികൾ ചെയ്തുകൊണ്ടിരിക്കുന്നത്.

പ്രമാണങ്ങൾക്കു മുമ്പിൽ പിടിച്ചുനിൽക്കാൻ കഴിയുന്നില്ല എന്നതാണ് ഇക്കൂട്ടരുടെ അതിരുകടന്ന വിമർശനങ്ങൾക്കു കാരണം.

ലേഖകൻ തുടരുന്നു: "പല നാടുകളിൽനിന്നും ഫറോക്ക് കോളേജിൽ പഠിക്കാനെത്തുന്ന മുസ്‌ലിം വിദ്യാർഥികളിൽ പലരും വെള്ളിയാഴ്ച ജുമുഅ നിസ്കരിച്ചിരുന്നത് കോളേജിന്റെ തൊട്ടടുത്തുള്ള വഹാബി പള്ളിയിലായിരുന്നു. വഞ്ചനയിലൂടെയും കബളിപ്പിക്കലിലൂടെയും കടന്നുവന്ന പ്രസ്ഥാനമാണല്ലോ വഹാബിസം" (സുന്നിവോയ്സ്/2020 ജൂലൈ 16-31/പേജ് 37).

> **1924ൽ ഔദ്യോഗികമായി രജിസ്റ്റർ ചെയ്യപ്പെട്ട പണ്ഡിത സംഘടനയാണ് 'കേരള ജംഇയ്യത്തുൽ ഉലമ അഹ്ലുസ്സുന്നത്തി വൽജമാഅ.' ഈ പണ്ഡിതസഭയിൽ നിന്നുകൊണ്ട് ആത്മീയ ചൂഷണം സാധ്യമല്ലെന്ന് തിരിച്ചറിഞ്ഞപ്പോൾ അതിൽനിന്ന് പുറത്തുപോയവർ ചേർന്ന് രൂപീകരിച്ചതാണ് ഇന്നത്തെ 'സമസ്ത.' ഇവർ പിന്നീട് പലവിഭാഗങ്ങളായി വേർപിരിഞ്ഞെങ്കിലും ആദർശത്തിൽ വ്യത്യാസമൊന്നുമില്ല. അഹ്ലുസ്സുന്നയെന്ന പേരിൽ അറിയപ്പെടാൻ എല്ലാവരും മത്സരിക്കുന്നു; സലഫികളെ എതിർക്കുന്നതിലും വിമർശിക്കുന്നതിലും എല്ലാവരും സാധ്യമായ എല്ലാ മാർഗങ്ങളും സ്വീകരിക്കുകയും ചെയ്യുന്നു.**

1926 മുതൽ മതത്തിന്റെ മറവിൽ മുസ്‌ലിം സമൂഹത്തെ ആത്മീയമായി ചൂഷണം ചെയ്തുവരുന്ന പ്രസ്ഥാനമാണ് സമസ്ത. തങ്ങൾ മതത്തിന്റെ പേരിൽ കാട്ടിക്കൂട്ടുന്ന അന്യായങ്ങളെ തുറന്നുകാട്ടുന്നവരെ ആക്ഷേപിക്കുകയും പരിഹസിക്കുകയും അപകീർത്തിപ്പെടുത്തുകയും ചെയ്യൽ ഇക്കൂട്ടരുടെ പണ്ടുമുതലേയുള്ള സ്വഭാവമാണ്.

അല്ലാഹുവിൽനിന്ന് നബിﷺ കൊണ്ടുവന്ന സുവ്യക്തവും സംശയരഹിതവുമായ മാർഗം വെടിഞ്ഞ്, അത് സത്യസന്ധമായി കൊണ്ടുനടക്കുന്നവർക്ക് നേരെ ആക്ഷേപശരങ്ങൾ എയ്തുവിടുന്നത് അന്ത്യനാളിൽ ഖേദത്തിനും നഷ്ടത്തിനും മാത്രമെ കാരണമാകൂ എന്ന് ഓർമപ്പെടുത്തുകയാണ്.

പ്രവാചകമാർഗത്തെ അവഗണിച്ചു ജീവിക്കുന്നവർക്ക് അല്ലാഹു നൽകിയ മുന്നറിയിപ്പ് കാണുക:

“അക്രമം ചെയ്തവൻ തന്റെ കൈകൾ കടിക്കുന്ന ദിവസം. അവൻ പറയും: റസൂലിന്റെ കൂടെ ഞാനൊരു മാർഗം സ്വീകരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ. എന്റെ കഷ്ടമേ! ഇന്ന ആളെ ഞാൻ സുഹൃത്തായി സ്വീകരിച്ചിട്ടില്ലായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ. എനിക്ക് ബോധനം വന്നുകിട്ടിയതിന് ശേഷം അതിൽനിന്നവൻ എന്നെ തെറ്റിച്ചുകളഞ്ഞുവല്ലോ. പിശാച് മനുഷ്യനെ കൈവിട്ടുകളയുന്നവനാകുന്നു” (ക്വുർആൻ 25:27-29).

ലേഖകൻ എഴുതുന്നു: “വഹാബി കുതന്ത്രങ്ങളിൽപെട്ട് സുന്നി മക്കളുടെ വിശ്വാസം അപകടപ്പെടുന്നത് കണ്ട് സംഘർഷഭരിതമായ അദ്ദേഹത്തിന്റെ മനസ്സ് തരളിതമാക്കാൻ പ്രാപ്തമായിരുന്നു ആ ഗ്രന്ഥം. അഹ്‌ലുസ്സുന്നയുടെ വിശ്വാസാചാരങ്ങൾ പ്രമാണങ്ങളുടെ അകമ്പടിയോടെ വസ്തുനിഷ്ഠമായി സ്ഥാപിക്കുന്നതോടൊപ്പം, വികലമായ വഹാബി ആശയത്തെ ശക്തമായി ഖണ്ഡിക്കുന്നതുമായ പ്രസ്തുത ഗ്രന്ഥം ഉസ്താദിനെ ഹഠാദാകർഷിച്ചു” (സുന്നി വോയ്സ്/2020 ജൂലൈ 16-31/പേജ് 37).

ഇസ്‌ലാമിന്റെ യഥാർഥ ആദർശത്തിന് ഒട്ടും വിലകൽപിക്കാത്തവർക്കേ ഈ വിധത്തിൽ സലഫികളെ പരിഹസിക്കാൻ കഴിയൂ. അഹ്‌ലുസ്സുന്നയുടെ വിശ്വാസാചാരങ്ങൾക്ക് കടകവിരുദ്ധമായി പ്രവർത്തിക്കുന്നവർ അഹ്‌ലുസ്സുന്നയുടെ വക്താക്കളായി സ്വയം വിശേഷിപ്പിക്കുന്നതിനെ വിരോധാഭാസം എന്നല്ലാതെ എന്തു പറയാൻ!

ബഹുദൈവാരാധകരിൽനിന്ന് വിശ്വാസികൾക്ക് ഉപദ്രവമുണ്ടായപ്പോൾ അല്ലാഹു അവരെ ആശ്വസിപ്പിച്ചത് ക്വുർആൻ എടുത്തുപറയുന്നുണ്ട്. സത്യമതപ്രബോധകർക്ക് അത് വല്ലാത്ത ആശ്വാസം നൽകുന്നതാണ്. അല്ലാഹു പറയുന്നു:

“തീർച്ചയായും നിങ്ങളുടെ സ്വത്തുക്കളിലും ശരീരങ്ങളിലും നിങ്ങൾ പരീക്ഷിക്കപ്പെടുന്നതാണ്. നിങ്ങൾക്ക് മുമ്പ് വേദം നൽകപ്പെട്ടവരിൽനിന്നും ബഹുദൈവാരാധകരിൽനിന്നും നിങ്ങൾ ധാരാളം കുത്തുവാക്കുകൾ കേൾക്കേണ്ടി വരികയും ചെയ്യും. നിങ്ങൾ ക്ഷമിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്നുവെങ്കിൽ തീർച്ചയായും അത് ദൃഢനിശ്ചയം ചെയ്യേണ്ട കാര്യങ്ങളിൽ പെട്ടതാകുന്നു” (ക്വുർആൻ 3:186).

ലേഖകൻ തുടരുന്നു: “അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ വിരോധികളെ കൈകാര്യം ചെയ്യുന്ന മലയാള കൃതികൾ ഇത്രമേൽ വ്യാപകമായിരുന്നില്ല അക്കാലത്ത്. അഹ്‌ലുസ്സുന്നയുടെ പ്രാമാണികതയും പുത്തൻവാദത്തിന്റെ നിരർഥകതയും സവിസ്തരം പ്രതിപാദിച്ച് ഉസ്താദ് ‘സുന്നി’ രചിച്ചു. വഹാബിസത്തിന്റെ വികൃതാശയങ്ങളെ പ്രമാണബദ്ധമായി കൈകാര്യം ചെയ്യുന്ന ഈ ഗ്രന്ഥം കേരളീയ സമൂഹത്തിന് ആദർശരംഗത്ത് വലിയ സഹായകമായി” (സുന്നിവോയ്സ്/2020 ജൂലൈ 16-31/പേജ് 38).

1924ൽ ഔദ്യോഗികമായി രജിസ്റ്റർ ചെയ്യപ്പെട്ട പണ്ഡിത സംഘടനയാണ് ‘കേരള ജംഇയ്യത്തുൽ ഉലമ അഹ്‌ലുസ്സുന്നത്തി വൽജമാഅ.’ ഈ പണ്ഡിതസഭയിൽ നിന്നുകൊണ്ട് ആത്മീയ ചൂഷണം സാധ്യമല്ലെന്ന് തിരിച്ചറിഞ്ഞപ്പോൾ അതിൽനിന്ന് പുറത്തുപോയവർ ചേർന്ന് രൂപീകരിച്ചതാണ് ഇന്നത്തെ ‘സമസ്ത.’ ഇവർ പിന്നീട് പലവിഭാഗങ്ങളായി വേർപിരിഞ്ഞെങ്കിലും ആദർശത്തിൽ വ്യത്യാസമൊന്നുമില്ല. അഹ്‌ലുസ്സുന്നയെന്ന പേരിൽ അറിയപ്പെടാൻ എല്ലാവരും മത്സരിക്കുന്നു; സലഫികളെ എതിർക്കുന്നതിലും വിമർശിക്കുന്നതിലും എല്ലാവരും സാധ്യമായ എല്ലാ മാർഗങ്ങളും സ്വീകരിക്കുകയും ചെയ്യുന്നു.

ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ(റഹി)പറയുന്നു:

‘‘അവർ(അഹ്‌ലുസ്സുന്ന) അല്ലാഹുവിന്റെ ഗ്രന്ഥത്തെയും അവന്റെ പ്രവാചകന്റെ സുന്നത്തിനെയും ഏതൊന്നിലാണോ സ്വഹാബത്തും അവരെ നല്ലരൂപത്തിൽ പിൻപറ്റിയവരും ഏകോപിച്ചിട്ടുള്ളത് അതിനെയും മുറുകെപിടിക്കുന്നവരാണ്” (മജ്മൂഉൽ ഫതാവാ/വാള്യം 3/പേജ് 375).

ഇബ്നു കഥീർ(റഹി)പറയുന്നു: “ഈ സമൂഹ

ത്തിലും വ്യതിയാനങ്ങൾ സംഭവിച്ചിട്ടുണ്ട്. ഒന്നൊഴികെ എല്ലാം വഴികേടാണ്. അല്ലാഹുവിന്റെ ക്വുർആനിനെയും നബിﷺയുടെ ചര്യയെയും സ്വഹാബത്താകുന്ന ആദ്യതലമുറയെയും താബിഉകളെയും ആധുനികരും പൗരാണികരുമായ മുസ്‌ലിം പണ്ഡിതന്മാരെയും മുറുകെ പിടിക്കുന്ന അഹ്‌ലുസ്സുന്നത്തിവൽജമാഅയാണവർ" (തഫ്‌സീർ ഇബ്‌നു കഥീർ/വാള്യം 3/പേജ് 574).


ഇമാം ശാത്വിബി(റഹി), ഇബ്‌നു ഹജറുൽ അസ്‌ക്വലാനി(റഹി), ഇബ്‌നു റജബ്(റഹി) എന്നിവരെല്ലാം ഇതിനെ സംബന്ധിച്ച് വിശദീകരിച്ചുണ്ട്. അല്ലാഹുവിന്റെ ക്വുർആനിനെയും നബിﷺയുടെ ചര്യയെയും സ്വഹാബത്താകുന്ന ആദ്യതലമുറയെയും താബിഉകളെയും പിൻപറ്റാത്തവർക്ക് ഞങ്ങൾ അഹ്‌ലുസ്സുന്നത്തി വൽ ജമാഅയാണെന്ന് പറയുവാൻ എന്ത് യോഗ്യതയാണുള്ളത്?

വിമർശകൻ തുടരുന്നു: "സമൂഹത്തിന്റെ പ്രതീക്ഷകളായ ചെറുപ്പക്കാരുടെ ആദർശം സംരക്ഷിക്കാൻ എന്തുണ്ട് വഴി എന്ന് അദ്ദേഹം ഗഹനമായി ചിന്തിച്ചു. ചെറുപ്പക്കാരെ ബന്ധപ്പെട്ട് അവർക്ക് വ്യക്തിപരമായി അഹ്‌ലുസ്സുന്നയുടെ വിശ്വാസം സമർഥിച്ച് കൊടുക്കലും ബിദ്അത്തിന്റെ വൈകല്യം ബോധ്യപ്പെടുത്തലുമാണ് ഉത്തമ മാർഗമെന്ന് ബോധ്യപ്പെട്ടു"(സുന്നിവോയ്‌സ്/2020 ജൂലൈ 16-31/പേജ് 38).

യുവാക്കളെ മാത്രമല്ല, സമൂഹത്തെ മൊത്തത്തിൽ അന്ധവിശ്വാസങ്ങളിൽ തളച്ചിടുന്ന തീരുമാനങ്ങളാണല്ലോ സമസ്ത ഇതപര്യന്തം എടുത്തിട്ടുള്ളത്. ആരാധനകൾ പോലും അല്ലാഹുവല്ലാത്തവർക്ക് അർപ്പിച്ച് ഇസ്‌ലാമിന്റെ ആദർശത്തോട് തീരെ പ്രതിബദ്ധത കാണിക്കാത്തവരിൽ നിന്ന് ഇതിലപ്പുറവും പ്രതീക്ഷിക്കാം. തങ്ങളുടെ പിഴച്ചവഴികളെ പിശാച് ഭംഗിയാക്കി തോന്നിച്ചാൽ പിന്നെ നേർമാർഗം പ്രാപിക്കൽ അത്ര എളുപ്പമാകില്ല.

അല്ലാഹു പറയുന്നു: "ആദ്, ഥമൂദ് സമുദായങ്ങളെയും (നാം നശിപ്പിക്കുകയുണ്ടായി). അവരുടെ വാസസ്ഥലങ്ങളിൽനിന്ന് നിങ്ങൾക്കത് വ്യക്തമായി മനസ്സിലായിട്ടുണ്ട്. പിശാച് അവർക്ക് അവരുടെ പ്രവർത്തനങ്ങൾ ഭംഗിയായി തോന്നിക്കുകയും അവരെ ശരിയായ മാർഗത്തിൽ നിന്ന് തടയുകയും ചെയ്തു. (വാസ്തവത്തിൽ) അവർ കണ്ടറിയുവാൻ കഴിവുള്ളരായിരുന്നു" (ക്വുർആൻ 29:38).

ലേഖകൻ എഴുതുന്നു: "ആദർശ രംഗത്ത് ഇത്രയും ദൃഢതയോടെ നിലപാടെടുക്കാൻ ഉസ്താദിന്റെ പിൻബലം മഹാനായ സി.എം വലിയ്യുല്ലാഹി മടവൂർ(ഖ.സി)വാണ്. വഹാബി ശല്യം മൂലം പേടിയാവുന്നു വെന്ന് ഒരിക്കൽ അദ്ദേഹം സിഎമ്മിനോട് പരാതിപ്പെട്ടു. പേടിക്കേണ്ട എന്നായിരുന്നു മറുപടി. പിന്നീട് ഭയന്നിട്ടില്ല. ധീരതയോടെ മുന്നോട്ടുതന്നെ" (സുന്നിവോയ്‌സ്/2020 ജൂലൈ 16-31/പേജ് 39).



തൗഹീദിലേക്ക് ജനങ്ങളെ ക്ഷണിക്കുക, ശിർക്കിന്റെ ഗൗരവം ഉണർത്തുക തുടങ്ങിയ കാര്യങ്ങളാണ് ഇവർക്ക് 'വഹാബികൾ' ചെയ്യുന്ന ശല്യം. അതിനെ മമ്പീതിയും പേടിച്ചിരുന്നുവെന്ന് ലേഖകൻ വ്യക്തമാക്കുന്നു. സലഫികൾ ഇന്നേവരെ കായികമായി ആരെയും ഉപദ്രവിക്കാൻ ശ്രമിച്ചിട്ടില്ല. യഥാർഥ വിശ്വാസികൾ പേടിക്കേണ്ടതില്ല എന്ന് അല്ലാഹു പറയുന്നുണ്ട്. എന്നാൽ സിഎമ്മിനെ പോലുള്ളവരിൽ തവക്കുൽ ചെയ്യുന്നവർക്ക് അല്ലാഹുവിന്റെ ആശ്വാസവചനങ്ങളിൽ അഭയം കണ്ടെത്താൻ കഴിയില്ലല്ലോ.

ഇമാം അബൂശാമ അൽമക്ദിസി(റഹി) പറഞ്ഞു: "ജമാഅത്തിനെ മുറുകെപിടിക്കണം എന്ന കൽപനയുടെ ഉദ്ദേശ്യം സത്യത്തെ മുറുകെപിടിക്കണമെന്നും പിൻപറ്റണമെന്നുമാണ്. അതിനെ മുറുകെപിടിക്കുന്നവർ എത്ര കുറച്ചാണെങ്കിലും, അതിനോട് പുറംതിരിഞ്ഞുനിൽക്കുന്നവർ വളരെ കൂടുതലാണെങ്കിലും ശരി. കാരണം സത്യമെന്നു പറയുന്നത് പ്രവാചകനുംﷺ അദ്ദേഹത്തിന്റെ അനുചരന്മാരായ സ്വഹാബത്തും അടങ്ങുന്ന ഒന്നാമത്തെ ജമാഅത്ത് ഏതൊന്നിൽ നിലകൊണ്ടോ അതാണ്. അതിനുശേഷം വന്ന ബാത്വിലിന്റെ (അസത്യത്തിന്റെ) ആളുകളുടെ ആധിക്യത്തിലേക്ക് നോക്കേണ്ടതില്ല" (അൽബാഇസ്/പേജ് 22).

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം

മുഹമ്മദ് നബി ﷺ 5



# സുസമ്മതനായ മധ്യസ്ഥൻ

ആർക്കിടയിലും പ്രശ്നമുണ്ടായാൽ മധ്യസ്ഥനായി എല്ലാവരും തെരഞ്ഞെടുക്കാറ് മുഹമ്മദ് നബി ﷺ യെയായിരുന്നു. നബി ﷺ യുടെ 35ാമത്തെ വയസ്സിൽ കഅ്ബ പുതുക്കിപ്പണിയാൻ മക്കക്കാർ തീരുമാനിച്ചു. മുമ്പുണ്ടായ വെള്ളപ്പൊക്കവും തീപിടുത്തവും കാരണം കഅ്ബക്ക് ബലക്ഷയം സംഭവിച്ചിരുന്നു. അതിനാലാണ് അത് പുതുക്കിപ്പണിയാൻ അവർ തീരുമാനിച്ചത്. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ മുമ്പ് നാം വിവരിച്ചതാണ്.

കഅ്ബയുടെ പുനർനിർമാണം അവസാനിക്കാറായപ്പോൾ അവർക്കിടയിൽ ഒരു തർക്കം ഉണ്ടായി. കഅ്ബയിൽ പണ്ടുമുതലേയുള്ള പവിത്രമായ ഹജറുൽഅസ്‌വദ് യഥാസ്ഥാനത്ത് ആര് വെക്കണം എന്ന വിഷയത്തിൽ അറബി ഗോത്രക്കാർക്കിടയിൽ വലിയ തർക്കവും വാഗ്വാദങ്ങളും ഉണ്ടായി. ഒരു വലിയ യുദ്ധത്തിലേക്ക് പ്രശ്നം എത്തുന്ന സാഹചര്യം ഉണ്ടായി. ആ കല്ല് അതിന്റെ സ്ഥാനത്തേക്ക് വെക്കുന്നവർക്ക് അവർക്കിടയിൽ പ്രത്യേക സ്ഥാനമുണ്ടായിരുന്നു. ആ സ്ഥാനം ലഭിക്കാൻ വേണ്ടിയാണ് ഓരോ ഗോത്രക്കാരും അതിനുവേണ്ടി തർക്കിക്കുന്നതും

അവകാശവാദം ഉന്നയിക്കുന്നതും. പല അഭിപ്രായങ്ങളും ഉണ്ടായി. ഇനി ആദ്യമായി ആരാണോ ഇവിടേക്ക് വരുന്നത് അവരുടെ തീരുമാനം നടപ്പിലാക്കാം എന്ന അഭിപ്രായത്തെ എല്ലാവരും സ്വീകരിച്ചു.

അല്ലാഹുവിന്റെ മഹത്തായ തീരുമാന പ്രകാരം അവിടേക്ക് ആദ്യം വന്നത് മുഹമ്മദ് നബിﷺയായിരുന്നു. നബിﷺയെ കണ്ടമാത്രയിൽ അവർ പറഞ്ഞു: 'വിശ്വസ്തൻ വന്നു... മുഹമ്മദേ, നിന്നിൽ ഞങ്ങൾ തൃപ്തരാകുന്നു.' നീതിയോടെ നബിﷺ ആ പ്രശ്നത്തിന് പരിഹാരം കണ്ടെത്തി. നബിﷺ അവരോട് വലിയ ഒരു വിരിപ്പ് കൊണ്ടുവരാൻ ആവശ്യപ്പെട്ടു. എന്നിട്ട് അതിൽ ആ കല്ല് വച്ചു. പിന്നീട് എല്ലാ ഗോത്രക്കാരുടെയും പ്രതിനിധികളോട് തുണിയുടെ അറ്റങ്ങളിൽ പിടിക്കാൻ പറഞ്ഞു. ശേഷം എല്ലാവരോടും അത് വെക്കേണ്ട സ്ഥാനത്തേക്ക് ഉയർത്താൻ ആവശ്യപ്പെട്ടു. അവർ ഉയർത്തി. നബിﷺ വിരിയിൽ നിന്നും കല്ലെടുത്ത് അതിന്റെ സ്ഥാനത്ത്വച്ചു. അതോടെ ആ പ്രശ്നം അവിടെ അവസാനിച്ചു. എല്ലാവർക്കും സന്തോഷമായി. ആർക്കും പ്രത്യേകം തർക്കിക്കാൻ ഇടയില്ലാത്ത വിധം, എന്നാൽ എല്ലാ ഗോത്രക്കാർക്കും അതിനുള്ള അവസരം ലഭിക്കത്തക്ക രൂപത്തിലുമായിരുന്നു നബിﷺയുടെ ബുദ്ധിപരമായ ഇടപെടൽ. പവിത്രമായ ആ കല്ല്, പവിത്രമായ കരങ്ങളാൽ അതിന്റെ സ്ഥാനത്ത് സ്ഥാപിക്കപ്പെടുകയും ചെയ്തു.

### നല്ലകാര്യങ്ങളിൽ പങ്കാളി

നാട്ടിലെ തിന്മകളോട് നബിﷺയുടെ സമീപനം എന്തായിരുന്നു എന്നത് നാം മനസ്സിലാക്കി. നാട്ടിലെ ഏത് നല്ല കാര്യങ്ങളിലും അവിടുത്തെ സാന്നിധ്യം ഉണ്ടായിരുന്നു. നല്ല സഖ്യങ്ങളിലും എഴുത്തുകൾ കൈമാറുന്നതിലും ചർച്ചകളിലും കരാറുകളിലും അവിടുന്ന് സഹകരിച്ചിരുന്നു. മർദിതർക്കുവേണ്ടി ഒരുമിക്കണമെന്നും മർദകന്മാരുടെ പിടിയിൽനിന്ന് അവർക്ക് രക്ഷ ലഭിക്കണമെന്നുമുള്ള ലക്ഷ്യത്തോടെ വിവിധ ഗോത്രത്തലവന്മാർ സഖ്യകരാറിൽ ഒപ്പിട്ടപ്പോൾ നബിﷺയുടെ സാന്നിധ്യവും അതിൽ ഉണ്ടായിരുന്നു. എന്നാൽ അവർക്കിടയിലെ വൃത്തികെട്ട ഒരു ആഘോഷത്തിലും അവിടുന്ന് പങ്കെടുത്തിരുന്നില്ല.

### ഇബ്റാഹീം നബിﷺയും മക്കക്കാരും

മക്കക്കാർ, തങ്ങൾ ഇബ്റാഹീം നബിﷺയുടെ ആദർശത്തിലാണെന്ന് അവകാശപ്പെടുന്നവരായിരുന്നു. അവർക്ക് അദ്ദേഹത്തോടുള്ള ബഹുമാനവും സ്നേഹവും അദ്ദേഹത്തെ ആരാധിക്കുന്നതിലേക്ക് വഴിമാറി. അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിനായി ഇബ്റാഹീം നബിﷺയും മകൻ ഇസ്മാഈൽ നബിﷺയും മക്കയിൽ നിർമിച്ച കഅ്ബയിൽ അവരുടേത് അടക്കമുള്ള വിഗ്രഹങ്ങൾ അവർ നാട്ടി. ഇബ്റാഹീം നബിﷺയുടെ ആദർശത്തിന് വിരുദ്ധമായി അവർ ജീവിക്കുകയും ചെയ്തു.

ഇബ്റാഹീംﷺ മക്കയിൽ പ്രചരിപ്പിച്ച യഥാർഥ വിശ്വാസം അണഞ്ഞുപോകാത്ത വിധത്തിൽ അതനുസരിച്ച് ജീവിച്ചിരുന്ന ഒറ്റപ്പെട്ട ചിലരെങ്കിലും മക്കയിൽ ഉണ്ടായിരുന്നു. വറകഃതുബ്നു നൗഫൽ, സയ്ദുബ്നു നുഫയ്ൽ പോലുള്ളവർ അവരിൽ പെട്ടവരാണ്. ഇതുപോലുള്ള ആളുകളിൽനിന്ന് ഇബ്റാഹീം നബിﷺയുടെ പാരമ്പര്യത്തെ പറ്റി പഠിച്ചും കേട്ടും അറിഞ്ഞത് പ്രകാരം നബിﷺയും വളർന്നു.

### നബിﷺയുടെ വിവാഹം

നബിﷺ മക്കക്കാരുടെ കൂടെ കച്ചവടത്തിനായി പല ഭാഗങ്ങളിലേക്കും യാത്ര പോകാറുണ്ടായിരുന്നു എന്ന് നാം വിവരിച്ചിരുന്നുവല്ലോ. മക്കയിലെ വർത്തകപ്രമുഖയും സമ്പന്നയും വലിയ ഗോത്രമഹിമയുള്ളവരും സദ്വൃത്തയുമായ ഖദീജ രണ്ട തന്റെ കച്ചവടച്ചരക്കുകളുമായി ആളുകളെ സിറിയയിലേക്ക് അയക്കാറുണ്ടായിരുന്നു. ആ കാലത്ത് നബിﷺയുടെ സത്യസന്ധതയും വിശ്വസ്തതയും മക്കയിൽ പരസ്യമായിരുന്നു. ഖദീജ രയും നബിﷺയുടെ ഈ സ്വഭാവമഹിമ മനസ്സിലാക്കി. സാധാരണ ഒരാളെ ഏൽപിക്കുന്നതിനെക്കാൾ വലിയ കച്ചവടച്ചരക്കുകൾ നബിﷺയെ ഏൽപിച്ച് ശാമിലേക്ക് പറഞ്ഞയച്ചു.

> **നാട്ടിലെ തിന്മകളോട് നബിﷺയുടെ സമീപനം എന്തായിരുന്നു എന്നത് നാം മനസ്സിലാക്കി. നാട്ടിലെ ഏത് നല്ല കാര്യങ്ങളിലും അവിടുത്തെ സാന്നിധ്യം ഉണ്ടായിരുന്നു. നല്ല സഖ്യങ്ങളിലും എഴുത്തുകൾ കൈമാറുന്നതിലും ചർച്ചകളിലും അവിടുന്ന് സഹകരിച്ചിരുന്നു. മർദിതർക്കുവേണ്ടി ഒരുമിക്കണമെന്നും മർദകന്മാരുടെ പിടിയിൽനിന്ന് അവർക്ക് രക്ഷ ലഭിക്കണമെന്നുമുള്ള ലക്ഷ്യത്തോടെവിവിധ ഗോത്രത്തലവന്മാർ സഖ്യകരാറിൽ ഒപ്പിട്ടപ്പോൾ നബിﷺയുടെ സാന്നിധ്യവും അതിൽ ഉണ്ടായിരുന്നു. എന്നാൽ അവർക്കിടയിലെ വൃത്തികെട്ട ഒരു ആഘോഷത്തിലും അവിടുന്ന് പങ്കെടുത്തിരുന്നില്ല.**

ഈ കാലത്തൊന്നും മുഹമ്മദ്ﷺ പ്രവാചകനായിരുന്നില്ലെന്നത് നാം മറന്നുപോകരുത്.

മയ്സറ എന്ന് പേരുള്ള ഒരു ഭൃത്യൻ ഖദീജ‍ؓക്ക് ഉണ്ടായിരുന്നു. മയ്സറയെയും ശാമിലേക്ക് പറഞ്ഞയക്കുന്നവരുടെ കൂടെ അവർ അയക്കാറുണ്ടായിരുന്നു. നബിﷺയുടെ കൂടെയും ഈ ഭൃത്യൻ ഉണ്ടായിരുന്നു. കച്ചവടം കഴിഞ്ഞ് വമ്പിച്ച ലാഭവുമായി ഇരുവരും ശാമിൽ (ഇന്നത്തെ സിറിയയിൽ) നിന്ന് മടങ്ങി. ഖദീജؓയുടെ മനസ്സിൽ അത് ഏറെ സന്തോഷമുണ്ടാക്കി. കൂടാതെ, ഭൃത്യൻ മയ്സറയിൽനിന്നും; യാത്രക്കിടയിൽ മുഹമ്മദിﷺൽനിന്നുണ്ടായ നല്ല അനുഭവങ്ങളും അദ്ദേഹത്തിന്റെ സത്യസന്ധത, വിശ്വസ്തത, മറ്റു സദ്ഗുണങ്ങൾ എന്നിവയെക്കുറിച്ചുമെല്ലാം കേട്ടപ്പോൾ ഖദീജؓയുടെ മനസ്സിൽ സന്തോഷം വാനോളം ഉയർന്നു.

ഖദീജؓക്ക് നബിﷺയെ വിവാഹം ചെയ്യാൻ ആഗ്രഹം ഉണ്ടായി. അങ്ങനെ അവർ തന്റെ ഒരു കൂട്ടുകാരി മുഖേന നബിﷺയുടെ കുടുംബത്തിലേക്ക് ഈ കാര്യം അറിയിച്ചു. അന്ന് നബിﷺക്ക് പ്രായം ഇരുപത്തി അഞ്ചായിരുന്നു.

ഖദീജؓ അതിനുമുമ്പ് രണ്ടുതവണ വിവാഹിതയായിട്ടുണ്ട്. അന്ന് അവർക്ക് നാൽപത് വയസ്സായിരുന്നു എന്നതാണ് പ്രസിദ്ധമായ അഭിപ്രായം. വേറെയും അഭിപ്രായങ്ങൾ പൂർവികരും ആധുനികരുമായ പല ചരിത്രകാരന്മാരും രേഖപ്പെടുത്തിയത് കാണാവുന്നതാണ്. ഇരുപത്തിയെട്ട് വയസ്സായിരുന്നു അന്ന് ഖദീജؓയുടെ പ്രായം എന്ന് ഇമാം ഹാകിം(റഹി) അൽമുസ്തദ്റകിൽ സനദ് (നിവേദകപരമ്പര) കൊടുക്കാതെ ഇബ്നു ഇസ്ഹാകിؓൽനിന്ന് ഉദ്ധരിച്ചിട്ടുണ്ട്. ഈ അഭിപ്രായത്തിന് ഉപോൽബലകമായ പല അഭിപ്രായങ്ങളും പണ്ഡിതന്മാർ പറഞ്ഞതും കാണാവുന്നതാണ്. കാരണം, നബിﷺ അവരെ വിവാഹം ചെയ്തതിന് ശേഷം ആറുതവണ പ്രസവിച്ചിരുന്നു; രണ്ട് ആൺമക്കളെയും നാല് പെൺമക്കളെയും. സാധാരണഗതിയിൽ ഒരു സ്ത്രീ അമ്പത് വയസ്സാകുമ്പോഴേക്ക് ആർത്തവം അവസാനിക്കുന്ന അവസ്ഥയിൽ എത്തിച്ചേരാറുണ്ടല്ലോ. അതിനാൽ ഇത് ഇരുപത്തിയെട്ട് വയസ്സായിരുന്നു എന്നതിനാണ് ബലം നൽകുന്നത് എന്നാണ് ഈ പക്ഷക്കാർ പറയുന്നത്. രണ്ടായിരുന്നാലും ഇത് ഒരു തർക്കവിഷയമായി പരിഗണിക്കേണ്ട കാര്യമല്ലാത്തതിനാൽ കൂടുതൽ ഇതിനെ സംബന്ധിച്ച് വിവരിക്കുന്നില്ല.

യുവാവായ മുഹമ്മദ്ﷺ ആദ്യമായി വിവാഹം ചെയ്തത് തന്നെക്കാൾ പ്രായമുണ്ടായിരുന്ന, വിധവയായ ഖദീജؓയെയാണ് എന്നതിൽ തർക്കമില്ല. സ്നേഹത്തോടെയും ആദരവോടെയും ഇരുവരും തങ്ങളുടെ ദാമ്പത്യം മുന്നോട്ട് കൊണ്ടുപോയി. അവരുടെ മരണംവരെ മറ്റൊരു വിവാഹത്തെ പറ്റി അവിടുന്ന് ചിന്തിച്ചിട്ട് പോലുമില്ലായിരുന്നു. ഖദീജؓയോട് നബിﷺക്ക് ഉണ്ടായിരുന്ന സ്നേഹം അങ്ങേയറ്റമായിരുന്നു. മറ്റു ഭാര്യമാർക്ക് പോലും അൽപം നീരസമുണ്ടാകും വിധം, ഖദീജؓയുടെ കാലശേഷവും നബിﷺ അവരെ സ്നേഹത്തോടെ സ്മരിക്കുമായിരുന്നു.

നബിﷺക്ക് പ്രവാചകത്വം കിട്ടിയപ്പോൾ ആദ്യം വിശ്വസിച്ചത് ഖദീജؓയായിരുന്നു. ഹിറാ ഗുഹയിൽവച്ച് ആദ്യമായി വഹ്യ് ലഭിച്ചപ്പോൾ പേടിച്ചുവിറച്ച് വീട്ടിലേക്ക് ഓടിവന്ന പ്രവാചകനെ സമാശ്വസിപ്പിച്ചതും ഖദീജؓയായിരുന്നു. ഈ കാര്യങ്ങളിലൊന്നും ആർക്കും തർക്കമില്ല. നബിﷺയുടെ പത്നിമാർ വിശ്വാസികളുടെ മാതാക്കളായിട്ടാണ് അറിയപ്പെടുന്നത്. ഉമ്മഹാതുൽ മുഅ്മിനീങ്ങളുടെ പേര് എണ്ണുമ്പോൾ ആദ്യം വിശ്വാസികളുടെ നാവിൽ വരുന്നത് മഹതിയായ ഖദീജؓയുടെതാണ്.



ഖുറൈശികളിലെ സമ്പന്നയായ, ഉന്നത സ്ഥാന ക്കാരിയായ, ധനാധിക്യത്താൽ കീർത്തിയുള്ള ഖദീ ജ, അനാഥനായ, ദരിദ്രനായ മുഹമ്മദ് നബിﷺയെ വിവാഹം അന്വേഷിക്കുമ്പോൾ പരിഗണിച്ചത് അ വിടുത്തെ സ്വഭാവമഹിമ മാത്രമായിരുന്നു.

## നബിﷺയുടെ സന്താനങ്ങൾ

ഖദീജയുടെ ആഗ്രഹമനുസരിച്ച് നബിﷺയുടെ പിതൃവ്യൻ അബൂത്വാലിബിന്റെ നേതൃത്വത്തിൽ ആ വിവാഹം നടന്നു. നബിﷺയുടെ ആദ്യവിവാഹവും ഖദീജയുടെ മൂന്നാമത്തെ വിവാഹവും. ഇരുപത്തി അഞ്ച് കൊല്ലം നീണ്ടുനിന്നതായിരുന്നു ആ ദാമ്പ ത്യജീവിതം. നബിﷺക്ക് ഉണ്ടായ ഏഴ് മക്കളിൽ ആ റും ഖദീജയിൽ നിന്നാണ് ഉണ്ടായത്. ഖദീജയിൽ നിന്നല്ലാതെ നബിﷺക്ക് ഉണ്ടായ കുട്ടിയുടെ പേര് ഇ ബ്‌റാഹീം എന്നായിരുന്നു. മാരിയത്തുൽ ക്വിബ്ത്വി യ്യ യിൽ ആണ് ഇബ്‌റാഹീം ജനിച്ചത്. ഖദീ ജയിൽ ആദ്യം ജനിച്ചത് ക്വാസിം എന്ന കുട്ടിയാ യിരുന്നു. ഈ കുട്ടിയിലേക്ക് ചേർത്തുകൊണ്ടായി രുന്നു മക്കക്കാർ 'അബുൽക്വാസിം' (ക്വാസിമിന്റെ പിതാവ്) എന്ന് നബിﷺയെ വിളിച്ചിരുന്നത്. ക്വാസിം എന്ന കുഞ്ഞ് ഒരു വയസ്സ് പൂർത്തിയാകുന്നതിന് മു മ്പ് മരണപ്പെട്ടു. പിന്നീട് അബ്ദുല്ലാഹ് എന്ന കുട്ടി ജ നിച്ചു. ത്വാഹിർ, ത്വയ്യിബ് എന്നീ വിളിപ്പേരുകളും ആ കുട്ടിക്ക് ഉണ്ടായിരുന്നു. ഈ കുട്ടിയും കുഞ്ഞുനാ ളിൽതന്നെ മരണപ്പെടുകയുണ്ടായി. ഈ രണ്ട് ആൺ കുട്ടികളും സൈനബ്, റുക്വിയ്യ, ഉമ്മുകുൽസൂം, ഫാത്വിമ എന്നീ നാല് പെൺകുട്ടികളുമായിരുന്നു നബിﷺക്ക് ഖദീജയിൽ ജനിച്ചത്.

നബിﷺക്ക് പിറന്ന മൂന്ന് ആൺമക്കളും ചെറുപ്പ ത്തിൽ തന്നെ മരണപ്പെട്ടു എന്ന് നാം മനസ്സിലാക്കി. നബിﷺക്ക് ജനിക്കുന്ന ആൺകുട്ടികളെല്ലാം ചെറു പ്പത്തിൽതന്നെ മരണപ്പെടുക എന്നത് അല്ലാഹുവിന്റെ ഒരു തീരുമാനമായിരുന്നു. അവിടുത്തെ ആൺമക്കൾ ചെറുപ്പത്തിലേ മരണപ്പെട്ടതിനാൽ ശത്രുക്കൾ ന ബിﷺയെ കളിയാക്കിയിരുന്നു. മുഹമ്മദിന്റെ ആദർശം ഏറ്റെടുക്കാൻ ആൺമക്കൾ ആരും ഇല്ലെന്നും അ ദ്ദേഹത്തിന്റെ മരണത്തോടെ അദ്ദേഹത്തിന്റെ ആദർ ശവും നശിക്കുമെന്നും അവർ പറഞ്ഞിരുന്നു. അവ രുടെ ആ പരിഹാസത്തിന് അല്ലാഹു ശക്തമായ മ റുപടി ക്വുർആനിലൂടെ നൽകിയിട്ടുണ്ട്. ആ ഭാഗം ശേഷം വിവരിക്കുന്നുണ്ട്, ഇൻശാ അല്ലാഹ്.

നബിﷺക്ക് ഈ മക്കളെല്ലാം ജനിച്ചത് അവിടുത്തെ പ്രവാചകത്വത്തിന് മുമ്പായിരുന്നു. നുബുവ്വത്ത് ല ഭിച്ചതിന് ശേഷം നബിﷺ മക്കൾക്ക് ഇസ്‌ലാമിനെ പരിചയപ്പെടുത്തി. അവർ നാലുപേരും അത് സ്വീക രിച്ചു. നബിﷺയുടെ കൂടെ അവർ എല്ലാവരും ഉറച്ചു നിന്നു. ഹിജ്റ പോയവരുടെ കൂട്ടത്തിലും ഈ നാല് പെൺമക്കൾ ഉണ്ടായിരുന്നു. ഇവരിൽ ഫാത്വിമ ഒ ഴികെയുള്ളവരെല്ലാം നബിﷺയുടെ വഫാത്തിന് മു



മ്പുതന്നെ മരണപ്പെട്ടു. നബിﷺയുടെ മരണം അടുത്ത സമയത്ത് മകൾ ഫാ ത്വിമയെ അവിടുന്ന് അടുത്തേക്ക് വി ളിച്ചു. എന്നിട്ട് മകളുടെ കാതിൽ എ ന്തോ ഒരു സ്വകാര്യം പറഞ്ഞു. അ പ്പോൾ അവർ കരഞ്ഞു. ശേഷം മറ്റൊ രു സ്വകാര്യവും നബിﷺ പറഞ്ഞു. അ പ്പോൾ അവർ ചിരിക്കുകയും ചെയ്തു. നബിﷺയുടെ മരണശേഷം ഫാത്വിമ ആ സംഭവത്തെക്കുറിച്ച് ചോദിക്കപ്പെ ടുകയുണ്ടായി. 'അല്ലാഹുവിന്റെ റ സൂൽﷺ ആദ്യം എന്നോട് അവിടുത്തെ വഫാത്തിനെ പറ്റി പറഞ്ഞു, അപ്പോൾ ഞാൻ കരഞ്ഞു. പിന്നീട് നീയായിരി ക്കും എന്നോട് ആദ്യം ചേർന്നുവരിക എന്ന് പറഞ്ഞു, അപ്പോൾ ഞാൻ ചി രിക്കുകയും ചെയ്തു' എന്ന് അവർ അ തിനെക്കുറിച്ച് പറഞ്ഞുകൊടുക്കുകയു ണ്ടായി. നബിﷺയുടെ വഫാത്തിന് ശേ ഷം ആറു മാസം പൂർത്തിയായപ്പോൾ സ്വർഗസ്ത്രീകളുടെ നേതാവ് എന്ന പേരിൽ അറിയപ്പെടുന്ന ഫാത്വിമയും ഇഹലോകവാസം വെടിഞ്ഞു.

യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ
ynadwi@gmail.com

ലേഖനം



# ജമാഅത്തെഇസ്‌ലാമി: പേജിലും വെള്ളിത്തിരയിലും രാഷ്ട്രീയത്തിലും നൽകുന്ന സന്ദേശം

## 3

വർഷങ്ങൾ പിന്നിട്ടു; സിമിക്കാരുടെ ഭാഷയിൽ പറഞ്ഞാൽ 'അഭിനവ അബ്ബാസികൾ ജമാഅത്തിന്റെ അമരത്ത് ഇരിപ്പുറപ്പിച്ചു.' സിനിമയും പാട്ടും കൂത്തും വാദ്യോപകരണങ്ങളും നടീനടന്മാരും നടനങ്ങളും അഭിനവ ജമാഅത്തുകാർക്ക് ദീനിന്റെ 'റുക്ൻ' ആയിത്തീർന്നു. ഇതിനിടയിലാണ് (2014ൽ) ബംഗ്ലാദേശിൽ ആ സംഭവം ഉണ്ടായത്. 1971ൽ നടന്ന ബംഗ്ലാദേശ്-പാകിസ്ഥാൻ യുദ്ധത്തിലെ കുറ്റവാളികളായിബംഗ്ലാദേശ് ജമാഅത്ത് നേതാവ് മൗലാനാ അബ്ദുൽ ഖാദർ മുല്ലയെയും സഹപ്രവർത്തകരെയും കണ്ടെത്തി. ജമാഅത്തുകാരുടെ ഭാഷയിൽ പറഞ്ഞാൽ 'അന്താരാഷ്ട്ര മനുഷ്യാവകാശ സംഘടനകളുടെ ഇടപെടലുകളെ പരിഗണിക്കുകപോലും ചെയ്യാതെ' അവരിലെ പല പ്രമുഖന്മാരെയും ഒന്നിനുപിറകെ ഒന്നായി ബംഗ്ലാദേശ് സർക്കാർ തൂക്കിലേറ്റി.

ഈ സമയം അങ്ങകലെ അറേബ്യൻ ഗൾഫിൽ അത്തറിന്റെ മണമുള്ള അന്തരീക്ഷത്തിൽ 'അഭിനവ അബ്ബാസി ഖലീഫമാർക്ക്' എന്തായിരുന്നു പണിയെന്ന് ആരും ചോദിക്കരുത്. ആദരണീയ ഇമാറത്തിന്റെ ആശിർവാദത്തോടെ സിനിമാരംഗത്തെ 'നക്ഷത്രതുല്യരെ' കെട്ടിപ്പിടിക്കലും മുത്തംകൊടുക്കലും ആദരിക്കലും പൊന്നാടയണിയിക്കലുമായിരുന്നു പണി. ബംഗ്ലാദേശിലെ 'സമാദരണീയരായ' നേതാക്കൾ ക്രൂരമായി പീഡിപ്പിക്കപ്പെട്ട ദിനരാത്രങ്ങളിൽ ഏഴാം കടലിനക്കരെ അത്തറിന്റെ മണമുള്ള മണ്ണിൽ ഇങ്ങനെയൊരു തട്ടുപൊളിയൻ പരിപാടിക്ക് ചുക്കാൻ പിടിച്ച ജമാഅത്ത് ഇമാറത്തും മീഡിയയും സമൂഹത്തിന് കൈമാറിയ സന്ദേശമെന്തായിരുന്നുവെന്ന് 'ചോദ്യം ചോദിപ്പിച്ച്' പോലും 'മുജീബ്' ഉത്തരം പറഞ്ഞുകണ്ടില്ല.

സ്ത്രീസമൂഹത്തെ സംരക്ഷിക്കാനും അവർക്ക് സുരക്ഷിതത്വം നൽകാനും സാധിക്കാത്ത സമൂഹങ്ങൾക്ക് പുരോഗതിയിലേക്കുള്ള പ്രയാണത്തിൽ ശക്തി നഷ്ടപ്പെടുമെന്ന വിഷയത്തിൽ ഇരുപക്ഷമില്ല. മൂല്യവത്തായ സംവിധാനത്തിലൂടെ മാത്രമെ അതിന് സാധ്യമാകൂ. സീരിയലുകൾ, സിനിമകൾ, പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ സ്ത്രീസമൂഹത്തെപ്പറ്റിയുള്ള കാഴ്ചപ്പാടുകൾ രൂപപ്പെടുത്തുന്നതിൽ ശരിയോ തെറ്റോ ആയ പങ്കുവഹിക്കുന്നുണ്ട്. ഇസ്‌ലാമിന്റെ സമഗ്രത അവകാശപ്പെടുന്ന സംഘടനയുടെ ചാനൽ നടത്തുന്ന കോമാളിത്തരങ്ങൾ സ്ത്രീസമൂഹത്തിന്റെ നിലയും വിലയും ഇടിച്ചുതാഴ്ത്താനേ ഉപകരിച്ചിട്ടുള്ളൂ.

സകലനിയന്ത്രണങ്ങളും പരിധികളും വിലക്കുകളും ലംഘിച്ചുകൊണ്ട് ഒറ്റയാനെപ്പോലെ എല്ലാം തകർത്തുകൊണ്ടുള്ള മുന്നേറ്റമാണ് സ്ത്രീകളുടെ പിന്നാക്കാവസ്ഥക്കു പരിഹാരമെന്ന 'കേരള ജമാഅത്ത് വീക്ഷണം' പൊടിപിടിച്ചുകിടക്കുന്ന ഫെമിനിസ്റ്റ് വാദങ്ങളെ പൊടിതട്ടിയെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായേ കാണാനാവൂ. ഫെമിനിസത്തെയും ട്രാൻസ് ജെൻഡർ അവകാശങ്ങളെയും ഉയർത്തിക്കാട്ടിയുള്ള കേരള ജമാഅത്തുകാരുടെ തുർക്കിമോഡൽ ചുവടുവയ്പുകൾ ഇതിലേക്കാണ് വെളിച്ചം വീശുന്നത്.

മഹല്ല് ശാക്തീകരണത്തിലെ സ്ത്രീ പ്രാതിനിധ്യത്തിനുവേണ്ടി വാദിച്ചും കലഹിച്ചും വിലപിച്ചും ജമാഅത്ത് വനിതാവിഭാഗം പ്രതിനിധി എഴുതിയ ലേഖനത്തിൽ വിവാദനായകനായ ഒരു മുസ്‌ലിം ശൈഖുനായെ പരാമർശിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ പരാമർശങ്ങൾ മുസ്‌ലിം പെണ്ണിന്റെ ശിരസ്സിനെ വീണ്ടും താഴ്ത്തികളഞ്ഞുവെന്നാണ് അവരുടെ അഭിപ്രായം.[13] വാസ്തവത്തിൽ ഇസ്‌ലാമിനെ പ്രഹരിക്കാൻ ശത്രുക്കൾക്ക് ഇടം നൽകുന്ന ജമാഅത്ത് ചാനൽ/പേജുകൾ കൊണ്ടുള്ള അപകടം ഇതിന്റെ എത്രയോ പതിന്മടങ്ങാണെന്ന് വകതിരിവുള്ളവർക്ക് തിരിച്ചറിയാൻ സാധിക്കും.

ചാനലിനും സിനിമാനിർമാണത്തിനും പണമെറിയുന്നതിന് മുമ്പേതന്നെ ജമാഅത്ത് മീഡിയ പ്രതിനിധികൾ സാരിയുടുത്ത സുന്ദരിമാരുടെ പിന്നാലെ പായുന്ന കാഴ്ച വ്യാപകമായി കാണാനായി. പ്രബോധനവും ആരാമവും ഇതിനായി പരസ്പരം മത്സരിക്കുകയായിരുന്നോ എന്ന് തോന്നിപ്പോയത് സ്വാഭാവികം. സാരിയുടുക്കുന്നതിന്റെ ഫളാഇലും പുണ്യവും പറയിക്കുക, പർദയുടെ കറുപ്പിൽ മുഴച്ചുനിൽക്കുന്ന അപരിചിതത്വം ചികഞ്ഞുമാന്തി പുറത്തിടുക, സാരിയുടുക്കുമ്പോഴുണ്ടാകുന്ന സമഗ്രദേശീയതക്ക് 'ലൈക്ക്' നൽകുക തുടങ്ങിയ വിശാല അജണ്ടകളുമായുള്ള ലേഖകന്മാരുടെ പ്രയാണം കണ്ടപ്പോൾ ജമാഅത്തുകാർ സാരി/ബ്ലൗസ് ഫാക്ടറി തുടങ്ങിയോ, അതിലും മുതലിറക്കിയോ എന്ന് സംശയിച്ചിരുന്നു.

ജമാഅത്ത് ബിനാമികൾ മുതലിറക്കി സിനിമ നിർമിക്കുമ്പോൾ പർദയണിഞ്ഞ ബീവിമാർ സ്വാഭാവികമായും തിയേറ്ററിൽ എത്തി ഇതു കാണാനുള്ള സന്മനസ്സ് കാണിക്കില്ലന്ന് അവർക്ക് അറിയാം. അതിനാൽ തൽക്കാലം പർദയിൽനിന്നും 'മോചിപ്പിച്ച്' 'അപരിചിതത്വം' മാറ്റിവച്ചിട്ടെങ്കിലും തങ്ങളുടെ മുത്തായ സിനിമ അവർ കണ്ട് സായൂജ്യമടഞ്ഞ് ഇറക്കിയ മുതല് തിരികെപിടിക്കാൻ സാധിക്കട്ടെയെന്ന ലക്ഷ്യത്തിലാണ് ഈ പ്രയാണമെന്നൊക്കെ ആർക്കാണ് തിരിച്ചറിയാൻ കഴിവില്ലാത്തത്.

സിനിമയെക്കുറിച്ചുള്ള വ്യാപകമായ ചർച്ചകളും നിർമാണവും അഭിനയവും പാട്ടും കൂത്താട്ടവുമൊക്കെ മൗദൂദി സാഹിബ് വഫാത്തായതോടെ പ്രസ്ഥാനത്തിൽ നുഴഞ്ഞുകയറി(കയറ്റി)യെന്ന് അനുമാനിക്കാം. സ്ത്രീ വിമോചനമെന്നാൽ പെണ്ണ് പുരുഷനെപ്പോലെ എല്ലാരംഗത്തും സ്ഥാനം കയ്യാളലാണെന്ന് ആദ്യമായി ഗവേഷണം നടത്തി ഗ്രന്ഥരചന നടത്തിയത് അറബ് സോഷ്യലിസ്റ്റ് ആയിരുന്ന ഖാസിം അമീനായിരുന്നു. അദ്ദേഹത്തിന്റെ വിവാദരചന 'അൽമർഅതുൽജദീദ' ഉർദുവിലേക്ക് പരിഭാഷപ്പെടുത്തിക്കൊണ്ടാണ് സയ്യിദ് മൗദൂദി കടന്നുവരുന്നത്. ഒരു കാലത്ത് സോഷ്യലിസ്റ്റ് വികല ചിന്തകൾ സ്വാധീനിക്കപ്പെട്ട സയ്യിദ് മൗദൂദിയിൽ പിന്നീട് മാറ്റങ്ങളുണ്ടായി. തന്റെ

മുൻമുഖ്യമന്ത്രിയും കോൺഗ്രസ്സിന്റെ അഖിലേന്ത്യാ നേതാവുമായ എ.കെ. ആന്റണി ഒരിക്കൽ തുറന്നു പറഞ്ഞിരുന്നു. കെ.കെ.ജയചന്ദ്രൻ, വി.കെ.ചന്ദ്രൻ, ടി.പി.രാമകൃഷ്ണൻ എന്നിവരെ മുഖ്യമന്ത്രി രേഖാമൂലം അറിയിച്ചതാണിക്കാര്യം.[14]

പൂർവകാല ശത്രുവിന്റെ കയ്യും കാലും പിടിച്ചിട്ടെങ്കിലും എങ്ങനെയും ഭരണസിരാകേന്ദ്രത്തിലെത്തി കൊടിവച്ച കാറിൽ പായണമെന്ന വ്യാമോഹം കാലങ്ങളായി മനസ്സിൽ താലോലിച്ചിരുന്നത് വീണ്ടും പൊടിതട്ടി പുറത്തെടുത്തിരിക്കുകയാണ് ജമാഅത്തെ ഇസ്‌ലാമി. ഒരുകാലത്ത് ത്വാഗൂത്തും ശിർക്കും മഹാ അപരാധവുമായിരുന്ന അധികാര സ്ഥാനമാനങ്ങൾ എങ്ങനെയും കരസ്ഥമാക്കാനുള്ള തത്രപ്പാടിലാണ് കേരളത്തിലെ ജമാഅത്ത് നേതാക്കൾ. ഒളിഞ്ഞും തെളിഞ്ഞും സ്വതന്ത്രരായും അതിനുള്ള നീക്കുപോക്കുകൾ ആരംഭിച്ചുകഴിഞ്ഞു.

ജമാഅത്തുകാരുടെ നിർദേശങ്ങളെ അനുസരിക്കുകയും അതനുസരിച്ച് സമ്മതിദായകാവകാശം വിനിയോഗിക്കുകയും ചെയ്യുന്ന എത്രപേർ ഓരോ വാർഡിലുമുണ്ടെന്ന് വോട്ടർപട്ടിക കാണിച്ച് തെളിയിക്കാനുള്ള എതിർമുഖങ്ങളുടെ വെല്ലുവിളികൾ ജമാഅത്തുകാർ കണ്ടില്ലെന്ന് നടിക്കുകയാണ്. ഒരുകാലത്ത് വോട്ടുചെയ്യൽ കുഫ്‌റും ശിർക്കും ത്വാഗൂത്തുമായിരുന്നതിനാൽ വോട്ടേഴ്‌സ് ലിസ്റ്റിൽ പേരുചേർക്കാനോ, വോട്ട് ഉറപ്പാക്കാനോ ഉള്ള മനഃസ്ഥിതിയൊന്നും പല ജമാഅത്തുകാർക്കും ഉണ്ടായിരുന്നില്ല. ഇന്നും അതേനില തുടർന്നുവരുന്നവരാണ് പ്രമുഖന്മാരായ പല ജമാഅത്തുകാരും. അവരാണ് ഈ രാഷ്ട്രീയ പ്രവേശനത്തിന് അംഗശുദ്ധിവരുത്തി മുസ്‌ല്യുമായി ലീഗ്-കോൺഗ്രസ് ആസ്ഥാനങ്ങളിൽ കയറിയിറങ്ങുന്നത്.

മൗദൂദി സാഹിബ് വ്യാഖ്യാനിച്ച് വികലമാക്കിയ ചിന്തകളിലൂടെ കേരളത്തിലെ ചില മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളുടെ ക്വബ്‌റടക്കം നടത്തിക്കാണാമെന്ന ജമാഅത്തുകാരുടെ വ്യാമോഹങ്ങൾക്ക് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. മൗദൂദി സാഹിബ് ആവിഷ്‌ക്കരിച്ചെടുത്ത ചിന്തകൾ അദ്ദേഹത്തിന്റെ ജീവിതകാലത്ത് ഇന്ത്യയിലെയോ പാകിസ്ഥാനിലെയോ ഒരു ഗ്രാമപഞ്ചായത്തിൽ പോയിട്ട് ഒരു വാർഡിൽ പോലും പ്രാവർത്തികമാകുന്നത് കണ്ട് സായൂജ്യമടയാനുള്ള സൗഭാഗ്യം അദ്ദേഹത്തിനുണ്ടായില്ല. മാത്രമല്ല എന്നും കലാപകലുഷിതമായ ഒരന്തരീക്ഷം സൃഷ്ടിക്കാൻ മാത്രമെ അദ്ദേഹത്തിന്റെ ദുർവ്യാഖ്യാനങ്ങളും വീക്ഷണങ്ങളും ഉപകരിച്ചിട്ടുള്ളൂ. വിഭജനത്തിനുമുമ്പും അതിനുശേഷവും ഒരുദിവസമെങ്കിലും സമാധാനത്തോടെ കണ്ണടക്കാൻ അവസരം ലഭിക്കാത്ത സാധുക്കളാണ് അതിർത്തിക്കപ്പുറത്തുള്ളതെന്ന് തിരിച്ചറിയുന്നിടത്താണ് ഈ വികലചിന്തകൾ പരാജയപ്പെടുന്നത്.

**“ മൗദൂദി സാഹിബ് വ്യാഖ്യാനിച്ച് വികലമാക്കിയ ചിന്തകളിലൂടെ കേരളത്തിലെ ചില മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളുടെ ക്വബ്‌റടക്കം നടത്തിക്കാണാമെന്ന ജമാഅത്തുകാരുടെ വ്യാമോഹങ്ങൾക്ക് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. മൗദൂദി സാഹിബ് ആവിഷ്‌ക്കരിച്ചെടുത്ത ചിന്തകൾ അദ്ദേഹത്തിന്റെ ജീവിതകാലത്ത് ഇന്ത്യയിലെയോ പാകിസ്ഥാനിലെയോ ഒരു ഗ്രാമപഞ്ചായത്തിൽ പോയിട്ട് ഒരു വാർഡിൽ പോലും പ്രാവർത്തികമാകുന്നത് കണ്ട് സായൂജ്യമടയാനുള്ള സൗഭാഗ്യം അദ്ദേഹത്തിനുണ്ടായില്ല. മാത്രമല്ല എന്നും കലാപകലുഷിതമായ ഒരന്തരീക്ഷം സൃഷ്ടിക്കാൻ മാത്രമെ അദ്ദേഹത്തിന്റെ ദുർവ്യാഖ്യാനങ്ങളും വീക്ഷണങ്ങളും ഉപകരിച്ചിട്ടുള്ളൂ. വിഭജനത്തിനുമുമ്പും അതിനുശേഷവും ഒരുദിവസമെങ്കിലും സമാധാനത്തോടെ കണ്ണടക്കാൻ അവസരം ലഭിക്കാത്ത സാധുക്കളാണ് അതിർത്തിക്കപ്പുറത്തുള്ളതെന്ന് തിരിച്ചറിയുന്നിടത്താണ് ഈ വികലചിന്തകൾ പരാജയപ്പെടുന്നത്. ”**

‘പർദ’യെന്ന രചനയിലൂടെ സോഷ്യലിസ്റ്റുകളുടെ ഫെമിനിയൻ വാദങ്ങൾക്ക് അദ്ദേഹം കൃത്യമായ മറുപടിയും നൽകി. ‘പർദ’യെ എവിടെയെങ്കിലും പ്രാവർത്തികമാക്കിയാൽ ചാനൽ, അഭിനയം, സിനിമാനിർമാണം, വെൽഫെയർ പാർട്ടി തുടങ്ങിയ എണ്ണമറ്റ സംരംഭങ്ങൾക്ക് താഴിടേണ്ടിവരുമെന്ന് ജമാഅത്തുകാർക്ക് നന്നായറിയാം. അതിനാൽ ഈ വിഷയത്തിൽ മൗനം പിന്നെയും ബാക്കിയാണ്. ക്വാസിം അമീൻ തുടക്കമിട്ടതും മൗദൂദി സാഹിബ് കുഴിച്ചുമൂടിയതുമായ ഫെമിനിസത്തെ പുതിയ കുപ്പിയിൽ ഇറക്കുമതി ചെയ്യലാണ് പുതിയ ഇമാറത്തിന്റെ ദൗത്യം.

കേരള സംസ്ഥാനത്ത് 13 മതതീവ്രവാദി സംഘടനകൾ ഉണ്ടെന്നും ജമാഅത്തെ ഇസ്‌ലാമിയും തീവ്രവാദികളുടെ പട്ടികയിലാണെന്നും കേരളത്തിലെ

മൗദൂദി സാഹിബിന്റെ ചിന്തകൾ പ്രാവർത്തിക മാക്കണമെങ്കിൽ ഇവിടംവിട്ട് 'ഹിജ്‌റ' ചെയ്യേണ്ടിവ രുമെന്ന് മൗദൂദി സാഹിബിന്റെ വീക്ഷണങ്ങളെ അ ടുത്തറിഞ്ഞ ഖർളാവി ശിഷ്യൻ ഒ.അബ്ദുള്ള പറഞ്ഞ ത് അതിന്റെ മുഖ്യാർഥത്തിൽ തന്നെ ഉൾക്കൊള്ളേ ണ്ടതുണ്ട്. കേവലം ഉട്ടോപ്യൻ വീക്ഷണങ്ങൾ മാത്രം ആവിഷ്‌ക്കരിച്ചും അവതരിപ്പിച്ചും പരിശീലിച്ച ജമാ അത്തുകാർക്ക് സമഗ്രരാഷ്ട്രീയ സംവിധാനത്തിൽ എ ന്തു സംഭാവനകളാണ് നിർവഹിക്കാനുള്ളതെന്ന് കാ ത്തിരുന്ന് കാണേണ്ടിയിരിക്കുന്നു.

കോടമ്പാക്കത്തെ ഡാൻസറായിരുന്ന ഫിലിംസ്റ്റാർ സീമയുടെ 'മഹനീയ ജീവചരിത്രം' മലയാളികൾ ക്ക് വായിക്കാനും സീമയുടെ 'മഹത്ത്വപൂർണമായ ജീവിതസൗരഭ്യം' മലയാളി കുടുംബങ്ങൾക്ക് ഒപ്പി യെടുത്ത് ജീവിതത്തിൽ പകർത്താനുമുള്ള 'മഹനീയ സൗഭാഗ്യം' സമഗ്ര ഇസ്‌ലാമിക പ്രസ്ഥാനം സ്വദ ക്വയുടെയും സകാത്തിന്റെയും പിൻബലത്തിൽ നിർ വഹിച്ചതുകൂടി ചേർത്തുവായിക്കുമ്പോഴാണ് ജമാഅ ത്തെ ഇസ്‌ലാമി കാലങ്ങളായി പ്രചരിപ്പിച്ചുകൊണ്ടി രിക്കുന്ന 'ഇസ്‌ലാം: സമഗ്ര ജീവിതപദ്ധതി'യെന്ന ആശയം പൂർണമാകുന്നത്.

താൻ കോടമ്പാക്കത്തെ കേവലമൊരു ഡാൻസർ മാത്രമായിരുന്നുവെന്ന് സീമ തന്നെ സമ്മതിച്ച വിവരം ജമാഅത്ത് മാധ്യമം തുറന്നുപറഞ്ഞത് ഭാഗ്യമായി കരുതാം! അവളുടെ രാവുകളെന്ന മസാല ചിത്രത്തി ന്റെ കഥ 'മാധ്യമം' വീക്കിലിയിലൂടെ മലയാളികളെ ക്കൊണ്ട് വായിപ്പിച്ച് സായൂജ്യമടയാൻ കുതന്ത്രശാ ലികളായ ജമാഅത്തുകാർ സിനിമയു ടെ പേരിലും അട്ടിമറിനടത്തിയത് ഏ റെ കൗതുകകരമാണ്. ഒരു ലൈംഗി ക തൊഴിലാളിയുടെ ജീവിതാനുഭവമാ ണ് സിനിമയുടെ പശ്ചാത്തലമെന്ന ആ രോപണത്തെ പ്രതിരോധിക്കാനുള്ള ത ന്ത്രത്തിന്റെ ഭാഗമാണ് 'സീമയുടെ ആ ത്മഭാഷണം; എന്റെ രാവുകളും പുലരി കളും' എന്ന പേരുമാറ്റമെന്ന് അരിയാ ഹാരം കഴിക്കുന്ന മലയാളികൾ തിരി ച്ചറിഞ്ഞിട്ടുണ്ട്.

'നല്ല വശങ്ങളിൽ സംതൃപ്തരാകു ന്നതിനുപകരം ന്യൂനതകൾ മനസ്സിലാ ക്കുകയും അസ്വസ്ഥരാവുകയും ചെ യ്യാനുള്ള' മൗദൂദി സാഹിബിന്റെ റുദാ ദിലെ ഉപദേശത്തെ മെമ്പർഷിപ്പിന് വേ ണ്ടി വായിച്ച അനുഭവമുള്ളതിനാലാ കും അവിടെയും ഇവിടെയുമൊക്കെ ഒറ്റപ്പെട്ട പൊട്ടലും ചീറ്റലും പ്രതികരണ ങ്ങളായി പ്രത്യക്ഷപ്പെട്ടിരുന്നു.

മുൻ അഖിലേന്ത്യാ യുവജനസംഘ ടനാ നേതാവുമുതൽ സാമ്പത്തിക രം ഗത്തെ അഴിമതിക്കഥ പരസ്യമാക്കിയ ഖാലിദ് മൂസാ നദ്‌വി വരെയുള്ളവർ 'സീമാനുഭവങ്ങളെ'പ്പറ്റി എതിർപ്പ് പ്ര കടിപ്പിക്കുന്ന പോസ്റ്റുകൾ സോഷ്യൽ മീഡിയയിൽ പ്രസിദ്ധപ്പെടുത്തിയിരു ന്നു. 'പരസ്യമായി' ചെയ്യുന്ന ഇത്തരം നാറ്റക്കേസുകളെ പരസ്യമായി വിമർ ശിക്കരുതെന്നും അത് 'രഹസ്യമായി' ഇമാറത്തിന്റെ ബഹുമാനപ്പെട്ട കാ തിൽ എത്തിച്ച് പരിഹാരം തേടണമെ ന്നും ഉപദേശിക്കുന്ന സ്‌നേഹമയികൾ അവിടെയും പ്രത്യക്ഷപ്പെട്ടു. മര്യാദക്ക് തുണിയുടുക്കാതെ വിപണിയിൽ പ്ര ത്യക്ഷപ്പെടുന്ന സിനിമാതാരത്തെ പാ വാട ഉടുപ്പിച്ച ജമാഅത്ത് മീഡിയയു ടെ ബിസിനസ് തന്ത്രവും ഇവിടെ പ്ര ത്യേകം ശ്രദ്ധേയമായി. കടലിൽ കാ യം കലക്കിയ മാതിരി, മുരുക്കുംപെട്ടി യിൽനിന്നും കോർപ്പറേറ്റുകളിലേക്ക് പ റിച്ചുനടാനുള്ള തിരക്കേറിയ പ്രയാണ ത്തിനിടയിൽ 'സമഗ്ര ഇസ്‌ലാമിക പ്ര സ്ഥാനത്തിന് അണികളുടെ പരിഭവവും വിലാപങ്ങളും ശ്രവിക്കാൻ സമയം തി കയാതെ പോകുന്നത്' സ്വാഭാവികമാ ണല്ലോ.



അടിയന്തിരാവസ്ഥക്കാലത്ത് ജയി ലിലും തുടർന്ന് ജയിൽമോചനത്തിന് ശേഷവും ജമാഅത്തും സംഘപരിവാ

രങ്ങളും ഭായി-ഭായിയാണെന്ന് പ്രബോധനം വീക്കിലിയിൽ പലതവണ സമ്മതിച്ചതാണ്. ഇരുവരും മാപ്പപേക്ഷ നൽകി ജയിൽമോചനം നേടിയവരെന്ന നിലയിൽ ആ ബന്ധത്തിന് കൂടുതൽ സുദൃഢത സ്വാഭാവികമാണ്.

കേരളത്തിലെ ജമാഅത്തുകാർ ചാനലിനും പത്രത്തിനും പിന്നെ സിനിമക്കും പണം വാരി വിതറുന്നതിനും മുമ്പേ സയ്യിദ് മൗദൂദി സാഹിബ് തനിക്ക് ഈ വിഷയത്തിൽ പറയാനുള്ളത് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ചോദ്യങ്ങൾ ചോദിപ്പിക്കുന്ന 'മുജീബു'മാരും ദാവൂദ് നബിﷺയുടെ മസാമീറിനെ വാദ്യോപകരണമായി ദുർവ്യാഖ്യാനിക്കുന്നവരും ചാനലിൽനിന്നും ലാഭംപ്രതീക്ഷിച്ച് കഴിയുന്നവരും ഹറാമുകളെ ഹലാലുകളാക്കി മാറ്റാനുള്ള ചെപ്പടിവിദ്യകൾ കൈവശമുള്ള മൗലവി/അമീർമാരുമൊന്നും അന്ന് ഇല്ലാതിരുന്നതുകൊണ്ട് മൗദൂദി സാഹിബിന്റെ പല അഭിപ്രായങ്ങളും അപ്പാക്രിഫക്ക് വിധേയമാകാതെ മലയാളികൾ വായിച്ചു.

മൗദൂദി സാഹിബിന്റെ അഭിപ്രായത്തിൽ പറഞ്ഞാൽ സാമ്പത്തികരംഗം ദുഷിച്ചുപോകാൻ കാരണമായ വ്യക്തമായ വഴികേടുകളാണ് ഇസ്‌ലാമിക പ്രചാരണമെന്ന ഓമനപ്പേരിൽ ജമാഅത്തെ ഇസ്‌ലാമി ഇന്നിവിടെ നിർവഹിച്ചുകൊണ്ടിരിക്കുന്നത്. മൗദൂദി സാഹിബ് എഴുതി: "വേശ്യാസ്ത്രീകൾ, ഭാര്യമാരെ കൂലിക്കുവെക്കുന്നവർ, കൂട്ടിക്കൊടുക്കുന്നവർ എന്നിവരുടെ ഒരുസൈന്യം രൂപീകരിക്കപ്പെട്ടു. അവർക്ക് സംഗീതവും ഒരാവശ്യമായിരുന്നു. അതിനായി പാട്ടുകാർ നർത്തക, നർത്തകിമാർ, വീണവലിക്കാർ, മ്യൂസിക് ഉപകരണങ്ങൾ തയ്യാറാക്കുന്നവർ എന്നിവരുടെ മറ്റൊരു സൈന്യവും തയ്യാറാക്കപ്പെട്ടു. അവർക്ക് കണക്കില്ലാത്തവിധത്തിലുള്ള ആനന്ദോല്ലാസങ്ങളും കളിതമാശകളും ആവശ്യമായിരുന്നു. അതിനായി വിദൂഷകന്മാർ, അഭിനയക്കാർ, നടീനടന്മാർ, കാഥികന്മാർ, ചിത്രകാരന്മാർ, കൊത്തുപണിക്കാർ എന്നിങ്ങനെ നിരവധി അനാവശ്യതൊഴിലാളികളുടെ ഒരുവലിയ സംഘവും ഒരുക്കപ്പെട്ടു. അവർക്ക് വേട്ടയും ആവശ്യമായിരുന്നു. അതിനായി വളരെയധികമാളുകൾ വല്ല ഫലപ്രഥമായ ജോലിയും നിർവഹിക്കുന്നതിനുപകരം വനങ്ങളിൽ കാട്ടുമൃഗങ്ങളെ ആട്ടിത്തെളിക്കുന്ന ജോലിയിൽ നിശ്ചയിക്കപ്പെട്ടു. അവർക്ക് ലഹരിപിടിച്ച് മത്തുമറിയലും ഒരാവശ്യമായിരുന്നു. അതിനായി കള്ള്, ബ്രാണ്ടി, അവീൻ, കഞ്ചാവ് മുതലായ ലഹരിപദാർഥങ്ങൾ ശേഖരിക്കാനായി വളരെയാളുകൾ നിയമിക്കപ്പെട്ടു. ചുരുക്കത്തിൽ പിശാചിന്റെ ഈ സഹോദരന്മാർ സൊസൈറ്റിയിലെ ഒരു വൻവിഭാഗത്തെ ധാർമികവും ആത്മീയവും ശാരീരികവുമായി നാശഗർത്തത്തിൽ ആപതിക്കാൻ നിർദയം വിട്ടുകളഞ്ഞു. മാത്രമല്ല, മറ്റൊരു വലിയവിഭാഗത്തെ ശരിയും ഫലപ്രദവുമായ പ്രവൃത്തികളിൽനിന്നും തെറ്റിച്ചു നിരർഥവും നിന്ദ്യവും നീചവും ദോഷകരവുമായ ജോലികളിൽ ഏർപ്പെടുത്തുകയും നാഗരികതയുടെ ഗതിയെ നേർമാർഗത്തിൽനിന്നും തെറ്റിച്ച് മനുഷ്യനെ ആപത്തിലേക്കും നാശത്തിലേക്കും കൊണ്ടുപോകുന്ന ദുർമാർഗങ്ങളിലേക്ക് തിരിച്ചുവിടുകയും ചെയ്യുകവഴി കൂടുതൽ അക്രമം പ്രവർത്തിക്കുകയും ചെയ്തു..."[15]

ഈ വരികൾകൊണ്ടുമാത്രം സയ്യിദ് മൗദൂദിസാഹിബിന്റെ അഭിപ്രായങ്ങളും വീക്ഷണങ്ങളും അവസാനിക്കുന്നില്ല. നിഷിദ്ധമായ ഇത്തരം മാർഗങ്ങളിലൂടെ അവിഹിതമായി സമ്പാദിക്കുന്ന നാണയത്തുട്ടുകളെ ഉദരപൂരണത്തിനുള്ള മാർഗങ്ങളാക്കി മാറ്റരുതെന്നും അദ്ദേഹം ഗൗരപൂർവം ഉപദേശിക്കുകയും ചെയ്യുന്നു: "വ്യഭിചാരം, നൃത്തം, സംഗീതം മുതലായവയെയും ഇതേതരത്തിലുള്ള മറ്റുമാർഗങ്ങളെയും അനുവദനീയമായ ജീവിതസമ്പാദന മാർഗങ്ങളായി ഇസ്‌ലാം സമ്മതിക്കുന്നില്ല. ഒരുവ്യക്തിയുടെ ലാഭം മറ്റു ജനങ്ങളുടെയോ സൊസൈറ്റിയുടെയോ നഷ്ടത്തിന് കാരണമാക്കിയേക്കാവുന്ന എല്ലാ ജീവിതസമ്പാദന മാർഗങ്ങളെയും അതു കുറ്റകരമായി നിശ്ചയിച്ചിരിക്കുന്നു..."[16]

ഈസാ നബിﷺ പറഞ്ഞതായി ഇമാം അബൂഹാമിദിൽ ഗസ്സാലി(റഹ്) തന്റെ ഇഹ്‌യാ ഉലൂമുദ്ദീനിൽ രേഖപ്പെടുത്തുന്നു: "ദുഷിച്ച പണ്ഡിതന്മാരുടെ ഉപമ കക്കൂസിലെ ജലമൊഴുകുന്ന കാനപോലെയാകുന്നു. അതിന്റെ പുറമെ കുമ്മായവും ഉള്ളിൽ ദുർഗന്ധവുമാണ്. ശവക്കുഴികളെപ്പോലെയും അവരെ ഉപമിക്കാം. പുറമെ അത് പരിപാലിക്കപ്പെടുന്നു. ഉള്ളിലാകട്ടെ ശവങ്ങളുടെ എല്ലുകളും." പ്രബോധനം വീക്കിലിയിൽ അച്ചടിച്ചുവിട്ട ഈ വരികൾ എല്ലാവർക്കും ബാധകമാണെന്ന് ഓർമപ്പെടുത്തട്ടെ.

**(അവസാനിച്ചു)**

**Ref:**


13. മാധ്യമം: 2015 മാർച്ച് 22, ഞായർ

14. മലയാള മനോരമ: പേജ്: 04, 2002 ജൂലൈ 24, ബുധൻ

15. പേജ്:16-17

16. പ്രസിദ്ധീകരണം നമ്പർ: 07,
ഇസ്‌ലാമും സാമ്പത്തിക പ്രശ്നവും:
സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി, എഡിഷൻ: 1, അച്ചടി: 1952, ഇസ്‌ലാമിക് പബ്ലിഷിംഗ്ഹൗസ്, എടയൂർ കേരള ജമാഅത്തെ ഇസ്‌ലാമിക്ക് വേണ്ടി പ്രസിദ്ധീകരിച്ചത്.

17. https://www.prabodhanam.net/article/3855/207



പി.എൻ സോമൻ
mail@nerpatham.com

അനുഭവം

# ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം

5

**1990ൽ** എന്റെ ആത്മീയഗുരുവും മലദേവസ്ഥാനം വഹിക്കുന്ന കൊച്ചുവേലനുമായ സ്വന്തം അമ്മാവനുമായി ഉള്ളുതുറന്നൊരു ചർച്ച നടന്നു: ‘അമ്മാവാ, ലക്ഷക്കണക്കിനു ഭക്തജനങ്ങൾ ആരാധിക്കുന്ന ദൈവത്തിനു (ശ്രീ അയ്യപ്പൻ) ചാർത്താനുള്ള തിരുവാഭരണ പേടകങ്ങൾ അയ്യപ്പന്റെ പൂങ്കാവനത്തിൽ ഒരു മണിക്കൂർ സമയം വച്ച് പൂജിക്കുന്നതിന് നമ്മൾ  കൊടുക്കുന്ന പന്തൽ സർക്കാർ ഉദ്യോഗസ്ഥൻ പൊളിച്ചു കളയുന്നു. ഇത് സംരക്ഷേക്കേണ്ട ഉത്തരവാദിത്തം ഒന്നുകിൽ അയ്യപ്പഭക്തരായ ഹിന്ദുക്കൾക്കുണ്ട്. ഇല്ലെങ്കിൽ തിരുവാഭരണ ഉടമയായ ശ്രീ അയ്യപ്പനുണ്ട്. ആർക്കുമില്ലെങ്കിൽ തിരുവാഭരണത്തിന് മേലുള്ള ഒരു വിശ്വാസിയുടെ വിശ്വാസത്തിനെന്തു വിലയാണുള്ളത്? ആർക്കും സംരക്ഷണം കഴിയില്ലെങ്കിൽ നിരാശ്രയരായ നമ്മൾ, കാറ്റും മഴയും ഇരുളും പട്ടിണിയും ത്യാഗവും അനുഭവിച്ച് എന്തിനാണ് പീഡനങ്ങൾ അനുഭവിക്കുന്നത്? ആർക്കു വേണ്ടി? എന്തിനുവേണ്ടി? പന്തളം രാജാവ് ദക്ഷിണയായി തരുന്ന ഒരുപിടി പണവും (150/200 രൂപ) ചില സ്വാമിമാർ കോട്ടക്കുള്ളിൽ എറിഞ്ഞുതരുന്ന ചില്ലറ തുട്ടുകളും ഉടച്ച കുറെ നാളികേരവുമല്ലേ രണ്ടു മാസത്തെ അധ്വാനഫലം? പതിനാ

യിരം രൂപയെങ്കിലും ഒരു വർഷമെങ്കിലും കിട്ടിയിട്ടുണ്ടോ? ശബരിമല അയ്യപ്പ സന്നിധിയിൽ ഒരു ദിവസത്തെ വേണ്ടാ, ഒരു മണിക്കൂർ ലഭിക്കുന്ന നേർച്ചത്തുക 99 മലദേവന്മാരുടെ നേതാവായ തലപ്പാറ മലദേവന് ഉത്തരവാദപ്പെട്ടവർ നൽകിയാൽ, വേലനും പട്ടിണിപ്പാവങ്ങളായ എത്രയോ ഊരുവാസികളും ദാരിദ്ര്യത്തിൽനിന്നും രക്ഷപ്പെടും.' എന്റെയീ വാക്കുകൾക്കു മുമ്പിൽ അമ്മാവൻ മൗനം പാലിച്ചു!

അടിസ്ഥാനമില്ലാത്ത തോന്നലുകളെ വിശ്വാസമാക്കിയും ആചാരങ്ങളെ കർമമാക്കിയും പിൻതലമുറയിലേക്ക് പകർന്നുകൊടുക്കേണ്ട ആചാരം എന്നിൽകൂടിയും കടന്നുപോകേണ്ടതാണല്ലോ. ഹിന്ദുമതത്തിലെ ജാതീയ വേർതിരിവുകളും വിവേചനവും വിഭാഗീയതയുമടക്കമുള്ള പലതിനെക്കുറിച്ചും ആവർത്തിച്ചാവർത്തിച്ച് ചിന്തിച്ചതിന്റെ ഫലമായി എന്റെ മനസ്സിൽ ഉറഞ്ഞുകൂടിയ മുരടിപ്പും മരവിപ്പും അസഹനീയമായപ്പോൾ 1991ൽ ഹിന്ദുമതാചാരകർമങ്ങളുടെ അധ്യായത്തിൽനിന്നും ഞാൻ സ്വമേധയാ സ്വതന്ത്രനായി.

എന്റെ നാലുമക്കളെയും അന്ധവിശ്വാസത്തിലും അനാചാരങ്ങളിലും പെട്ടുപോകാതെ ദൈവവിശ്വാസികളായി പരിവർത്തനം ചെയ്ത് വളർത്താൻ വേണ്ടി ഞാൻ വളരെ ആഗ്രഹിച്ചു; അതിനായുള്ള ശ്രമങ്ങൾ തുടങ്ങി. അതിനായി ആദ്യം യഥാർഥ ദൈവത്തെ കണ്ടെത്തണം. ആയതിനു മതങ്ങളെ ആശ്രയിക്കുകയല്ലാതെ മാർഗമില്ല.

### ക്രിസ്തുമതത്തിലേക്ക്

അങ്ങനെ 1991ൽ ഞാൻ ക്രിസ്തുമതത്തിലേക്ക് ചേക്കേറി. ആദ്യംതന്നെ പട്ടികജാതിക്കാരുടെ 'പുതുക്രൈസ്തവർ സഭ'യിൽ കുടുംബസമേതം ചേർന്നു. ആദ്യദിവസം തന്നെ സഭാധ്യക്ഷനും അംഗങ്ങളും വളരെയധികം സ്നേഹാദരവോടെ ഞങ്ങളെ സ്വീകരിച്ചു. ദൈവവും മനുഷ്യരും തമ്മിലുള്ള ബന്ധം, മനുഷ്യനുമേൽ ദൈവത്തിനുള്ള ഉത്തരവാദിത്തം, സ്വർഗനരകങ്ങൾ, പുനർജന്മം തുടങ്ങിയ വിഷയങ്ങളിൽ സഭാധ്യക്ഷന്റെ വാചാലമായ പ്രസംഗം, വാദ്യമേളത്തോടുകൂടിയ കൈയടിയും പാട്ടും... എന്തുകൊണ്ടും എല്ലാം വളരെയധികം ഇഷ്ടപ്പെടുകയും പ്രതീക്ഷകൾ ഉളവാക്കുകയും ചെയ്തു.

എല്ലാ ഞായറാഴ്ചകളിലും വെള്ളിയാഴ്ചകളിലും മുടങ്ങാതെ പള്ളിയിൽ പോകാനും തുടങ്ങി. മതം മാറിയതിന് ബന്ധുക്കളിൽനിന്നും ഊരുവാസികളിലും ചെറിയ എതിർപ്പുകളും പുച്ഛവും കളിയാക്കലുമൊക്കെ ഉണ്ടായെങ്കിലും കാര്യമാക്കിയില്ല. ദൈവവചനങ്ങളും ബൈബിളും പഠിക്കാൻ തുടങ്ങി. സഭാധ്യക്ഷന്റെ പ്രസംഗവും പ്രബോധനവും ഓരോ ദിവസവും ആവേശം പകർന്നുകൊണ്ടിരുന്നു.

ദിവസങ്ങൾ കഴിയുന്തോറും ധൈര്യവും ആത്മബലവും ലഭിച്ചുകൊണ്ടിരുന്നു. പുതിയൊരു ലോകത്തെത്തിയ അനുഭൂതി. പള്ളിപിരിഞ്ഞശേഷം സഭാഅധ്യക്ഷനുമായി ദൈവകാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും പഠിക്കുന്നതും ആവേശമായിരുന്നു. സ്വയം ചിന്തിച്ചു; ഹോ, രക്ഷപ്പെട്ടു! ദൈവസന്നിധിയിലെത്തിയിരിക്കുന്നു. നേരത്തേ ക്രിസ്തുമതത്തിൽ ചേർന്നാൽ മതിയായിരുന്നു! കഴിഞ്ഞകാല വിശ്വാസങ്ങളും ആചാരങ്ങളും ഓർത്തു കുറ്റബോധം തോന്നി.

സഭാധ്യക്ഷനോടു പല സംശയങ്ങളും ചോദിക്കുകയും തൃപ്തികരമായ മറുപടി ലഭിക്കുകയും ചെയ്തപ്പോൾ, ഞങ്ങൾ പരസ്പരം വളരെ അടുത്ത സുഹൃത്തുക്കളെപ്പോലെയായി. ഈ ബന്ധം ഒരിക്കലും അവസാനിക്കരുത് എന്ന് ആഗ്രഹിച്ചിരുന്നു.

ദിനരാത്രങ്ങൾ അതിവേഗം കടന്നുപോയിക്കൊണ്ടിരിക്കുന്നു. ബൈബിൾ മിനക്കെട്ടിരുന്നു ശ്രദ്ധാപൂർവം ഗ്രഹിക്കുമ്പോൾ ചില സംശയങ്ങൾ ഉള്ളിൽ ഉടക്കിത്തുടങ്ങി. സാരമില്ല, ഏത് സംശയങ്ങളും തീർത്തുതരാൻ ആളുണ്ടല്ലോ! പതിവുപോലെ ആരാധന കഴിഞ്ഞു ഒത്തുകൂടി; ചില സംശയങ്ങൾ ചോദിച്ചു തുടങ്ങി.

ചോ: 'ദൈവം ഉണ്ടെന്ന് എനിക്ക് വിശ്വാസമായി. ദൈവം എവിടെയാണു നിലകൊള്ളുന്നത്?'

ഉ: 'ആകാശഗോളങ്ങൾക്കപ്പുറം സ്വർഗലോകത്ത്.'

ചോ: 'ആരുടെ രൂപമാണ് (സാദൃശ്യമാണ്) ദൈവത്തിന്?'

ഉ: 'മനുഷ്യന്റെ (പുരുഷന്റെ) രൂപം.'

ചോ: 'മനുഷ്യൻ എങ്ങനെ ഉണ്ടായി?'

ഉ: 'കളിമണ്ണുകൊണ്ട് ആദം എന്ന പുരുഷനെ ആദ്യം ദൈവം സൃഷ്ടിച്ചു. എന്നിട്ട് ദൈവത്തിന്റെ ജീവശ്വാസം ഊതിയപ്പോൾ ജീവനുള്ള ദേഹിയായിത്തീർന്നു. ആദം ഉറങ്ങുമ്പോൾ ഒരു വാരിയെല്ല് എടുത്ത് ഹവ്വാ എന്ന സ്ത്രീയെ സൃഷ്ടിച്ചു. ജീവശ്വാസം ഊതി. ജീവനുള്ള ദേഹിയായിത്തീർന്നു, ഇണയായി.'

ചോ: 'അവർക്ക് മക്കൾ ഉണ്ടായോ?'

ഉ: 'ഉണ്ടായി; രണ്ട് ആൺമക്കൾ.'

ചോ: 'അവർക്കുശേഷം എത്ര മക്കളുണ്ടായി?'

ഉ: 'അത് ബൈബിൾ നോക്കിയിട്ടു പറയാം.'

ചോ: 'പിതാവും മാതാവും രണ്ട് ആൺമക്കളും. പിന്നെ സന്താനപരമ്പര എങ്ങനെ ഉണ്ടായി?'

ഉ: 'ഒരു ദൈവിശ്വാസിക്കു പറ്റിയ ചോദ്യങ്ങളല്ല സഹോദരന്റേത്. ബൈബിൾ പഠിക്കാൻ ശ്രമിക്കൂ. എല്ലാം തനിയെ ബോധ്യപ്പെടും.'

അൽപം ജാള്യത തോന്നിയതുകൊണ്ട് പിന്നെ

ഒന്നും ചോദിക്കാതെ അന്ന് പിരിഞ്ഞു. തുടർന്നു ബൈബിൾ സ്വയം വായിച്ചുപഠിക്കാൻ തുടങ്ങി. അതോടൊപ്പം സംശയങ്ങൾ വളരാനും തുടങ്ങി. ഓരോ ആഴ്ചയിലും മനസ്സുകുളിർക്കെ കേൾക്കുന്ന പ്രഭാഷണ പ്രബോധനങ്ങളും ബൈബിൾ ചരിത്രങ്ങളും രണ്ടു ദിശകളിലേക്കു തിരിയുന്നതുപോലെ ഒരു തോന്നൽ. എന്തായാലും വേണ്ടില്ല; ഈ ആഴ്ച മനസ്സിൽ സംശയം തോന്നി രേഖപ്പെടുത്തിയ എല്ലാ കാര്യങ്ങൾക്കും വിശദീകരണം തേടണമെന്നു തന്നെ തീരുമാനിച്ചു. പതിവുപോലെ ഒത്തുകൂടി. സംശയങ്ങൾ ചോദിച്ചു തുടങ്ങി.

ചോ: 'പാസ്റ്ററേ, ദൈവം ഏകനാണെന്നു പറയുന്നുവല്ലോ. എന്നാൽ ചില പള്ളികളുടെ മുകളിലും പള്ളിക്കകത്തും ചില സ്ത്രീ-പുരുഷ പ്രതിമകളും രൂപങ്ങളും പ്രതിഷ്ഠിച്ച് അതിന്റെ മുമ്പിൽ മെഴുകുതിരിയും നിലവിളക്കുമൊക്കെ കത്തിച്ചുവച്ച് വിശ്വാസികൾ തൊഴുകൈകളുമായി കണ്ണീർ തൂവിയും നെഞ്ചിൽ കൈവച്ചുമൊക്കെ പ്രാർഥിക്കുന്നതും ഓരോ ആവശ്യങ്ങളും ആവലാതികളും പറയുന്നതും ഇതിനോടകം പലയിടത്തും ഞാൻ കണ്ടല്ലോ! ഇവിടെ പാസ്റ്റർ എനിക്കു പറഞ്ഞുതന്നതും എല്ലാവരോടുമായി സ്ഥിരപ്പെടുത്തുന്നതുമായ ദൈവമായ ഏകകർത്താവിന് ലഭിക്കേണ്ട അംഗീകാരവും പ്രാർഥനയും മറ്റുപലരിലേക്കുമാണല്ലോ പോകുന്നത്!'

ഉ: 'ക്രിസ്തുമതത്തിൽപെട്ട ശപിക്കപ്പെട്ടവരാണവർ. ക്രിസ്തുമതം പല സഭകളായി പിരിഞ്ഞു.'

ചോ: 'ക്രിസ്തുമതം എത്രയായി വിഭജിച്ചു?'

ഉ: 'കത്തോലിക്കാസഭ, യാക്കോബായസഭ, സുറിയാനിസഭ, സി.എം.എസ് സഭ, പെന്തക്കോസ്ത് സഭ, ഇങ്ങനെ പലതുമായി.'

ചോ: 'ദൈവമായ യേശുക്രിസ്തുവിന്റെ നിയോഗലക്ഷ്യവും മനുഷ്യന്റെ മേലുള്ള ദൗത്യവും എന്താണ്?'

ഉ: 'ലോകത്തുള്ള സർവമനുഷ്യരും പാപികളായിട്ടാണ് ജനിച്ചുമരിക്കുന്നത്. പരിശുദ്ധമായ സ്വർഗരാജ്യത്ത് പാപികൾക്കു പ്രവേശനമില്ല. സർവമനുഷ്യരുടെയും പാപം പരിഹരിക്കുന്നതിനുവേണ്ടി യേശു രക്തംചിന്തി മരിക്കുകയും പിന്നീട് ദൈവമായിത്തന്നെ പുനർജനിക്കുകയും ചെയ്തു. യേശുവിന്റെ രക്തത്താൽ സർവമനുഷ്യരും പാപമോചിതരായി.'

ഉത്തരം തൃപ്തികരമായി തോന്നി. മനുഷ്യരായ നമ്മൾ ഓരോരുത്തരെയും സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നതിനുവേണ്ടി ദൈവം രക്തംചിന്തി കുരിശിൽ മരണപ്പെട്ടു. തലയിൽ മുൾക്കിരീടം അണിയിക്കപ്പെട്ട് മരക്കുരിശിൽ കൈകാലുകളിൽ ഇരുമ്പാണി അടിച്ചിറക്കപ്പെട്ട രംഗം മനഃക്കണ്ണാടിയിൽ കാണുമ്പോൾ ഹൃദയമുള്ള ഏതു മനുഷ്യരാണ് ദുഃഖിക്കാതിരിക്കുക?

ചോ: 'യേശുവിന്റെ മാതാപിതാക്കൾ ആരെല്ലാമാണ്?'

ഉ: 'മാതാവ് മറിയം, പിതാവ് ഔസേപ്പ് (യൗസേപ്പ്). യഥാർഥ പിതാവല്ല; യേശു ജനിച്ചശേഷം രക്ഷിച്ചു വളർത്തിയ ആളാണ്.

ചോ: 'യഥാർഥ പിതാവ് ആരാണ്?'

ഉ: 'ദൈവം.'

ചോ: 'ങേ...?'

ഉ: 'മറിയത്തിന്റെ ഭർത്താവ് ദൈവമാണ് എന്നല്ല ഇപ്പറഞ്ഞിതനർഥം. ദൈവത്തിന്റെ കൃപയാൽ പരിശുദ്ധാത്മാവിനാൽ യേശു ജനിച്ചു. യേശു ദൈവപുത്രനാണ്. യേശുവിൽ കൂടിയല്ലാതെ ആരും സ്വർഗരാജ്യത്തു കടക്കുകയില്ല.'

ചോ: 'യേശുവിന് വേറെ സഹോദരങ്ങൾ ഉണ്ടോ?'

ഉ: 'രണ്ടു സഹോദരങ്ങൾ യൗസേപ്പ് പിതാവിൽ നിന്നും പിന്നീട് ഉണ്ടായിട്ടുണ്ട്.'

ചോ: 'അവർ എവിടെ?'

ഉ: 'അതേക്കുറിച്ചറിയില്ല.'

ചോ: 'എന്റെ ഇഷ്ട ദൈവമായിരുന്ന പരമശിവന് മൂന്നു മക്കളുണ്ട്; അയ്യപ്പൻ, ഗണപതി, മുരുകൻ. ഇതുപോലെ അല്ലേ?'

അന്നത്തെ സംഭാഷണം അവസാനിച്ചു. ഭക്ഷണവും കഴിച്ച് സന്തോഷമായി പിരിഞ്ഞു.

ബൈബിൾ നന്നായി വായിക്കുക, പഠിക്കുക എന്ന നിർബന്ധാവസ്ഥയിലേക്ക് എത്തിപ്പെട്ടിരിക്കുന്നു. യേശു കാണിച്ചിട്ടുള്ള അത്ഭുതപ്രവൃത്തികളും യേശുവിന്റെ സ്നേഹവും കാരുണ്യവും ദയയും എല്ലാംകൂടി മനസ്സിലാക്കി കഴിഞ്ഞപ്പോൾ, മനസ്സും ഹൃദയവും വീണ്ടും ബലപ്പെട്ടു. എല്ലാം യേശുവിൽ സമർപ്പിച്ചുകൊണ്ട് യേശുവിന്റെയും മാതാവ് മറിയത്തിന്റെയും പലരൂപത്തിലുള്ള ഫോട്ടോകൾകൊണ്ട് വീട് അലങ്കരിക്കപ്പെട്ടു. ഒരു യുദ്ധത്തിൽ വിജയിച്ച ആത്മസംതൃപ്തിയുമായി തുടർന്നു.

ദിവസങ്ങൾ കഴിഞ്ഞുകൊണ്ടേയിരുന്നു. യേശുവിലൂടെയുള്ള ജൈത്രയാത്ര മുന്നേറിക്കൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് ഒരു ദിവസം ഇടിവെട്ടേറ്റതുപോലെ, എല്ലാ പ്രതീക്ഷകളെയും വിശ്വാസത്തെയും തകിടംമറിച്ചുകൊണ്ട് വിശ്വസിച്ചുവന്ന വിശുദ്ധഗ്രന്ഥമായ ബൈബിളിലെ ചില വചനങ്ങൾ എന്റെ ശ്രദ്ധയിൽ പെട്ടു. അതോടെ ഞാൻ ആശങ്കയിലായി. ഇതെന്തു കഥ? ഇത് വാസ്തവമാണെങ്കിൽ യഥാർഥത്തിൽ യേശു ആരാണ്?

**(തുടരും)**

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com

ജാലകം

# നീതിയുടെ പക്ഷം

ഭരണകൂട അനീതികൾ ഏറിവരുന്ന കാലമാണിത്. മതമൂല്യങ്ങളെ തള്ളിക്കളയുന്നവരും മതത്തിന്റെ പേരുപറഞ്ഞ് വർഗത്തിന്റെ മേൽക്കോയ്മ ലക്ഷ്യമിടുന്നവരും പ്രജകൾക്കു നീതിനൽകണം എന്ന് ചിന്തിക്കാൻ കഴിയാത്തവരാണ്. ജനാധിപത്യത്തിന്റെയും മതധർമത്തിന്റെയും ടിക്കറ്റിൽ ഭരണസ്ഥാനങ്ങളിലെത്തുന്നവരും അവരവരുടെ കക്ഷിതാൽപര്യത്തിന്നപ്പുറം എല്ലാ മനുഷ്യർക്കും നീതിലഭിക്കണം എന്ന് ചിന്തിക്കുന്നവരായി നന്നെക്കുറച്ചേ കാണപ്പെടുന്നുള്ളൂ.

നല്ല മാതൃകകൾക്കു പിശുക്കുകാണിക്കുന്ന കാലത്താണ് നാം ജീവിക്കുന്നത്. കലവറയില്ലാത്ത നീതിയുടെ ചരിത്രപാഠം വായിക്കുന്നത് മാനവികമൂല്യങ്ങളെ ആദരിക്കുന്ന ഏതൊരാൾക്കും നല്ലതാണ്. നബിﷺക്കു ശേഷം ഇസ്‌ലാമിക ഭരണമാതൃക പുനരുജ്ജീവിപ്പിച്ച ഭരണകർത്താക്കളിൽ ഒരാളാണ് ഉമറുബ്നു അബ്ദിൽ അസീസ്. ഭരണമേറ്റെടുത്ത ശേഷം ആദ്യമായി അദ്ദേഹം ഇങ്ങനെ ഒരു പ്രഖ്യാപനം നടത്തി:

"എനിക്കു മുമ്പത്തെ ഭരണത്തിന്നു കീഴിൽ രാജ്യത്ത് അനീതിക്കു വിധേയരായ ആരെങ്കിലുമുണ്ടെങ്കിൽ വിവരം പറയുക. പരിഹരിച്ചു തരുന്നതാണ്." ഇതുകേട്ട് സിറിയൻ പട്ടണമായ ഹിംസിൽ ജീവിക്കുന്ന മുസ്‌ലിമല്ലാത്ത ഒരു മനുഷ്യൻ ഖലീഫയുടെ സന്നിധിയിൽ വന്നു പരാതിപ്പെട്ടു: 'മുൻഖലീഫയായിരുന്ന വലീദ്ബ്നു അബ്ദുൽ മലിക് എന്റെ കുറച്ചു ഭൂമി തന്റെ മകൻ അബ്ബാസിന് രേഖാമൂലം പതിച്ചുകൊടുത്തിട്ടുണ്ട്. അതിന്റെ യഥാർഥ അവകാശി ഞാനാണ്." ഉമറുബ്നു അബ്ദുൽ അസീസിന്റെ ആ സദസ്സിൽ അബ്ബാസുമുണ്ടായിരുന്നു. 'ഇപ്പറഞ്ഞത് ശരിയാണോ അബ്ബാസ്?' അദ്ദേഹം പറഞ്ഞു: 'അല്ല. ആ ഭൂമി എനിക്ക് എന്റെ പിതാവ് ഖലീഫാ വലീദ് രേഖാമൂലം തന്നതാണ്. ഭൂമിയുടെ രേഖ കൈവശമുണ്ട്.' ഉമറുബ്നു അബ്ദുൽ അസീസ് പറഞ്ഞു: 'ഖലീഫ വലീദിന്റെ രേഖയല്ല, അല്ലാഹുവിന്റെ രേഖയാണ് വലിയത്. ആ ഭൂമി അയാൾക്കു വിട്ടുകൊടുക്കുക!' അബ്ബാസ് ആ ഭൂമി അവിശ്വാസിയായ ഹിംസുകാരന്ന് തിരികെ നൽകി.

കുടുംബവും ജാതിയും സ്ഥാനമാനങ്ങളും നോക്കാത്ത യഥാർഥ നീതിയാണിത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പു കഴിഞ്ഞ് ഒട്ടേറെപേർ ഭരണമേറ്റെടുത്ത് ഭരിക്കാൻ തുടങ്ങുന്ന ഈ നാളുകളിൽ നീതിയുടെ ഇത്തരം പാഠങ്ങൾ ആരും മറന്നുപോകരുത്. ഭരണപരമായ ആനുകൂല്യങ്ങൾ സമൂഹത്തിന്റെ ഏറ്റവും താഴെ തട്ടിലേക്ക് എത്തിക്കേണ്ട സ്ഥാപനമാണ് തദ്ദേശ സ്വയംഭരണ മേഖല. പലതരം പെൻഷനുകൾ, സുരക്ഷാപദ്ധതികൾ തുടങ്ങി ജനസേവനപരമായ കാര്യങ്ങൾ നടപ്പാക്കുന്നുണ്ട്. സുഭിക്ഷമായി ജീവിക്കാൻ വകയുള്ളവർ പോലും 'ഞമ്മന്റെ ആൾ' എന്ന ആനുകൂല്യത്തിൽ ഇവ നേടിയെടുക്കുമ്പോൾ യഥാർഥ അവകാശി അവഗണിക്കപ്പെടുന്നു. മണ്ണിടിച്ചിലും വെള്ളപ്പൊക്ക ദുരിത നിവാരണവും മറയാക്കി, കടലാസുപണികൾ ഒപ്പിച്ചെടുത്ത് 'ഞമ്മന്റെ വീടും പറമ്പും' സുരക്ഷിതമാക്കുമ്പോൾ പൊതുജനം അവഗണിക്കപ്പെടുന്നുണ്ട്. ഇത്തരം താൽപര്യസേവകരെ താഴെയിറക്കി പൊതു നന്മക്കു പരിഗണന നൽകുന്ന ഭരണമാണ് ജനങ്ങൾക്കാവശ്യം.

നീതിയുടെ പാഠം ഇസ്‌ലാമിനോളം മറ്റൊരു പ്രത്യയശാസ്ത്രവും പഠിപ്പിച്ചുകാണുന്നില്ല. തരപ്പെടുന്നത് വെട്ടിവിഴുങ്ങാൻ വേണ്ടി ഭരണത്തിൽ ചാടിക്കയറുന്നവർക്ക് ഇസ്‌ലാം തീവ്രതയും പഴഞ്ചനുമായത് അത് നീതിക്കു പരിഗണന നൽകുന്നു എന്നതുകൊണ്ടാണ്. ക്വുർആനിന്റെ നീതി പ്രഖ്യാപനം ഇങ്ങനെ വായിക്കാം: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന്ന് വേണ്ടി നിലകൊള്ളുന്നവരും നീതിക്ക് സാക്ഷ്യം വഹിക്കുന്നവരുമായിരിക്കുക. ഒരു ജനതയോടുള്ള അമർഷം നീതി പാലിക്കാതിരിക്കാൻ നിങ്ങൾക്ക് പ്രേരകമാകരുത്. നിങ്ങൾ നീതി പാലിക്കുക. അതാണ് ധർമനിഷ്ഠയോട് ഏറ്റവും അടുത്തത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ചെല്ലാം അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു" (ക്വുർആൻ 5:8).

മതമുള്ളവർക്കും അല്ലാത്തവർക്കും അനുകരിക്കാവുന്ന ഒട്ടേറെ സാരോപദേശങ്ങളുണ്ട് ഈ വചനത്തിൽ. ജാതി, വർഗ, വർണ ഭിന്നതകൾക്കതീതമായി നീതിയെ വാഴ്ത്തുന്ന മതമാണ് ഇസ്‌ലാം. ഭരണ രംഗത്തായവട്ടെ, മത-സാമൂഹ്യ മേഖലകളിലാകട്ടെ സങ്കുചിത കക്ഷിചിന്ത താൻ നിലകൊള്ളുന്ന പ്രത്യയശാസ്ത്രത്തിന്റെ ബലഹീനതയാണ് വെളിപ്പെടുത്തുന്നത്. നീതിയുടെ കണ്ണടവച്ചു സമൂഹത്തെ നോക്കിക്കാണാൻ കഴിയുന്നവർക്കേ സമൂഹത്തിൽ നിലനിൽപ്പുള്ളൂ; അംഗീകാരമുള്ളൂ. നീതിപൂർവകമായി ആർക്കും ഒരാനുകൂല്യവും ചെയ്തു കൊടുക്കാൻ കഴിയില്ലെങ്കിലും, അന്യായമായി ഭരണത്തെയും അധികാരത്തെയും ഉപയോഗിക്കാതിരിക്കലാണ് സംസ്കാരം.

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?





peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 JANUARY 16

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM BOOKS
**PUBLISHING || DISTRIBUTION**
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 9207525244

## പുതിയ പുസ്തകങ്ങൾ

| | | |
|---|---|---|
| 1. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി | ₹ 180 |
| 2. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ | ₹ 40 |
| 3. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി | ₹ 150 |
| 4. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി | ₹ 100 |
| 5. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി | ₹ 60 |
| 6. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ | ₹ 65 |
| 7. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി | ₹ 75 |
| 8. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് | ₹ 50 |
| 9. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി | ₹ 100 |
| 10. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി | ₹ 200 |
| 11. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി | ₹ 250 |
| 12. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി | ₹ 170 |